നിയമനിർമ്മാണകാര്യം

(1) 1986-ലെ കേരള മൽസ്യത്തൊഴിലാളി ക്ഷേമസംഘം (ഭേദഗതി) ബിൽ

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : സർ, 1986-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമസംഘം (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് നിയമനിർമ്മാണം നടത്തുന്നതിനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. എ. എൽ. ജേക്കബ് : ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഞാൻ അതിനെ പിൻതാങ്ങുന്നു.

ശ്രീ എ. എൽ. ജേക്കബ് : സർ, 1986-ലെ കേരള മൽസ്യത്തൊഴിലാളി ക്ഷേമസംഘം ആക്ടിനു ഒരു ഭേദഗതി ബില്ലാണ് ഇത്. ഈ ആക്ടിൽ 15-ാം വകുപ്പു പ്രകാരം ഫിഷറീസ് ഓഫീസർ ക്ഷേമസംഘം കമ്മിറ്റിയുടെ സെക്രട്ടറിയാണ്. ഓരോ മൽസ്യബന്ധന ഗ്രാമത്തിലും സർക്കാർ നിയമിക്കുന്ന ഒരു ഉദ്യോഗസ്ഥനാണ് ഫിഷറീസ് ഓഫീസർ എന്നു ആക്ടിൽ 2 (ഡി) വകുപ്പ് നിർവ്വചിച്ചിരിക്കുന്നു. ഈ ഓഫീസറെ സ്ഥലം മാറ്റാനുള്ള അധികാരം സെക്ഷൻ 15 (4) അനുസരിച്ച് സർക്കാരിൽ നിക്ഷിപ്തമാണ്. നമ്മുടെ സംസ്ഥാനത്തെ മൽസ്യബന്ധന മേഖലയുടെ സംയോജിത വികസനത്തിനായി മൽസ്യഫെഡ്ഡ് രൂപീകരണത്തോടുകൂടി ക്ഷേമസംഘങ്ങളും അതിന്റെ കീഴ്ഘടകങ്ങളായി. അതുകൊണ്ട് ക്ഷേമസംഘം കമ്മിറ്റിയുടെ സെക്രട്ടറികൂടിയായ ഫിഷറീസ് ഓഫീസറുടെ നിയന്ത്രണം മുഴുവൻ മൽസ്യഫെഡ്ഡിനു കൈമാറണം ചെയ്യേണ്ടിവന്നു. ഫിഷറീസ് ഓഫീസർ എന്ന നിലയിൽ ആക്ട് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും മുഴുവൻ മൽസ്യഫെഡ്ഡിന്റെ പരിധിയിൽ വരുകയുണ്ടായി. കാര്യക്ഷമമായ പ്രവർത്തനത്തിന് ഈ മാറ്റം അത്യാവശ്യമാണ്. അതുകൊണ്ടാണ് ഈ ഭേദഗതികൾ കൊണ്ടുവന്നത്. ഈ ആക്ടിന്റെ കീഴിൽ ഫിഷറീസ് ഓഫീസറുടെ അധികാരങ്ങളും കർത്തവ്യങ്ങളും നടത്തുന്നതിന് ഓരോ മൽസ്യബന്ധന കോർപ്പറേഷനും, മൽസ്യഫെഡ്ഡ് നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥനാണെന്ന അർത്ഥത്തിൽ മാറുന്നു. ഇതിനു ആവശ്യമായ ഭേദഗതികളാണ് സെക്ഷൻ 15 (4)-ഉം സെക്ഷൻ 32-ഉം.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : Sir, I move that "This House resolves to disapprove the Kerala Fisheren Welfare Societies (Amendment) Ordidance, 1986 (Ordinance No. 51 of 1986)".

സർ, ഓർഡിനൻസുകൾ തുടർച്ചയായി ഇങ്ങനെ പുറപ്പെടുവിക്കുന്നതിനെതിരെ ഇന്നലെയും മിനിഞ്ഞാന്നുമൊക്കെ പറഞ്ഞതുകൊണ്ട് ഞാൻ ആ കാര്യങ്ങളൊന്നും ആവർത്തിക്കുന്നില്ല. ഈ ഓർഡിനൻസ് നിരാകരിക്കണമെന്ന് ആവശ്യപ്പെടാൻ ഇടയായ കാര്യങ്ങളെ സംബന്ധിച്ചും ഞാൻ ഒന്നും പറയുന്നില്ല. വളരെകുറച്ചുകാര്യങ്ങൾ മാത്രമേ ഞാൻ പറയുന്നുള്ളൂ. വളരെ ചെറിയ ലിമിറ്റഡ് ആംബിറ്റിനകത്തു നിൽക്കുന്ന ഒരു ഭേദഗതി ബില്ലാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ആ ബില്ലിനെപ്പറ്റി വളരെ വലുതായിട്ടൊന്നും പറയാനില്ല. ഈ ഓർഡിനൻസും അമെൻഡിംഗ് ഓർഡിനൻസും ബിൽസും അമെൻഡുമെന്റുബില്ലും ഒക്കെ വന്നിട്ടും ആരെയാണോ ഇതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ഉദ്ധരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് പറയുന്നത്, ആ വിഭാഗം കൂടുതൽ കൂടുതൽ ബുദ്ധിമുട്ടുകളിലേക്കും പ്രയാസങ്ങളിലേക്കും പ്രതിസന്ധിയിലേക്കും പൊയ്ക്കൊണ്ടിരിക്കുകയാണ്. ഒരു കാലത്തു കേരളത്തിൽ വളരെയധികം വളർന്നുകൊണ്ടിരുന്ന അപൂർവം സംരംഭങ്ങളിൽ ഒന്നാണ് മൽസ്യബന്ധനം. ടൂറിസവും മൽസ്യബന്ധനവുമാണ് ഈയടുത്തകാലത്തു ഒന്ന് പച്ചപിടിക്കുമെന്ന് എല്ലാവരും വിചാരിച്ചിരുന്നത്. പക്ഷേ ആ രണ്ടിന്റേയും ഗതി കീഴോട്ടാണെന്നുള്ള ദു:ഖകരമായ വസ്തുത നമ്മളെ തുറിച്ച് നോക്കുകയാണ് പ്രത്യേകിച്ചും മൽസ്യബന്ധനം. മൽസ്യബന്ധനത്തിൽ പുതിയ ടെക്നോളജി വരാൻ തുടങ്ങി. ട്രോളിംഗ് വന്നു. വലിയ ബോട്ടുപയോഗിച്ചുകൊണ്ടുള്ള മൽസ്യബന്ധനം വന്നു. ചെറിയ ബോട്ടുകളിൽ ഔട്ട്ബോഡ് എഞ്ചിൻ വച്ചിട്ട് പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് കൂടുതൽ ഇംപ്രൂവ് ചെയ്ത ടെക്നോളജി അവതരിപ്പിക്കുന്നതിനുള്ള ഒരു ശ്രമം നടന്നു. അത് പത്തുരണ്ടായിരം ബോട്ടുകൾക്ക് ആദ്യഘട്ടത്തിൽതന്നെ കൊടുത്തു. ഇതൊക്കെയായിട്ടും മൽസ്യത്തൊഴിലാളികളുടെ സ്ഥിതി എന്താണ്? ആകെയുള്ള മൽസ്യത്തൊഴിലാളികളിൽ പരമ്പരാഗത മൽസ്യത്തൊഴിലാളികളാണ് 95 ശതമാനവും. അവരുടെ നില കീഴോട്ടാണെന്ന് മാത്രമല്ല അവരുടെ നിത്യജീവിതം തന്നെ വലിയ പ്രശ്നത്തിലാണ്. കാരണം മൽസ്യം കിട്ടുന്നില്ല. മൽസ്യം കിട്ടാത്തത് കടലിൽ ഇല്ലാത്തതുകൊണ്ടല്ല. മൽസ്യബന്ധനത്തിന് നമ്മൾ സ്വീകരിച്ചിരിക്കുന്ന മാർഗ്ഗങ്ങൾ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് ആ വ്യവസായത്തിൽ സ്ഥാനം ഇല്ലാതാക്കാൻ മാത്രം ഉപകരിക്കുന്ന ഒന്നായി മാറിപ്പോയിയെന്നുള്ളതാണ്. നമ്മുടെ കടൽത്തീരത്തുനിന്ന് അന്യസംസ്ഥാനങ്ങളിൽ നിന്നും ട്രോളും ബോട്ടും കൊണ്ടുവന്ന് മൽസ്യം പിടിക്കുന്നുവെന്ന് മാത്രമല്ല വിദൂരമായ തയ്വാനിൽ നിന്നുവരെയുള്ള വലിയ ട്രോളേഴ്സ് വന്നിട്ട് നമ്മുടെ മൽസ്യസമ്പത്ത് അവർ ചൂഷണം ചെയ്തുകൊണ്ടുപോവുകയാണ്. നമുക്കൊന്നും ചെയ്യാൻ കഴിയുന്നില്ല. പെഴ്സീൻവല ഉപയോഗിച്ചുകൊണ്ടുള്ള മെഷീൻ വേണോ വേണ്ടേ എന്നുള്ള തർക്കം, പുറംകടലിൽ സംഘട്ടനം, ഇതൊക്കെ നടക്കുകയാണ്. ഇതിന്റെ കൂട്ടത്തിൽ മൽസ്യത്തിന് വില കയറിയിട്ടുണ്ട്. മൽസ്യം കിട്ടാനുമില്ല. മൽസ്യത്തൊഴിലാളിയും കുഴപ്പത്തിലാണ്. ഇതാണ് സ്ഥിതി.

ഇതിനകത്ത് പ്രതീക്ഷയ്ക്ക് വക നൽകിയിരുന്ന ഒരു കാര്യം1980-ലെ മൽസ്യത്തൊഴിലാളി ഗ്രാമസംഘക്ഷേമബില്ലാണ്. 1980-ൽ പാസ്സാക്കിയതാണ്. ഗ്രാമസംഘങ്ങൾ ഉണ്ടാക്കാൻ വളരെ പുതുമയുള്ള വളരെ നവീനമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന സഹകരണാടിസ്ഥാനത്തിൽ പരമ്പരാഗത മൽസ്യവ്യവസായത്തെയാകെ പുന:സംഘടിപ്പിക്കാൻ ചെയ്തിട്ടുള്ള ഒരു നല്ല ലെജിസ്ലേഷനായിരുന്നു. ആ ലെജിസ്ലേഷൻ പൂർണ്ണമായും നടപ്പിലാക്കുന്നതിന് മുമ്പ് ആ ലെജിസ്ലേഷൻ കൊണ്ട് വന്ന സർക്കാർ പോയി. പിന്നെ വേറൊരു സർക്കാരാണ് വന്നത്. ആ സർക്കാർ വന്നതോടുകൂടി സമീപനം ആകെ മാറി. മാറിയിട്ട് എത്ര ലെജിസ്ലേഷൻ ആണ് ഉണ്ടായത്. ഇന്ന് അഞ്ചോ ആറോ ലെജിസ്ലേഷൻ മൽസ്യബന്ധനത്തെ സംബന്ധിച്ചുണ്ട്. ലെജിസ്ലേഷന്റെ എണ്ണം പെരുകി പെരുകി വന്നു. കോർപ്പറേഷൻ സൊസൈറ്റീസ് ആക്ട്, ഫിഷിങ്ങ് റഗുലേഷൻ, മറൈൻ ഫിഷിങ്ങ് റഗുലേഷൻ, ഇങ്ങനെ അഞ്ചോ ആറോ ആക്ടുകൾ നിലവിലുണ്ട്. ഇതൊന്നും കൊണ്ട് ഒരു പുണ്യവും കിട്ടിയിട്ടില്ല എന്നുമാത്രമല്ല പുതിയ സമീപനം സ്വീകരിച്ചിട്ട് പുന:സംഘടിപ്പിക്കുന്നതിനുവേണ്ടി നിയമം തന്നെ ഭേദഗതി ചെയ്യുകയും ചെയ്തതിന്റെ ഭാഗമായി വന്നത് എന്തായിരുന്നു? ഇതിന്റെ പ്രധാനമായ നീക്കം മൽസ്യവ്യവസായത്തിന്റെ വികസനത്തിനുവേണ്ടിയുള്ള ഒരു ഫണ്ട് രൂപീകരിക്കുന്നതിന് കഴിഞ്ഞകൊല്ലം

LIBRARY ARCHIVES Kerala Legislative Assembly

ഈ സഭ പാസ്സാക്കിയ നിയമമാണ് ഞങ്ങളിൽ പലരും അതിന്റെ സെലക്ട് കമ്മിറ്റിയിലൊക്കെയുണ്ടായിരുന്ന ആളുകളാണ്. ഇങ്ങനെയുള്ള തർക്കങ്ങളും ഉണ്ടായിരുന്നുവെങ്കിൽത്തന്നെയും ഒരു ശുഭപ്രതീക്ഷയ്ക്കു് അന്നു വകയുണ്ടായിരുന്നു. പക്ഷേ ആ ശുഭപ്രതീക്ഷയും ഇപ്പോൾ ഇല്ലാതായിരിക്കുകയാണ്. അതിൽ ഒന്നാമതായി ചെയ്തിരിക്കുന്നത് 1980-ലെ നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്ന 'തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ മൽസ്യസംഘങ്ങൾ ഉണ്ടാക്കുക' എന്നുള്ളതിൽ തെരഞ്ഞെടുപ്പ് എന്നുള്ളത് കളഞ്ഞിട്ട് നോമിനേഷൻ ആക്കിയ്താണ്. ആ നോമിനേഷൻ ഒരു ചെറിയ കാലയളവിലേക്കല്ല, നീണ്ട കാലയളവിലേക്കാണ്. നോമിനേഷനു് അഞ്ചുവർഷത്തെ കാലാവധിയാണുള്ളത്. ഇങ്ങനെയുള്ള അല്പം കുറെ ഗ്രാമസംഘങ്ങൾ ഉണ്ടാക്കി വച്ചിട്ടുമുണ്ട്. അതിൽ അവരവർക്കു് വേണ്ട ആളുകളെയൊക്കെ കുത്തി നിറച്ച് പലപ്പോഴും മൽസ്യബന്ധനവുമായി നേരിട്ട് യാതൊരു ബന്ധവുമില്ലാത്ത ആളുകളേയും ഇത്തരം ഒരു പ്രവർത്തനത്തിൽ ഏർപ്പെടാൻ യോഗ്യതയില്ലായെന്നു പറഞ്ഞു പലരും വിശ്വസിക്കുന്നവരുമായ ആളുകളെ കൂട്ടിച്ചേർത്താണ് ഇത്തരം സംഘങ്ങൾ ഉണ്ടാക്കിയിരിക്കുന്നത്. ഇങ്ങനെ പോയാൽ ഇത് അഴിമതിയുടെ കൂത്തരങ്ങായി മാറുമെന്നു് വളരെ ചുരുങ്ങിയ കാലം കൊണ്ടുതന്നെ തെളിയിക്കത്തക്കവിധം കുറെ ഗ്രാമസംഘങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഈ വെൽഫെയർ ഫണ്ട് ആക്ട് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയോ സ്കീം ഫൈനലൈസ് ചെയ്യുകയോ, നടപ്പാക്കുകയോ ചെയ്യാൻ സാധിച്ചിട്ടില്ല. ഞാൻ മനസ്സിലാക്കിയിടത്തോളം തിരുവനന്തപുരത്തെ തീരപ്രദേശത്തെ ആളുകാർ ഈ ഫണ്ടിലേക്കുള്ള സ്വന്തമായ വിഹിതം കൊടുക്കാൻ കാത്തിരിക്കുകയാണ്. എന്നാൽ വാങ്ങിക്കാൻ ഏർപ്പാടില്ല. പൂന്തുറ എന്നു പറയുന്ന തിരുവനന്തപുരം സിറ്റിക്കടുത്തുള്ള ഏറ്റവും പ്രധാനപ്പെട്ട മൽസ്യബന്ധന കേന്ദ്രത്തിൽ 12 പേരിൽ നിന്നാണ് ആകെ വീതാംശം സ്വീകരിക്കാൻ കഴിഞ്ഞത്. ആയിരക്കണക്കിനു് ആളുകാർ കൊടുക്കാൻ തയ്യാറായി ഇരുപ്പുണ്ട് പോയി വാങ്ങാൻ സംവിധാനമില്ല.

ശ്രീ. എ. വി. താമരാക്ഷൻ : സർ, മൽസ്യത്തൊഴിലാളി വെൽഫെയർ ഫണ്ട് നടപ്പിലാക്കണമെങ്കിൽ ഈ ആക്ട് അനുസരിച്ചുള്ള ഗ്രാമസംഘങ്ങൾ മുഴുവൻ നിലവിൽ വരണം. ഇന്നു് 15 ഗ്രാമസംഘങ്ങൾ മാത്രമേ കാര്യമായിട്ട് പ്രവർത്തിക്കുന്നുള്ളു. അഞ്ചെണ്ണം എറണാകുളത്തും അഞ്ചെണ്ണം കണ്ണൂരും അഞ്ചെണ്ണം തിരുവനന്തപുരത്തുമാണ്. എല്ലാ ഗ്രാമസംഘങ്ങളും പ്രവർത്തിക്കണമെങ്കിൽ ഗവൺമെന്റ് തന്നെ പറയുന്നത് 1990 ആകുമെന്നാണ്. അങ്ങനെയാണെങ്കിൽ വെൽഫെയർ ഫണ്ട് എന്നുള്ളത് വെറും പ്രചരണം മാത്രമല്ലേ ?

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : സർ, ഞാനും അതുതന്നെയാണ് പറയുന്നത്. വാസ്തവത്തിൽ ഇത് കടലാസ്സിൽമാത്രം ശേഷിക്കാൻ പോകുന്ന ഒരു പദ്ധതിയായിരിക്കുകയാണ്. ഒരു കൊല്ലത്തിനകം ചെയ്യാമായിരുന്ന നിരവധി കാര്യങ്ങളിൽ ഒന്നുപോലും ചെയ്യാതിരിക്കുകയും ചെയ്യുന്ന ഒരു സമീപനമാണ് ഇക്കാര്യത്തിൽ എടുക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട കാര്യം ഈ ഫണ്ട് കളക്ട് ചെയ്യൽ തുടങ്ങിയിട്ടില്ലെങ്കിൽ ആ കാശ് നഷ്ടപ്പെട്ടുപോകുമെന്നതാണ്. തൊളിലാളി കൊടുക്കുന്ന കാശ് മാത്രമല്ല നഷ്ടം. എംപ്ലോയറിൽ നിന്നും വാങ്ങേണ്ട കാശും നഷ്ടമാണ്. ഇതെല്ലാം പിടിച്ചെടുക്കാമെന്ന് വിചാരിച്ചാൽ പോലും പ്രായോഗികമായിട്ട് എന്തെല്ലാം പ്രയാസങ്ങൾ ഉണ്ടാകും. വിലപ്പെട്ട മാസങ്ങളും വർഷങ്ങളുമാണ് പോയിക്കഴിഞ്ഞിരിക്കുന്നത്. ബഹുമാനപ്പെട്ട എ. വി. താമരാക്ഷൻ പറഞ്ഞതുപോലെ 1990-ലെ ആകൂ എന്നുണ്ടെങ്കിൽ ആറേഴുകൊല്ലം പോകും. അതിനിടയ്ക്ക് വ്യവസായത്തിൽ പുതിയ പ്രശ്നങ്ങൾ വരും. പഴയ പ്രശ്നങ്ങൾ ഇല്ലാതാകും. കുടിശ്ശിക

LIBRARY ARCHIVES Kerala Legislative Assembly

കൂടുതലാകും. ഈ വ്യവസായത്തിൽ യന്ത്രവൽക്കരണം വലിയതോതിൽ വരുന്നതുമൂലം പരമ്പരാഗത മൽസ്യത്തൊഴിലാളികൾ മുഴുവൻ ഫിസിക്കലായിട്ട് ലികിഡേറ്റ് ചെയ്തുപോകും. അതാണ് ഇതുമൂലമുണ്ടാകുന്ന ഒരു കാര്യം. രണ്ടാമത്, ഇവിടെ പറഞ്ഞതുപോലെ പത്തുപതിനഞ്ചു സംഘങ്ങൾ മാത്രമേ പ്രവർത്തിക്കുന്നുള്ളു. ബാക്കിയെല്ലാം കടലാസിൽ മാത്രമേ പ്രവർത്തിക്കുന്നുള്ളുവെങ്കിലും അതിനാൽ ആകുന്ന എല്ലാ പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട്. കടലാസിൽ മാത്രമിരിക്കുന്ന സംഘങ്ങളാണെങ്കിൽപ്പോലും അവർ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിൽ, തലവേദനയുണ്ടാക്കുന്ന കാര്യത്തിൽ ആരുടേയും പിന്നിലല്ല. കുരുന്നിലേതന്നെ അഴിമതിയെക്കുറിച്ച് വളരെ വളരെ പരാതികൾ ഉണ്ട്. നൂറുകൂട്ടം പരാതികളാണ്. ഇപ്പോൾ ഡെവലപ്പുമെന്റ് ഫണ്ടിന്റെ തലപ്പത്തിരിക്കുന്ന ഒരാളിന്റെ ഏർപ്പാടിൽ ഒരു നാടകം നടത്തുന്നുണ്ട്. തൊഴിലാളിക്ക് തൊഴിൽ ചെയ്യുന്നതിനുള്ള സൗകര്യമില്ലെങ്കിലും നാടകം ഭംഗിയായി നടക്കുന്നുണ്ട് "വ്യാസപുരാണം" എന്നാണ് അതിന്റെ പേര്. വ്യാസപുരാണത്തിന്റെ റോ 4000 രൂപയെന്നാണ് ഞാൻ കേട്ടത്.

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, നാടകം അവതരിപ്പിക്കുന്നതിൽ 2000 രൂപ ചാർജ്. 2000 രൂപ ചെലവ്. മൽസ്യഫെഡിന്റെ ഒരു വാഹനം ഫ്രീയായിട്ട് വിട്ടുകൊടുത്തിട്ടുണ്ട്. അതിനെല്ലാം ഉപരിയായി ഇത് പരിശോധിക്കുന്നതിന് ആളുകൾ ഇല്ല എന്നും നൂറ് നാടകം ഒരുമിച്ച് അവതരിപ്പിക്കുന്നതിന് അഞ്ച് ലക്ഷം രൂപ അഡ്വാൻസ് കൊടുക്കണമെന്നും ആവശ്യപ്പെട്ടിട്ടുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : അതിനെക്കുറിച്ചെല്ലാം ഞാൻ പറയുന്നില്ല. അതൊക്കെ പറഞ്ഞ് ഞാനെന്റെ വായ് ചീത്തയാക്കുന്നില്ല. നൂറായിരം പരാതികളുണ്ട് പറയാൻ. വ്യാസപുരാണം എന്ന നാടകത്തെക്കുറിച്ച് പറഞ്ഞു. അതിനുവേണ്ടി നാലായിരം രൂപയും പിന്നെ വാഹനവും കൊടുത്തിട്ടുണ്ട്. അതേ സമയം മൽസ്യത്തൊഴിലാളികൾക്ക് കൊടുത്തു എന്ന് അവകാശപ്പെടുന്ന പന്ത്രണ്ട് ബസ്സുകളിൽ ഇപ്പോൾ ഒൻപതെണ്ണമേയുള്ളു, മൂന്നെണ്ണം കാണാനില്ല. അതെവിടെപ്പോയിയെന്ന് അറിയില്ല. തൊഴിലാളികൾക്ക് അപകടമുണ്ടാകുകയോ, ബോട്ടോ, വള്ളമോ നഷ്ടപ്പെടുകയോ ചെയ്താൽ കോമ്പൻസേഷൻ കൊടുക്കുന്നതുതന്നെ വെറും ഇരുന്നൂററിയൻപത് രൂപയാണ്. ഇരുന്നൂററിയൻപത് രൂപ കിട്ടണമെങ്കിൽത്തന്നെ മാസക്കണക്കിന് പുറകെ നടക്കണം. ബാക്കി കൊടുക്കുവാനുള്ള ഏർപ്പാടായിട്ടില്ലെന്നാണ് പറയുന്നത്. അങ്ങനെ തൊഴിലാളികൾക്ക് ഇതിൽനിന്ന് പ്രതീക്ഷിക്കാവുന്നതൊന്നും കിട്ടാതിരിക്കുകയും 1990 വരെ ഈ വിഹിതം പിരിച്ചെടുക്കാതിരിക്കുകയും ഫണ്ട് സ്വരൂപിക്കുവാൻ കഴിയാതിരിക്കുകയും വമ്പിച്ച പ്രശ്നങ്ങൾ വരുമ്പോൾ അതിനെ നേരിടാൻ കഴിയാതിരിക്കുകയുമൊക്കെ ചെയ്യുന്നു. അങ്ങനെ ക്രൈസിസിൽ നിന്ന് ക്രൈസിസിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾത്തന്നെ വളരെ വിലപിടിപ്പുള്ള കയറുമതി ഇനമായ ചെമ്മീൻ കിട്ടാതെ വന്നിരിക്കുന്നു. പഴ്സീൻവലയുടെ ആക്രമണകാരണംകൊണ്ട് ചെമ്മീനിന്റെ വംശനാശംതന്നെ ഉണ്ടാകാൻ പോകുന്നുവെന്നാണ് ചിലർ പറയുന്നത്. കുറെ കഴിയുമ്പോൾ ഇതിന്റെ കടലിൽ കാണാൻ തന്നെ കിട്ടാത്ത സ്ഥിതി വരും. അങ്ങനെ ഫിഷിംഗ് രംഗത്ത് വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഈ മാറ്റങ്ങൾ നേരിടുന്നതിനുള്ള വേഗതയിൽ അടിയന്തിര സ്വഭാവം മനസ്സിലാക്കി മുന്നോട്ട് നീങ്ങുന്നതിനുപകരം, ഇഴഞ്ഞിഴഞ്ഞ് കാര്യങ്ങൾ പോലും മനസ്സിലാക്കാൻ കഴിയാത്ത നിലയിൽ ആണ് ഈ ഡിപ്പാർട്ടുമെന്റും ഗവൺമെന്റും പോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാര്യത്തിൽ മാത്രമേ ഇവർക്ക് ജാഗ്രതയുള്ളു. കറപ്ഷനെ സംബന്ധിച്ച പരാതികളുണ്ടാക്കുന്നതിലും കറപ്ഷൻ കാണിക്കുന്നതിലുമാണ് അവർക്ക് താല്പര്യമുള്ളത്. അങ്ങനെ ഈ പ്രസ്ഥാനത്തിനുതന്നെ വളരെയധികം വിശ്വാസരാഹിത്യമുണ്ടാക്കുന്നതിനിടയാക്കുന്ന എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്. അഞ്ചുകൊല്ലം എന്തിനാണ് നോമിനേറ്റഡ് എടുക്കാൻ ആവശ്യം? അന്ന് ഇതിന് ചില സാങ്കേതികമായ കാരണങ്ങളാണ് പറഞ്ഞത്; മെമ്പർഷിപ്പിന്റെ ലിസ്റ്റ് തയ്യാറാക്കാൻ താമസിച്ചുപോയി എന്നാണ് അന്ന് പറഞ്ഞത്. അങ്ങനെ പറഞ്ഞിട്ട് ഇപ്പോഴും ഒന്നരക്കൊല്ലമായി ഇതിനിടയ്ക്ക് കാപ്പിറായിട്ടുള്ള ലിസ്റ്റ് തയ്യാറാക്കാൻ കഴിയുമായിരുന്നു. ഇലക്ഷൻ നടത്തി, ഇലക്ടഡ് ബോഡീസിനെ ഇത് ഏൽപ്പിക്കുമായിരുന്നു. എന്തുകൊണ്ട് അത് ചെയ്തില്ല? അതിനുള്ള ഉത്തരം ഇനിയും കിട്ടിയിട്ടില്ല. മൽസ്യഫെഡ്ഡിനെ ഏൽപ്പിക്കുമെന്നാണ് ഇപ്പോഴും പറയുന്നത്. ഇതിന്റെയെല്ലാം അപ്പക്സ് ബോഡിയായിട്ടാണല്ലോ ഇപ്പോഴും ഒരു നോമിനേറ്റ് ചെയ്ത ബോഡി എടുത്തിരിക്കുന്നത്. എന്നും നോമിനേറ്റഡ് ബോഡി ഇരിക്കാൻ പോകുന്നില്ലല്ലോ. ഇലക്ടഡ് ബോഡി വരുന്ന സമയത്ത്, അതിൽ മുഴുവൻ നിയന്ത്രണങ്ങളും വന്നുകഴിഞ്ഞാൽ ഇന്ന് കുരുന്നിലെ കാണുന്ന പ്രവണതകളും വളർന്നുവരാതിരിക്കണമെങ്കിൽ വലിയൊരു ശുദ്ധീകരണമുണ്ടാകണം. അതിന് തയ്യാറാകുമോ?

ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാർ കാട്ടിക്കൂട്ടിയ പല വിക്രീയകളും നമുക്കറിയാം. മുത്തുവളർത്തൽ കേന്ദ്രമുണ്ടാക്കിയത്; ശംഖുവളർത്തൽ സഹകരണസംഘത്തിന് നേതൃത്വം കൊടുത്തത്, ഇതുപോലെ പല കാര്യങ്ങളും നമ്മുടെ അനുഭവത്തിലുണ്ട്. അങ്ങനെയുള്ള ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥൻമാർ ആ വകുപ്പിൽ ഇരുന്നുകൊണ്ട് ഈ സംഘങ്ങളിലെ സെക്രട്ടറിമാരായി പ്രവർത്തിക്കുന്നതിനെക്കാളും ഭേദമാകണം. സാധാരണഗതിയിൽ സർക്കാരിന്. താൽപ്പര്യമുണ്ടെങ്കിൽ കേന്ദ്ര മൽസ്യ അപ്പക്സ് ബോഡിയുടെ ജീവനക്കാരായി വരാവുന്നതാണ്. ഇന്ന് പ്രവർത്തിക്കുന്ന രീതിയിൽ നോക്കുകയാണെങ്കിൽ ഗുണമായിരിക്കുകയില്ല, പ്രായോഗിക പ്രവർത്തനത്തിൽ ദോഷമായിരിക്കും ഉണ്ടാവുകയെന്നാണ് എനിക്ക് തോന്നുന്നത്. ഏതായാലും ഇതിനൊരു മാറ്റം വരുന്നത് സ്വാഗതാർഹമാണ്. അത് ചെയ്യണം. അതിനെല്ലാം ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ടുവരുന്നത് വളരെ ലജ്ജാവഹമായ സ്ഥിതി ഭാവിയിലെങ്കിലും ഒഴിവാക്കാൻ കഴിയണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, ശ്രീ. കെ. വി. സുരേന്ദ്രനാഥ് അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും കൂടുതൽ ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുള്ള ബില്ലുകളിൽ ഒന്നാണിത്. ഏറ്റവും കൂടുതൽ കഷ്ടത അനുഭവിക്കുന്ന തൊഴിലാളികളിൽ ഒരു വിഭാഗമാണ് മൽസ്യത്തൊഴിലാളികളെന്നുള്ള വസ്തുത ഞാൻ പറയാതെ തന്നെ വകുപ്പുമന്ത്രിക്ക് അറിയാവുന്നതാണ്, അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് ലക്ഷ്യം വച്ചുകൊണ്ടാണ് ഈ സർക്കാർ പ്രവർത്തിക്കുന്നതെങ്കിൽ വളരെ നേരത്തെ തന്നെ പുതിയ ഭാവത്തിലും രൂപത്തിലും ഒരുപാട് ക്ഷേമപ്രവർത്തനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഒരു ബിൽ അവതരിപ്പിക്കേണ്ടതായിരുന്നു.

ഇവിടെ മുത്തുവളർത്തൽ കേന്ദ്രങ്ങളെക്കുറിച്ച് സന്ദർഭവശാൽ പറയുകയുണ്ടായി. വിഴിഞ്ഞം കേന്ദ്രമായി ഒരു മുത്തുവളർത്തൽ കേന്ദ്രമുണ്ടായിരുന്നു. അത് ഇന്ന് പ്രവർത്തിക്കുന്നില്ല. വളരെയധികം നഷ്ടത്തിലെത്തിയതിന്റെ സാഹചര്യത്തിലാണ് അത് നിറുത്തലാക്കാൻ തീരുമാനിച്ചതെന്ന് പറയുകയു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടായി. കൃത്രിമ മുത്തുൽപ്പാദന രംഗത്ത് വിദേശരാജ്യങ്ങളിൽ വച്ച് ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുള്ളത് ജപ്പാനാണ്. അവിടത്തെ മൽസ്യ തൊഴിലാളികളുടെ മക്കളിൽ പതിനഞ്ചുവയസ്സുമുതൽ ഇരുപതു വയസ്സുവരെയുള്ളവരിൽ അൻപതുശതമാനത്തോളം കുട്ടികളും വിദ്യാഭ്യാസം ചെയ്യുന്നതിനോടൊപ്പം തന്നെ ഒരു വരുമാനമാർഗ്ഗമായി ഈ കേന്ദ്രത്തിൽ പണിയെടുത്തു കൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഇത് തുടങ്ങിവച്ചത്, നഷ്ടമാണെന്ന് പറഞ്ഞ് ഇപ്പോഴും അതൊരു ആത്മഹത്യാപരമായ പ്രവർത്തനമായി അതിനെ വിശേഷിപ്പിക്കാതിരിക്കാൻ നിർവ്വാഹമില്ല. ഇന്ന് ആ പരിപാടി പൂർണ്ണമായും നിറുത്തിയിരിക്കുന്നു. ഇത്തരത്തിൽ ആണ് മൽസ്യത്തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനവുമായി മുന്നോട്ടു പോകുന്നതെങ്കിൽ, അവരെ ഒരു കരയിൽ കൊണ്ടെത്തിക്കുമെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല.

ഇന്ന് അവർക്കുള്ള ഫണ്ടിന്റെ സ്ഥിതി പരിശോധിച്ച് നോക്കേണ്ടതാണ്. പുതുതായി വള്ളം, വല, ബോട്ട് എന്നിവ വാങ്ങുന്നതിനുള്ള ഫണ്ടിൽ ഒറ്റ പൈസപോലുമില്ല. അത് മുഴുവൻ തീർന്നിരിക്കുകയാണ്. മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുമ്പോഴും ആർക്കെങ്കിലും ആപത്തു സംഭവിച്ചാൽ അവരുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നതിന് ഫണ്ടിൽ ഒരു പൈസപോലുമില്ല. ഏറ്റവും ഒടുവിൽ ചില സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്ന് നൂറു കോടി രൂപ ഫണ്ട് അനുവദിച്ചിട്ടുണ്ട്. അതിനെ തീർക്കുന്നതിനുവേണ്ടിയുള്ള ഒരു പരിപാടി നടക്കുകയാണ്. എന്റെ അന്വേഷണത്തിൽ നിന്ന് മനസ്സിലാക്കുന്നത്, 'വ്യാസപുരാണം' എന്നു പറയുന്ന നാടകം അവതരിപ്പിച്ചു തുടങ്ങിയിരിക്കുന്നുവെന്നാണ്. അതിന്റെ പ്രത്യേകതകൾ എന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രിയെങ്കിലും പറയണം. ഇതിന്റെ പിന്നിൽ ഭയങ്കര അഴിമതിയുണ്ട്. അതിന്റെ ഉത്തരവാദി മന്ത്രിയാണെന്നോ അല്ലെങ്കിൽ ഏതെങ്കിലുമൊരാളാണെന്നോ വ്യക്തിപരമായി പരാമർശിക്കുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല. ഒരുപക്ഷേ ബഹുമാനപ്പെട്ട മന്ത്രി അറിയാതെ ആയിരിക്കും. ഇന്ന് ഉദ്യോഗസ്ഥമേധാവിത്വം കൊടികുത്തിവാഴുന്ന സന്ദർഭമാണ്. അതിന്റെ ഭോഗമായിട്ടായിരിക്കണം ഈ 'വ്യാസപുരാണ'ത്തിന്റെ അവതരണവും മുന്നോട്ടുള്ള പോക്കും. ഞാൻ മനസ്സിലാക്കുന്നത് മൽസ്യത്തൊഴിലാളികളുമായി യാതൊരു ബന്ധവുമില്ലാത്ത നാടകമാണിതെന്നാണ്. മൽസ്യത്തൊഴിലാളികളുടെ ജീവിതത്തെ പുരോഗതിയിലേക്ക് നയിക്കുന്നതിനുള്ള എന്തെങ്കിലുമൊരു കഥാതന്തു അതിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിൽ നമുക്ക് മനസ്സിലാക്കാമായിരുന്നു. ഏതെങ്കിലും ഒരു കാലത്ത് സർക്കാർ അംഗീകരിച്ച ഒരു നാടകമായിരുന്നെങ്കിൽ അതിന്റെ ഉദ്ദേശശുദ്ധിയെ നമുക്ക് പോദ്യം ചേയ്യേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. ആ കഥയുടെ അവതരണത്തിൽ മൽസ്യഫെഡ് മൽസ്യത്തൊഴിലാളികൾക്ക് ലോൺ കൊടുക്കുന്ന പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നുവെന്ന ഒരു വാചകമൊഴിച്ച്, മൽസ്യത്തൊഴിലാളികളുമായി ബന്ധപ്പെടുന്ന ഒരു കണ്ണി എന്നുള്ളതൊഴിച്ച് അവരുടെ ജീവിതവുമായി യാതൊരു ബന്ധവുമില്ലാത്ത നാടകമാണിത്.

സർ, ഇങ്ങനെ ഒരു നാടകം അവതരിപ്പിച്ചുകഴിഞ്ഞാൽ അതിന്റെ പ്രതിഫലത്തുക രണ്ടായിരം രൂപയാണ്. അതിന്റെ ലോഡ്ജിംഗ് സൗകര്യത്തിനും മറ്റു സൗകര്യങ്ങൾക്കുംവേണ്ടി രണ്ടായിരം രൂപ, മൽസ്യഫെഡ്ഡിന്റെ ആവശ്യങ്ങൾക്കുവേണ്ടി ഓടാൻ ഒരു വാഹനം ഫ്രീയായിട്ട് കൊടുക്കണം. അതിനെല്ലാമുപരി ഒടുവിൽ അവർ ഒരു നിവേദനം നടത്തിയിരിക്കുകയാണ്. അതിനുവേണ്ടി സ്വന്തമായി ഒരു വാഹനവും സ്റ്റേജിൽ അവതരിപ്പിക്കുന്നതിനുള്ള കർട്ടനും മറ്റും സമ്പാദിക്കുന്നതിനുമായി മൂന്നു ലക്ഷം രൂപയുടെ ലോണിന് അപേക്ഷിച്ചിരിക്കുന്നു. വടക്കൻ ജില്ലകളിൽ അത്

LIBRARY ARCHIVES Kerala Legislative Assembly

അവതരിപ്പിക്കാൻവേണ്ടി അഞ്ചു ലക്ഷം രൂപ അവർക്ക് അഡ്വാൻസായി കൊടുക്കണം. ഇതിന് നിരുത്തരവാദപരമായി ആര് കാരണക്കാരായോ അവരുടെ പേരിൽ നടപടിയെടുക്കുന്നതിന് നമ്മുടെ ആദരണീയനായ ജേക്കബ് ചേട്ടനോട് ഞാൻ ആവശ്യപ്പെടുകയാണ്. ആരാണ് ഉത്തരവാദി എന്നുള്ളത് കൃാബിനറ് തീരുമാനിച്ചതനുസരിച്ച്, ഈ നാടകം നടത്തി അവരുടെ ജീവിത നിലവാരം ഉയർത്തുവാനും അവരെ സമ്പൽസമൃദ്ധമാക്കാനും ആണെങ്കിൽ അതിന്റെ ഓരോ പ്രതികരം ഞങ്ങൾക്കുകൂടിതന്നു അതിൽ എന്താണ് പറഞ്ഞിരിക്കുന്നതെന്ന് മനസ്സാക്കുവാനും അതുമൂലം ഞങ്ങൾക്കുകൂടി അവരുടെ ജീവിത നിലവാരം ഉയർത്തുവാൻ വേണ്ട ഉപദേശങ്ങൾ കൊടുക്കുവാനുമുള്ള സന്ദർഭം ഉണ്ടാക്കിത്തരണം. ഈ രീതിയിൽ, ഈ ഡിപ്പാർട്ടുമെൻറിൽ, ഈ സമൂഹത്തിൽ അവർ അനുഭവിക്കുന്ന യാതനകളെക്കുറിച്ച് ദുഃഖങ്ങളെക്കുറിച്ച് ഒരു നിമിഷം ആലോചിക്കുകയാണെങ്കിൽ അവരുടെ കണ്ണീരിൽ കുതിർന്ന കഥ മനസ്സിലാകും. ആകാശത്തുനിന്നും മേഘം ഉരുണ്ടുകൂടിയാൽ മതി അവിടെയുള്ള അമ്മമാർ അവരുടെ മക്കളെ എവിടെ കിടത്തും, പഠിക്കുന്ന കുട്ടികളുണ്ടെങ്കിൽ അവരുടെ പുസ്തകങ്ങൾ എവിടെ ഒളിച്ചുവയ്ക്കും. എന്നുള്ള ആവേശത്തോടുകൂടി അവിടെ ഓടി നടക്കുന്നതായിരിക്കും നമുക്ക് കാണുവാൻ സാധിക്കുന്നത്. കാറ് ഒന്നടിച്ചാൽമതി അവരുടെ കൂരകൾ പറന്നുപോകും. ഇത്രയും ദുഃസ്ഥിതിയുള്ള വേദനാപൂർണ്ണമായ ജീവിതത്തിൽ കഴിയുന്ന ഈ പാവപ്പെട്ട ആളുകൾക്കു വേണ്ടി കൊടുക്കുന്ന തുക ഈ രീതിയിൽ ഒരു പിടി ആളുകൾക്കുവേണ്ടി, അവർക്ക് തോന്നുന്നതുപോലെ ജീവിക്കുന്നതിനുവേണ്ടി, അതിനെ കൊള്ളയടിക്കുന്നതിനുവേണ്ടി, യാതൊരു ഉത്തരവാദിത്വവുമില്ലാതെ വൗച്ചറുകൾ എഴുതിക്കൊടുത്ത് അനേക ലക്ഷം രൂപ ഒരുമിച്ച് എഴുതി വാങ്ങിക്കുന്നതിനുള്ള സന്ദർഭം ആരെങ്കിലും ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ ഇത് ഒരു കാരണവശാലും തൊഴിലാളികളുടെ നൻമയ്ക്ക് വേണ്ടിയുള്ളതല്ല. ഇതിനെ കുഴിച്ചുമൂടുന്നതിന്, വേണമെങ്കിൽ ഇതിന്റെ തലപ്പത്തിരിക്കുന്നവർക്ക് ഇതിൽ പെളി വാരിയെറിയുന്നതിന്, ഉള്ള സാഹചര്യവും സന്ദർഭവും. ഉണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ നേരത്തെ മുത്തുവളർത്തൽ കേന്ദ്രങ്ങളുടെ പ്രശ്നത്തെക്കുറിച്ച് പറഞ്ഞു. ജപ്പാനിലെ അൻപതു ശതമാനം മൽസ്യത്തൊഴിലാളികളുടെ മക്കളും ആ രംഗത്ത് നിന്നാണ് പ്രവർത്തിച്ച്. അവരുടെ ജീവിത വരുമാനം ഉണ്ടാക്കുന്നത്. ആ തരത്തിൽ ഒരു പരിപാടി കേരളത്തിലെ നല്ല ഒരു വിഭാഗങ്ങൾക്കുവേണ്ടി രൂപീകരിക്കണം കേരളത്തിൽ നല്ല ഒരു വിഭാഗം തൊഴിലാളികളും മൽസ്യത്തൊഴിലാളികളാണ്. കടലിൽപ്പെന്ന് മൽസ്യം പിടിക്കുന്നത് സാധാരണ ആളുകൾക്ക് സാധിക്കുന്നതല്ല. കടലിലെ അലകളുമായി മല്ലടിച്ച് യുദ്ധം ചെയ്തു കരയിലുള്ള ആളുകൾക്ക് സുഭിക്ഷമായി ഭക്ഷണം കഴിക്കുന്നതിനുവേണ്ടി മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്ക് ഒരു ആശ്വാസകരമായ നടപടിയെന്ന നിലയിൽ തുടങ്ങി വച്ചതിനെ വ്യാപിപ്പിക്കുവാനുള്ള നടപടിയെങ്കിലും നടത്തേണ്ടതായിട്ടുണ്ട്. അതുപോലെയുള്ളതൊന്നുമില്ലാതെ, ഇവിടെ ഉദ്യോഗസ്ഥൻമാർക്ക് ഇന്നലെ ഉണ്ടായിരുന്നതെല്ലാം അപര്യാപ്തമാണെന്നുള്ള നിലയിൽ അധികാരങ്ങൾ കൊടുക്കുന്നതിനുവേണ്ടി—ഏതെങ്കിലും ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയല്ല—എണ്ണമറ്റ ഓർഡിനൻസുകൾ ഒന്നിനുപുറകെ മാറ്റാറാന്നായി കൊണ്ടുവരും. കഴിഞ്ഞ കാലഘട്ടത്തിലൊക്കെ ഈ രാജ്യത്തിന്റെ മുഖമായ മാറ്റിമറിക്കത്തക്കവണ്ണം ക്ഷേമപ്രവർത്തനങ്ങളുടെ ഒരു നിരയാണ് ഈ സഭാ നടപടികൾ നടന്നപ്പോഴൊക്കെ നിരത്തിവെച്ചത്

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറഞ്ഞാൽ, നല്ല കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി വ്യാപൃതരായിരുന്നപ്പോൾ ഇവിടെ നിയമനിർമ്മാണം താമസിച്ചുപോയി, ഓർഡിനൻസില്ലാതെ മറ്റു മാർഗ്ഗവും വേണ്ടിവന്നില്ല. ഇവിടെ അതുകൊണ്ട് എന്താണ് പ്രത്യേക നേട്ടം അവർ സാധിച്ചെടുത്തിട്ടുള്ളത് ? ഒന്നിനുപുറകെമറ്റൊന്നായി ഓർഡ നൻസുകൾ ഇറക്കിയതിന്റെ ഫലമായി യാതൊരു നേട്ടവും ഉണ്ടായിട്ടില്ല. ഇവിടെ എനിക്ക് മുമ്പ് പ്രസംഗിച്ച ശ്രീ. കെ. വി. സുരേന്ദ്രനാഥ് പറഞ്ഞു, ഒരു നിർമ്മാണ പ്രവർത്തനവും നടത്താതെ, ഒരു പ്രഹസനമാക്കി മാറ്റുന്ന നിയമനിർമ്മാണ നടപടികളിൽ വ്യാപൃതരായിരിക്കുക, ഇതിനെ ഓർഡിനൻസുമൂലം അപഹാസ്യമാക്കുക: അവർക്ക് എന്തെങ്കിലും ക്ഷേമപ്രവർത്തനങ്ങൾ ചെയ്യുന്നതിന് അനുവദിക്കുന്ന ഫണ്ട് ദുർവിനിയോഗം ചെയ്യുക, ഇതൊക്കെയാണ് നടക്കുന്നത് എന്ന്. അങ്ങനെ ബ്യൂറോക്രാറ്റിക് സെറ്റ്അപ്പിനെ മാറ്റി അതിനെ ജനകീയമാക്കുന്നതിന് ഇപ്പോഴത്തെ അതിന്റെ വകുപ്പുമന്ത്രിയെങ്കിലും ശ്രമിക്കണം. തെരഞ്ഞെടുപ്പ് നടത്തുന്നതിനും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിനും മറ്റ് ഏതെങ്കിലും മേഖലകളിൽ അഴിമതിയുണ്ടെന്ന് പറയുമെങ്കിലും ഒരു പരിധി വരെ അഴിമതി ഒഴിവാക്കാൻ സാധിക്കുന്നതാണ് സഹകരണ രംഗം. അവിടെ ചൂഷിതരും ചൂഷകരും ഇല്ലാത്ത ഒരു വേദിയായിട്ട് വേണമെങ്കിൽ അതിനെ കണക്കാക്കാം. ആ തരത്തിൽ അതിനെ പ്രവർത്തിച്ച് മുന്നോട്ടു കൊണ്ടുവരാൻ സാധിക്കുമെങ്കിൽ ആ നിലയിൽ കൊണ്ടുവരാനുള്ള നടപടികളുമായി മുന്നോട്ടുപോകണം. ഇതിനെ നിരാകരിക്കണമെന്നുള്ള പ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ ഇവിടെ നേരത്തെ സൂചിപ്പിച്ച നിരാകരിക്കണം എന്ന തരത്തിൽ ഒരു വിശാലമായ നിയമം കൊണ്ടുവരണം എന്നഭ്യർത്ഥിക്കുകയാണ്. അതുപോലെ ചില ഉദ്യോഗസ്ഥൻമാർക്ക് അനാവശ്യമായ അധികാരങ്ങൾ കൊടുക്കുന്നതിനുവേണ്ടിയുള്ളതല്ല ഈ നിയമം. അവരുടെ ക്ഷേമപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിക്കൊണ്ട് പോകത്തക്ക വിധമുള്ള സഹകരണ നിയമം കൊണ്ടുവരണം. അതിന് തക്ക നടപടികൾ എടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി. ജെ. തങ്കപ്പൻ : Sir, I move that the Kerala Fishermen Welfare Societies (Amendment) Bill, 1986 be circulated for eliciting public opinion till 30-11-1986. സർ, നമ്മുടെ സംസ്ഥാനത്തിന്റെ കടലോര പ്രദേശത്ത് പരമ്പരാഗതമായി മൽസ്യബന്ധനം നടത്തി ആ മൽസ്യം വിറ്റ് ഉപജീവനം കഴിക്കുന്ന ഒരു വിഭാഗം ആളുകളെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെ ഒരു ബില്ല് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ശ്രീ. പി. എസ്. ശ്രീനിവാസൻ കൊണ്ടുവന്ന് പാസ്സാക്കിയത്. എന്തിനുവേണ്ടിയാണോ ആ ബിൽ അവതരിപ്പിക്കുകയും പാസ്സാക്കുകയും ചെയ്തത് അതിന് നേരെ ഘടക വിരുദ്ധമായ പ്രവർത്തനങ്ങളാണ് കഴിഞ്ഞ നാലര വർഷങ്ങളായി ഈ ബില്ലിന്റെ മറവിൽ നടത്തിക്കൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ ജനവിഭാഗങ്ങളെ പ്രത്യേകം പ്രത്യേകമെടുത്ത് പരിശോധിച്ചാൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളെക്കാൾ ദയനീയമായ പരിതഃസ്ഥിതിയിൽ ജീവിക്കുന്നവരാണ് കടലോര പ്രദേശത്തെ ബഹുഭൂരിപക്ഷം വരുന്ന മൽസ്യതൊഴിലാളികളെന്ന് മനസ്സിലാകും. അവർക്ക് താമസിക്കുന്നതിന് വീടുകളില്ല. വൃത്തിഹീനമായ പരിതഃസ്ഥിതിയിലാണ് അവർ ജീവിക്കുന്നത്. ഇവയെല്ലാം കണക്കിലെടുത്തുകൊണ്ടാണ് മൽസ്യത്തൊഴിലാളികൾക്ക് പ്രത്യേകം, തൊഴിലിനെമാത്രം ആശ്രയിച്ച് ജീവിക്കുന്നവരുടെ സഹകരണ സംഘങ്ങൾ ഉണ്ടാക്കി അതിലുള്ള അംഗങ്ങളിൽനിന്ന് നാലു മുതൽ ഒൻപതു വരെയുള്ള ഭരണ സമിതിയെ തെരഞ്ഞെടുത്ത്, ആ തെരഞ്ഞെടുക്കപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആളിൽനിന്നും ഒരാളിനെ പ്രസിഡൻറായി തെരഞ്ഞെടുക്കുന്നത്. അതിൽ ഗവൺമെൻറിൻെറ മുതൽമുടക്കുന്നതുകൊണ്ട് രണ്ടു നോമിനേറഡ് മെമ്പർമാരെയും സർക്കാർ പ്രതിനിധികളെയും ചേർത്തുള്ള ഒരു ഭരണസമിതിയെ ഉപ്പു വെള്ളത്തിൻെറ ഗന്ധമുള്ള ഭരണസമിതി എന്നു പറയാം—തെരഞ്ഞെടുത്ത് ആവശ്യമുള്ള ഫണ്ട് ഗവൺമെൻറ് നൽകി മറ്റു സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും ആവശ്യമുള്ള പണം കടമെടുത്ത് മൽസ്യത്തൊഴിലാളികളുടെ സർവ്വതോമുഖമായ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനുവേണ്ടി ഉണ്ടാക്കപ്പെട്ടതാണ് മൽസ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള ഈ ബിൽ 1980-ൽ അത് പാസ്സാക്കി. അത് പാസ്സാക്കി കഴിഞ്ഞപ്പോൾ അത് പൂർണ്ണമായി നടപ്പാക്കാൻ കഴിയാതെ ആ ഗവൺമെൻറ് പോയി. ഗവൺമെൻറ് പോയത് രാഷ്ട്രീയ കാരണങ്ങൾകൊണ്ടാണ്. ആ ഗവൺമെൻറ് പോയതിനു ശേഷം ഈ ഗവൺമെൻറ് അധികാരത്തിൽ വന്നു. ആ ബില്ലിൽ കൊണ്ടു വന്നിരിക്കുന്ന ഭേദഗതി—അത് അപകടം പിടിച്ച ഭേദഗതിയൊന്നുമല്ല—അതിൻെറ അഡ്മിനിസ്ട്രേറീവ് കൺട്രോൾ ഗവൺമെൻറിൽനിന്ന് മാറി Kerala State Co-operative Federation for Fisheries Development-ന് കൊടുക്കണം. പക്ഷെ എങ്ങനെയാണ് ഈ സൊസൈറ്റികളിൽ ഭരണം നടത്തുന്നത്? സെക്ഷൻ 20 അനുസരിച്ച് ഏതു സ്ഥാപനത്തിൽനിന്നും വായ്പ എടുക്കാം. അതിനുള്ള അധികാരം ആ സൊസൈറ്റികൾക്കും നൽകിയിട്ടുണ്ട്. ഫിഷറീസ് ഡിപ്പാർട്ടുമെൻറുതന്നെ ഒരു നല്ല തുക ഈ വകുപ്പിലേക്കുവേണ്ടി മാറിവച്ചിട്ടുണ്ട്. അത് മുഴുവനും കൈകാര്യം ചെയ്യുന്നത് ആരാണ്? അതാണ് ചോദ്യം. അത് കൈകാര്യം ചെയ്യുന്ന എല്ലാ സഹകരണ സംഘങ്ങളിലും ഇന്ന് തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികൾക്കു പകരം നോമിനേറഡ് കമ്മിറ്റികളാണ്. നോമിനേറഡ് കമ്മിറ്റിയിൽ ചിലപ്പോൾ അത്യാവശ്യത്തിന് ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിൻെറയോ കേരളാ കോൺഗ്രസിൻെറയോ ശ്രീ. ദിനകരൻെറ പാർട്ടിയുടേയോ ആരെങ്കിലും മേമ്പൊടിയായി കണ്ടേക്കാം, ബാക്കിയെല്ലാം ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന കോൺഗ്രസ് പാർട്ടിയിലെ പ്രാദേശിക പ്രവർത്തകൻമാരാണ്. ഇവിടെ നേരത്തെ കങ്കാണി സമ്പ്രദായം നിലനിൽക്കുന്ന ഒരു പ്രദേശമാണെന്ന് പറഞ്ഞു. കങ്കാണി സമ്പ്രദായം പൂർണ്ണമായി നിലനിൽക്കുന്ന ഒരു മേഖലയാണ് മൽസ്യത്തൊഴിലാളി.. ....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇവിടെ കങ്കാണിമാരെക്കുറിച്ച് പറഞ്ഞു. ട്രേഡ് യൂണിയൻ നേതാക്കൻമാർ തൊഴിലാളികളെ വഞ്ചിക്കുന്ന കങ്കാണിമാരാണെന്ന അടിനവ കമ്മ്യൂണിസ്റ്റ് വിരുദ്ധനായ ശ്രീ. രാഘവൻെറ അഭിപ്രായത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, ഈ കങ്കാണിയെ സംബന്ധിച്ച് പറയുമ്പോൾ അതും ഒരു വാചകത്തിൽ മറുപടി പറഞ്ഞൊട്ടെ. സഖാവ് കോടിയേരി അതിനെ സംബന്ധിച്ച് കൂടുതൽ ഗവേഷണം നടത്തിയിട്ടില്ലെന്ന് തോന്നുന്നു. ഈ തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിൻെറ മുന്നോട്ടുള്ള പ്രയാണത്തിൽ ലോകചരിത്രം പരിശോധിച്ചാൽ അദ്ധ്വാനിക്കുന്നവൻെറ മുന്നോട്ടുള്ള പ്രയാണത്തിൽ, പുരോഗതിയിൽ അവൻെറകൂടെ നിൽക്കുന്ന നേതാക്കൻമാരെത്തന്നെ സാമ്രാജ്യത്വവും അവൻെറ തല്ലാളും ചാരൻമാരും വിലക്ക് എടുത്ത് അതേ തൊഴിലാളി വർഗ്ഗപ്രസ്ഥാനത്തിന് എതിരായി ഉപയോഗിച്ചിട്ടുള്ള സംഭവങ്ങൾ ചരിത്രത്തിൽ നിരവധിയുണ്ട്. അതിൽ ഒന്നാണ് ഈ പാവം എം. വി. രാഘവൻ അത് ഇതിലും വലിയ വാശിയോടുകൂടി ആയുധമേന്തിതന്നെ, അദ്ധ്വാനിക്കുന്നവൻെറ പ്രശ്നത്തിന് എതിരായി വന്നുകൂടെന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : സർ, ഈ വിലക്ക് എടുക്കുന്നത് കൂടാതെ ഇതിനകത്തുനിന്നുകൊണ്ടുതന്നെ ഈ സാമ്രാജ്യത്തിലെ മുതലാളിത്ത സംഘടനകളെ ചിലർ സ്വാധീനിച്ച് തൊഴിലാളികളെ ഇപ്പോഴും ദ്രോഹിക്കുന്നുണ്ടെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ ?

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, അങ്ങനെയുള്ള ചട്ടുകങ്ങൾ ഈ പ്രസ്ഥാനത്തിനകത്ത് ഉണ്ടാകുന്നതിന്റെ ഉദാഹരണമല്ലേ ശ്രീമാൻ രാഘവൻ.

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, ഈ സംസ്ഥാനത്ത് മാത്രമല്ല, ഇൻഡ്യാ രാജ്യത്ത് മാത്രമല്ല, ലോകത്തുള്ള കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ, തൊഴിലാളി വർഗ്ഗപ്രസ്ഥാനത്തിന്റെ പുരോഗതിയിൽ ഇതുപോലുള്ള ചട്ടുകങ്ങളെ സാമ്രാജ്യത്തിന്റെ മല്ലാളൻമാർക്ക് വിലക്ക് കിട്ടും. അതിലൊന്നാണ് ഇത്. ഇത് ഇനി ആയുധവുമായി ഈ പ്രസ്ഥാനത്തെ നേരിടാൻ വരുമോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

സർ, ഇവിടെ ഞാൻ നേരത്തെ പറഞ്ഞുവന്ന മൽസ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. ഈ നിയമസഭയ്ക്കകത്തുതന്നെ എത്രയോ തവണ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഫിഷറീസ് വകുപ്പുമന്ത്രിയോടും എല്ലാം ആവശ്യപ്പെട്ടിട്ടുണ്ട് സഹകരണ സംഘങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തണമെന്ന്. ഇത് പ്രാദേശിക കോൺഗ്രസ് പാർട്ടി..... .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഈ മൽസ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ ഡയറക്ടർ ബോർഡിൽ മൽസ്യത്തൊഴിലാളികൾ അല്ലാത്ത മൽസ്യത്തൊഴിലാളി കച്ചവടക്കാരെയും മൽസ്യത്തൊഴിലാളികളെ ചൂഷണം ചെയ്യുന്ന ഇടത്തട്ടുകാരെയും നോമിനികളായി നിശ്ചയിച്ചതാണ് 60 ശതമാനം ആളുകളും എന്ന വിവരം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, അതുകൊണ്ടാണ്, ഞാൻ പറഞ്ഞത് ഉപ്പുവെള്ളത്തിന്റെ ഗന്ധമുള്ള ആളുകളെ നോമിനേറ്റ് ചെയ്യേണ്ടയെന്ന്. അതും ഇല്ല. ഇവിടെ ആ പ്രദേശത്തുനിന്നുള്ള, കോൺഗ്രസ് പാർട്ടിയിൽ നിന്നുള്ള ആരെയെങ്കിലും പിടിച്ച് നാല് മുതൽ ഒൻപതുവരെയുള്ള അംഗങ്ങളെ നോമിനേറ്റ് ചെയ്യും. അങ്ങനെ നോമിനേറ്റ് ചെയ്യുന്നതും സഹിക്കാം. സെക്ഷൻ 19 അനുസരിച്ച് കിട്ടുന്ന കോടിക്കണക്കിന് ഉറുപ്പികയുണ്ട്. പേരൻറ് ആക്ടിലെ സെക്ഷൻ 20 അനുസരിച്ച് കോടിക്കണക്കിന് രൂപ വാ[illegible]പയെടുക്കാം, ഈ സഹകരണ സംഘങ്ങൾക്കെല്ലാംകൂടി. ഈ പണം കൈകാര്യം ചെയ്യുന്നതാരാണ് ? ഈ പണം കൈകാര്യം ചെയ്യുന്നത് ഈ മൽസ്യബന്ധനവുമായി ബന്ധമുള്ള മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന ആളുകളും വെറും കോൺഗ്രസ് പാർട്ടിയുടെ രാഷ്ട്രീയ സ്വാധീനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർക്കാരിന്റെ പണവും ഈ സൊസൈറ്റി സംഘങ്ങളുടെ പേരിൽ സാമ്പത്തിക കാര്യം സഹായം സ്ഥാപനങ്ങളിൽനിന്ന് കടമെടുക്കുന്ന പണവും കോൺഗ്രസ് പാർട്ടിയുടെ സ്വാധീനം ഈ മൽസ്യത്തൊഴിലാളി മേഖലയിൽ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയാണ് ഇപ്പോൾ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നത്. അതുപോലെ ഈ സഹകരണ സംഘങ്ങളുടെ കേന്ദ്ര നേതൃത്വംതന്നെ, അതായത് അപ്പെക്സ് സംഘം അതും നോമിനേറ്റഡ് ആണ്. അപ്പിടെയും തെരഞ്ഞെടുപ്പ് നടന്നിട്ടില്ല. അങ്ങനെ കോൺഗ്രസ് പാർട്ടിയുടെ നോമിനേറ്റഡ്

LIBRARY ARCHIVES Kerala Legislative Assembly

മെമ്പർമാർ ചേർന്ന പ്രാദേശിക സഹകരണ സംഘങ്ങളും അതിന്റെ അപ്പെക്സ് ബോഡിയായി മൽസ്യഫെഡിനു നേതൃത്വം കൊടുക്കുന്ന കോൺഗ്രസ് പാർട്ടിയുടെ, അങ്ങനെ കോൺഗ്രസ് പാർട്ടിക്കുവേണ്ടി സർക്കാരിന്റെ ബജനാവ് ചോർത്തിക്കൊണ്ട് പോകുന്ന ഒരു മാർഗ്ഗമായിട്ടാണ് ഈ നിയമത്തെ വ്യാഖ്യാനിക്കുകയും പ്രവർത്തനത്തിൽ കൊണ്ടുവരുകയും ചെയ്തിരിക്കുന്നത്. കഴിഞ്ഞ നാലര വർഷമായി ഇത് നടക്കുന്നു. ഇവിടെ ശ്രീ. എസ്. ആർ. തങ്കരാജ് പരാമർശിച്ച ഒരു നാടകമുണ്ട്. ആ നാടകത്തിന്റെ ഉള്ളടക്കം ഞാൻ ഇവിടെ പറയുന്നില്ല. ആ നാടകം പ്രദർശിപ്പിച്ച് മൽസ്യത്തൊഴിലാളികളെ ബോധവാൻമാരാക്കണമെന്നാണ്. മൽസ്യഫെഡിന്റെയും ഈ സഹകരണ സംഘങ്ങളുടേയും നേതാക്കൻമാർ ദല്ലാളൻമാരായി നിന്നുകൊണ്ട് ഇതുപോലുള്ള നാടക ട്രൂപ്പുമായി ബന്ധപ്പെട്ട് അവർ വഴിയും ഈ മൽസ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളുടെ പണം ചോർത്തിക്കൊണ്ടുപോകുന്നു. അതുകൊണ്ട് ഈ ഗവൺമെൻറിന് മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് എന്തെങ്കിലും ചെയ്യണമെന്ന് ആത്മാർത്ഥതയുണ്ടെങ്കിൽ അധികം താമസിയാതെ ഈ ക്ഷേമ സംഘങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തണം. അതിന് കഴിയുമോ ? തെരഞ്ഞെടുപ്പ് നടത്തിയാൽ ഇത് ഒരു കോൺഗ്രസ് പാർട്ടി ഓഫീസാക്കി മാറ്റി, പ്രാദേശിക അവാർഡ് കമ്മിറ്റിയാക്കി പ്രവർത്തിപ്പിക്കാൻ കഴിയുകയില്ല. ജനാധിപത്യം അസംഗിക്കുന്നവരാണ് അപ്പുറത്തിരിക്കുന്നതിൽ ബഹുഭൂരിപക്ഷവും. ഇന്നലെ ശ്രീമാൻ ടി. എസ്. ജോൺ പറഞ്ഞു. ഞങ്ങളെല്ലാം ജനാധിപത്യവാദികളാണെന്ന് കുറേക്കാലം കമ്മ്യൂണിസ്റ്റുകാർ ഭരിച്ചെന്ന്. അവർ ശ്വസിക്കുന്നതും, അവർ ഉച്ഛ്വസിക്കുന്നതും, അവർ കഴിക്കുന്നതും, അവർ പ്രവർത്തിക്കുന്നതും എല്ലാം ജനാധിപത്യത്തിനുവേണ്ടിയാണ്. പക്ഷേ, മൗലിക അവകാശങ്ങൾ സസ്പെൻറ് ചെയ്തപ്പോൾ അങ്ങനെ സസ്പെൻറ് ചെയ്തതും ജനാധിപത്യം എന്ന് പറഞ്ഞ് സിന്ദാബാദ് വിളിച്ചു. അത് വേറെ ഒരു കാര്യം.

ശ്രീ. പി. പി. തങ്കച്ചൻ : സർ, ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് തന്നെ എത്രയും ദീർഘസങ്കടത്തിനുമുമ്പ് പറഞ്ഞു ഉള്ളതിൽ ഭേദം ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ആണെന്ന്. ഈ കോൺഗ്രസും അതിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, ഞങ്ങളുടെ പ്രസിദ്ധീകരണങ്ങളിലൊന്നും അത് വന്നിട്ടില്ല. പിന്നെ ശ്രീ. പി. പി. തങ്കച്ചന്റെ ഏതെങ്കിലും പ്രസിദ്ധീകരണങ്ങളിൽ ആ അർത്ഥത്തിൽ വന്നിട്ടുണ്ടോയെന്ന് പരിശോധിക്കാം. കോൺടെക്സ്റ്റിൽനിന്ന് അടർത്തിയെടുത്ത് ഏതെങ്കിലും വാചകം പറഞ്ഞാൽ അതിന് അനുസൃതമായ ഒരു മറുപടി പറയാൻ എനിക്ക് കഴിയുകയില്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, ബഹുമാനപ്പെട്ട മെമ്പർ ഈ അടുത്ത കാലത്തായി ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിനെക്കണ്ട് സംസാരിച്ചിട്ടുണ്ടോ ? ഈ അടുത്ത കാലത്ത് അദ്ദേഹത്തിന്റെ അഭിപ്രായമൊക്കെ വളരെ മാറിയിട്ടുണ്ട്.

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ അഭിപ്രായം, എന്തായാലും ശ്രീ. രാമചന്ദ്രൻ മാസ്റ്റർക്ക് അനുകൂലമായി മാറുകയില്ലെന്ന് ഞാൻ ഉറപ്പിച്ചുപറയുന്നു.

ശ്രീ. സി. കെ. തങ്കപ്പൻ : സർ, ഈ അടുത്ത കാലത്ത് ബഹുമാന്യനായ ശ്രീ. രാമചന്ദ്രൻ മാസ്റ്റർ ശ്രീ. എം. പി. ഗംഗാധരൻ എന്ന ഒരാളെ അദ്ദേഹത്തിന്റെ അടുത്തേക്ക് പറഞ്ഞയച്ചതായിട്ട് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, അത് നേരത്തെ ഈ സഭയിൽ പറഞ്ഞതാണ്. പലരും സഖാവ് ഇ.എം.എസിനെ കാണാൻ പോയി; പോകുന്നതിന് ഓരോ ഉദ്ദേശങ്ങളുമുണ്ട്.

സർ, എനിക്ക് ആകെക്കൂടി പറയാനുള്ളത് ഈ മൽസ്യത്തൊഴിലാളി ക്ഷേമ സംഘങ്ങളെക്കുറിച്ചാണ്. അത് ജനങ്ങൾക്ക് പ്രയോജനപ്രദമായി നടത്തിയെടുക്കണമെങ്കിൽ അടിയന്തിരമായി തെരഞ്ഞെടുപ്പ് നടത്തിയേ പറ്റൂ. തെരഞ്ഞെടുപ്പ് നടത്താതെ ഗവൺമെൻറിന് ആവശ്യമുള്ള ചില പ്രത്യേക ആളുകളെ നോമിനേറ്റ് ചെയ്ത് ആ നോമിനേറ്റ് ചെയ്ത ആളുകളിൽ കൂടി നമ്മുടെ സമ്പത്തു മുഴുവൻ ഒഴുക്കിക്കൊണ്ടുപോയി മറ്റ് രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതിനോട് ഒരു കാരണവശാലും യോജിക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഈ കാര്യങ്ങളെ സംബന്ധിച്ചെല്ലാം വിശദമായി പരിശോധിക്കുന്നതിനും പഠിക്കുന്നതിനുംവേണ്ടി പൊതുജനാഭിപ്രായം ആരായണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ച് അവസാനിപ്പിക്കുന്നു.

ശ്രീ. കാനം രാജേന്ദ്രൻ : Sir, I move that the Kerala Fishermen Welfare Societies (Amendment) Bill, 1986 be referred to a Select Committee.

സർ, മൽസ്യത്തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി ഉണ്ടാക്കിയ ഒരു നിയമത്തിൽ ഇപ്പോഴ ഒരു അപ്പെക്സ് ബോഡി രൂപീകരിച്ച് കഴിഞ്ഞതിനുശേഷം ആ അപ്പെക്സ് ബോഡിയുടെ നിയന്ത്രണത്തിലായിരിക്കണം ഇതിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻമാർ എന്നുള്ള ഭേദഗതിയാണ് ഇപ്പോഴ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഈ ഭേദഗതി കൊണ്ടുവരുമ്പോഴും ഇതിനുമുമ്പ് മൽസ്യത്തൊഴിലാളി ക്ഷേമസംഘത്തെക്കുറിച്ച് ഇതിന്റെ ഒറിജിനൽ നിയമം ചർച്ച ചെയ്യുമ്പോഴും ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രശ്നങ്ങളെല്ലാം ഇപ്പോഴും അവശേഷിക്കുകയാണ്. കേരളത്തിലെ പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ സമഗ്രമായ പുരോഗതിയും വികസനവും ലക്ഷ്യമാക്കി ആ മേഖലയുടെ വികസനവും ലക്ഷ്യമാക്കി രൂപംകൊടുത്തിട്ടുള്ള മൽസ്യത്തൊഴിലാളി ക്ഷേമസംഘങ്ങളിൽ ഇപ്പോഴും തെരഞ്ഞെടുപ്പ് നടത്തുകയോ ആ തൊഴിലാളികളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരമുണ്ടാക്കുകയോ ചെയ്തിട്ടില്ല. 1974 മുതൽ എൻ. സി. ഡി. സി. യും അതുപോലുള്ള സ്ഥാപനങ്ങളും സഹകരണ മേഖലയിൽ മൽസ്യത്തൊഴിലാളികളുടെ പുരോഗതി ലക്ഷ്യമാക്കി വിവിധ പദ്ധതികൾക്ക് രൂപം കൊടുക്കുകയുണ്ടായി. അങ്ങനെ ഇൻഡ്യയിൽ മൊത്തമുള്ള 65 ശതമാനത്തോളം വരുന്ന പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ പുരോഗതി ലക്ഷ്യമാക്കി ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറ് കൊണ്ടുവന്ന മൽസ്യത്തൊഴിലാളി ക്ഷേമസംഘം എന്ന ആശയത്തെത്തന്നെ ഇപ്പോഴ നോമിനേറ്റ് ചെയ്ത സംഘങ്ങളാക്കി തൊഴിലാളികളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യമില്ലാതാക്കി മാറ്റിയിരിക്കുകയാണ്. നോമിനേറ്റ് ചെയ്ത മൽസ്യത്തൊഴിലാളി സംഘങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രിക്കുപോലും ആ സംഘങ്ങളിൽ പലതിലും ഡൈനിംഗ് ടേബിളിൽ വച്ചുമാത്രം .....

ശ്രീ. തച്ചടി പ്രഭാകരൻ : സർ, ഏതു കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും കേരളത്തിലുണ്ടാക്കണമെങ്കിൽ ഫസ്റ്റ് ബോർഡ് ഗവൺമെൻറ് നോമിനേറ്റ് ചെയ്യുകയും പിന്നീട് തെരഞ്ഞെടുക്കുകയും ചെയ്യുകയാണ് പതിവ്. ഓരോ സഹകരണ നിയമം ഇവിടെ ഉണ്ട്. വളരെ വർഷങ്ങളാ

LIBRARY ARCHIVES Kerala Legislative Assembly

യിട്ട് ഇരിക്കുന്ന ഒരു സഹകരണ നിയമമാണ് അത്. 1968-ൽ വന്ന നിയമമാണ്. അങ്ങനെ ഒരു സഹകരണ നിയമം ഇവിടെയിരിക്കുമ്പോഴും ആ നിയമത്തിനു വിരുദ്ധമായി ഗവൺമെന്റിനു ഒന്നും ചെയ്യാൻ സാധിക്കുകയില്ല. അത് ആക്ട് ആണ് അത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. കാനം രാജേന്ദ്രൻ : സർ, ആ നിയമത്തിൽ ആദ്യമേ നിയമം കൊണ്ടുവരുമ്പോഴും ആദ്യത്തെ ബോർഡ് നോമിനേറ്റ് ചെയ്യണമെന്നു പറഞ്ഞു കഴിഞ്ഞതിനുശേഷം വർഷങ്ങളും കഴിഞ്ഞു. നോമിനേറ്റ് ചെയ്യുന്ന ബോർഡിന്റെ കാലാവധി നീട്ടുന്നതിനു വേണ്ടിയുള്ള ഒരു ഭേദഗതി കഴിഞ്ഞ സഭയിൽ കൊണ്ടുവന്നു. അങ്ങനെ വീണ്ടും കാലാവധി നീട്ടിക്കൊടുത്തു. പഞ്ചായത്തു തെരഞ്ഞെടുപ്പിന്റെ കാലാവധി നീട്ടുന്നതു പോലെ നോമിനേറ്റ് ചെയ്യുന്ന ബോർഡിന്റെ കാലാവധിയും നീട്ടിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : സർ, ഈ സംഘങ്ങളിൽ തെരഞ്ഞെടുപ്പ് നടത്താമെന്നു സഭയിൽതന്നെ പലതവണ പ്രഖ്യാപിച്ചു. സമയപരിധിയും കഴിഞ്ഞിട്ടുണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കാനം രാജേന്ദ്രൻ : സർ, നമ്മുടെ മുഖ്യമന്ത്രിയുടെ പ്രസ്താവനയ്ക്കും സ്വന്തം സ്വാമിയുടെ പ്രസ്താവനയ്ക്കും ഒരു വിലയാണെന്നാണ് എന്റെ അഭിപ്രായം. അദ്ദേഹം പഞ്ചായത്തു തെരഞ്ഞെടുപ്പ് നടത്തുമെന്നു പറഞ്ഞതുപോലെ ഈ നിയമം കൊണ്ടുവരുന്ന സമയത്തു തന്നെ അതിന്റെ വോട്ടർപട്ടിക തയ്യാറാക്കാനും വോട്ടർ പട്ടിക തയ്യാറാക്കി തെരഞ്ഞെടുപ്പു നടത്താനുമുള്ള സംവിധാനം അന്നത്തെ ഗവൺമെന്റ് ചെയ്തിരുന്നു. അതിനുശേഷമാണ് ആ വോട്ടർപട്ടികയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിന് പകരം നോമിനേറ്റ് ചെയ്ത സംഘങ്ങളുണ്ടാക്കി ആപ്പെക്സ് ബോഡിയിൽ നോമിനേറ്റ് ചെയ്തത്.....

ശ്രീ. പി. സി. ജോർജ് : സർ, അന്നു മെമ്പർഷിപ്പ് കൊടുത്തിരുന്നത് ചെത്തു തൊഴിലാളി, കർഷകത്തൊഴിലാളി ഇങ്ങനെ എല്ലാ വിഭാഗത്തിൽപ്പെടുന്ന തൊഴിലാളികൾക്കുമാണ്. മത്സ്യത്തൊഴിലാളികൾക്കു മാത്രമായിരുന്നില്ല. അതുകൊണ്ട് അതു പറ്റില്ല, യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്ക് മെമ്പർഷിപ്പ് കൊടുത്തു ഇലക്ഷൻ നടത്തണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം.

ശ്രീ. കാനം രാജേന്ദ്രൻ : സർ, യഥാർത്ഥ മത്സ്യത്തൊഴിലാളികളുടെ പ്രതിനിധികളാണല്ലോ ഇപ്പോൾ ഈ ബോർഡിലൊക്കെ ഇരിക്കുന്നത് ? അവർക്ക് മത്സ്യവുമായിട്ടുള്ള ബന്ധം ഡൈനിംഗ് ടേബിളിൽ മാത്രമേയുള്ളൂ. ഡൈനിംഗ് ടേബിളിൽ വച്ചുമാത്രം മത്സ്യവുമായി ബന്ധപ്പെടുന്ന ആളുകളെ വച്ച് ഒരു കമ്മിറ്റിയെ എടുത്തു കഴിഞ്ഞതിനുശേഷം ഇപ്പോൾ യഥാർത്ഥ മത്സ്യത്തൊഴിലാളികളുടെ പ്രാതിനിധ്യമുണ്ടാക്കുകയാണെന്നു പറഞ്ഞാൽ എന്താണ് അർത്ഥം ? അന്ന് ഉദ്യോഗസ്ഥൻമാരെ വച്ചിട്ട് ഗ്രാമസംഘങ്ങളുടെ വെരിഫിക്കേഷൻ നടത്തി. ആ വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കി ആക്ഷേപമുള്ളവർക്കു കൊടുക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തു കഴിഞ്ഞതിനുശേഷം.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : സർ, യഥാർത്ഥ മൽസ്യത്തൊഴിലാളികളെ കണ്ടുപിടിക്കാൻ അഞ്ചു വർഷം ശ്രമിച്ചിട്ടും കണ്ടില്ല. ഈ രീതിയിൽ ഒരു നൂറ്റാണ്ട് കഴിഞ്ഞാലെങ്കിലും യഥാർത്ഥ മൽസ്യത്തൊഴിലാളിയെ കണ്ടുപിടിക്കാൻ കഴിയുമോ ?

ശ്രീ. കാനം രാജേന്ദ്രൻ : സർ, യഥാർത്ഥ മൽസ്യത്തൊഴിലാളിയെ തന്നെ ഉറപ്പെടുത്തിക്കൊണ്ടാണ്. അന്ന് വോട്ടർ പട്ടിക തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തത്. ചെത്തു തൊഴിലാളികളോ മറ്റ് ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട തൊഴിലാളികളോ ഇതിലുണ്ടെന്ന് ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ആക്ഷേപിച്ചാൽ അന്ന് അതിനുള്ള ഒബ്ജക്ഷൻ വിളിക്കുകയും അതിന് അപേക്ഷ കൊടുക്കാൻ തയ്യാറാകുകയുമാണ്. ഇനിയും ഇപ്പോൾ ഏതെങ്കിലും ആളുകൾ ഇവിടെയുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർക്ക് പേരു ചൂണ്ടിക്കാണിച്ചാൽ നമുക്കെല്ലാവർക്കുംകൂടി ഒരു ഒബ്ജക്ഷൻ കൊടുക്കാം. അങ്ങനെയുള്ള സന്ദർഭത്തിൽ ചെയ്യാതിരുന്നതിനുശേഷം, ഇപ്പോൾ കഴിഞ്ഞ കുറേ വർഷങ്ങളായി തെരഞ്ഞെടുപ്പു നടത്താതെ നോമിനേറ്റ് ചെയ്ത സമിതിയെ വച്ചുകഴിഞ്ഞതിനുശേഷം അന്നത്തെ ലിസ്റ്റിലുണ്ടായിരുന്നത് കർഷകത്തൊഴിലാളികളായിരുന്നു എന്നുപറഞ്ഞാൽ അതിനു യാതൊരു അർത്ഥവുമില്ല. അതുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട സമിതികൾ രൂപീകരിക്കുകയും ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള വോട്ടർ പട്ടിക തയ്യാറാക്കി ഗ്രാമസംഘങ്ങളിൽ അതിനാവശ്യമായ പരിശോധന നടത്തി തെരഞ്ഞെടുപ്പ് നടത്തുന്ന സാഹചര്യമുണ്ടാകാതെ വീണ്ടും മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഞങ്ങൾ എന്തെല്ലാമോ ചെയ്യുന്നു എന്നു പ്രചരിപ്പിക്കുന്നതുകൊണ്ട് മാത്രം അർത്ഥമില്ല. നമ്മുടെ മൽസ്യസമ്പത്ത് പൂർണ്ണമായും ചൂഷണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമാണ്. ഏഴാം പദ്ധതിയുടെ അവസാനമാകുമ്പോഴേയ്ക്ക് ഇൻഡ്യയിൽ മൽസ്യോൽപ്പാദനം ഏതാണ്ട് 20 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കാനുള്ള തീരുമാനമാണ് ഇപ്പോൾ എടുത്തിട്ടുള്ളത്. 20 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കാൻ തീരുമാനമെടുത്താൽപോലും അത് ഇൻഡ്യയിലുള്ള ആകെ മൽസ്യസമ്പത്തിന്റെ 30 ശതമാനം മാത്രമേ ആകുന്നുള്ളൂ. ഏറ്റവും കൂടുതൽ മൽസ്യത്തൊഴിലാളികൾ പണിയെടുക്കുന്നത് പരമ്പരാഗത മേഖലയിലാണ്. ആ പരമ്പരാഗത മേഖലയിലെ മൽസ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി ഇടത്തട്ടുകാരെ ഒഴിവാക്കിക്കൊണ്ട് അവരുടെ ക്ഷേമപദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുവേണ്ടി രൂപം കൊടുത്ത ഈ സംഘം ഇന്ന് 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും' എന്ന നിലയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. മൽസ്യത്തൊഴിലാളികൾക്ക് അപകടമുണ്ടായാൽ അവർക്ക് സഹായം നൽകുന്നതിന് ഇതുപോലുള്ള പദ്ധതികളൊന്നും നടപ്പിലാക്കാൻ കഴിയുന്നില്ല. അതേസമയം ഈ സംഘങ്ങളുടെ പേരിൽ ഒരു അപ്പെക്സ് സൊസൈറ്റി രൂപീകരിച്ചു. ആ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞദിവസം ഞങ്ങൾക്കെല്ലാം ഓരോ നോട്ടീസും കിട്ടി. പണ്ട് ഫിഷർമെൻ വെൽഫയർ കോർപ്പറേഷന്റെ കാലത്തുതന്നെ ഇവർക്കുവേണ്ടി ബസ്സുകളും മാറും കൊടുക്കുകയും വനിതാ സ്പെഷ്യൽ എന്ന പേരിൽ ബസുകൾ മൽസ്യത്തൊഴിലാളികൾക്ക് മൽസ്യം മാർക്കറ്റിൽ കൊണ്ടുവരുന്നതിനും അവരുടെ യാത്രാസൗകര്യത്തിനുവേണ്ടിയുമൊക്കെ നേരത്തേ ഏർപ്പാടു ചെയ്തിരുന്നു. ഇപ്പോഴും ആഴ്ച തോറും ഉദ്ഘാടനമാണ്. പുതിയ ഒരു ബസ് വാങ്ങി

LIBRARY ARCHIVES Kerala Legislative Assembly

ച്ചാൽ മുഖ്യമന്ത്രി പോയി ഉദ്ഘാടനം ചെയ്യും. അങ്ങനെ ഒരു ഉദ്ഘാടനവും സമ്മേളനവുമില്ലാതെ യഥാർത്ഥ മൽസ്യത്തൊഴിലാളി കുടുംബത്തിനുവേണ്ടി ഒന്നും ചെയ്യാൻ കഴിയുന്നില്ലെന്നുള്ളതാണ് സത്യം. അതുകൊണ്ട് ഈ ക്ഷേമസംഘങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും ആ ക്ഷേമസംഘങ്ങളിൽ യഥാർത്ഥ മൽസ്യത്തൊഴിലാളികുടുംബത്തിന് പങ്കാളിത്തമുള്ള വിധത്തിൽ അവരുടെ തെരഞ്ഞെടുക്കപ്പെട്ട സമിതികൾ രൂപീകരിക്കാനുമുള്ള നടപടി സ്വീകരിക്കാതെ അപ്പെക്സ് സൊസൈറ്റി ഉണ്ടാക്കി അതിന്റെ അധികാരത്തെ സംബന്ധിച്ചെല്ലാം പറഞ്ഞതുകൊണ്ടുമാത്രം യാതൊരു കാര്യവും ഉണ്ടാകുന്നില്ല. അതുകൊണ്ട് ഈ ഭേദഗതികൊണ്ടുമാത്രം ഒരു രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ടി. എസ്. ജോൺ: സർ, ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ഒരു നിസ്സാര കാര്യത്തിനാണ് ഇത് കൊണ്ടുവന്നിരിക്കുന്നത്. അതായത് ഓഫീസർമാരുടെ കൺട്രോൾ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫിഷറീസ് ഡവലപ്പ്മെന്റിന് വിടണമെന്നുള്ളതാണ്. അപ്പെക്സ് ബോഡിയ്ക്ക് ഓഫീസർമാരുടെ കൺട്രോൾ ഗവൺമെന്റിന്റെ കീഴിലായിരുന്നത് അപ്പെക്സ് ബോഡിയ്ക്ക് വിടണമെന്നുള്ള ഒരു അമെൻഡ്മെന്റാണ് ബില്ലിലൂടെ കൊണ്ടുവന്നിട്ടുള്ളത്. ഇതിനെ എതിർത്തുകൊണ്ടും ഇതിലെ പോരായ്മകൾ ചൂണ്ടിക്കാണിച്ചുകൊണ്ടും ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ സംസാരിച്ചു. മൽസ്യത്തൊഴിലാളി രംഗത്ത് യഥാർത്ഥത്തിൽ ഒരു ചലനം തന്നെ സൃഷ്ടിക്കാൻ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്. പക്ഷേ ഒരു പോരായ്മ മാത്രമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പർമാർക്ക് ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞത്. അതായത് കോ-ഓപ്പറേറ്റീവ് ഗ്രാമസംഘങ്ങളിൽ തെരഞ്ഞെടുപ്പ് നടത്താൻ ഇതുവരെയായി കഴിഞ്ഞിട്ടില്ലെന്നുള്ള ഒരു പോരായ്മ മാത്രമേ ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞിട്ടുള്ളു. ഇത് ഒരു പോരായ്മ തന്നെയാണ്. ഏതാണ്ട് 222-ഓളം ഗ്രാമസംഘങ്ങൾ ഉണ്ട്. അതുപോലെതന്നെ പരമ്പരാഗത മൽസ്യത്തൊഴിലാളികളായ നമ്മുടെ ഗ്രാമങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് അതായത് ഗ്രാമങ്ങളിലുള്ള സംഘങ്ങൾ 107 എണ്ണം ഉണ്ടാക്കുമെന്നു പറഞ്ഞു. എന്നാൽ 21 എണ്ണം മാത്രമേ ഇതുവരെയായിട്ട് ഉണ്ടാക്കാൻ കഴിഞ്ഞുള്ളു. ബാക്കി മെമ്പർഷിപ്പ് എടുക്കാനും ഗ്രാമസംഘങ്ങളുണ്ടാക്കാനും കഴിഞ്ഞില്ല. എന്നാൽ എന്തുകൊണ്ടാണ് തെരഞ്ഞെടുപ്പ് നടത്താൻ കഴിയാതെ വന്നതെന്നുള്ളതിനെക്കുറിച്ച് പല പത്രവാർത്തകളിലും നമുക്കു കാണാൻ കഴിഞ്ഞത് കോഗസ് മെമ്പർഷിപ്പ് അവിടെ ഉണ്ടായിരുന്നതുകൊണ്ടാണ് എന്നാണ്. അത് അന്വേഷിച്ച് കണ്ടുപിടിച്ച് മെമ്പർഷിപ്പുകളുമായി ചേർന്നിട്ടുള്ള മെമ്പർമാരുണ്ടെങ്കിൽ മാറ്റി അസ്സൽ മെമ്പർഷിപ്പ് ചേർത്ത് എത്രയുംവേഗം തെരഞ്ഞെടുപ്പ് നടത്തണമെന്നുള്ള ശ്രീ. പി. സി. ജോർജ്ജിന്റെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. എന്നാൽ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഫെഡറേഷന്റെ കീഴിൽ എന്തെല്ലാം ആനുകൂല്യങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞിട്ടുള്ളതിനെക്കുറിച്ച് നമുക്ക് അൽപ്പം ചിന്തിക്കേണ്ടതുണ്ട്. എൻ. സി. ഡി. സി., എസ്. ടി. എഫ്. സി., ഹഡ്കോ മുതലായ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്ന് കഴിയുന്നിടത്തോളം തുക സമാഹരിച്ചുകൊണ്ട് മൽസ്യത്തൊഴിലാളി രംഗത്ത് വളരെ കൂടുതൽ ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കാൻ ഈ ഗവൺമെന്റിന് ഇതിനകം തന്നെ കഴിഞ്ഞിട്ടുണ്ട്. ഏതാണ്ട് 37.80 കോടി രൂപ ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് ഈ ധനകാര്യ സ്ഥാപനങ്ങളിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

നമ്മും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ മൽസ്യത്തൊഴിലാളികളുടെ ക്ഷേമരംഗത്ത് ക്രിയാത്മകമായ പല നേട്ടങ്ങളുമുണ്ടാക്കാൻ ഈ ഗവൺമെന്റ് ശ്രമിച്ചു വരുന്നു. ക്ഷേമനിധി ഉണ്ടാക്കി, പക്ഷേ അതു മുഴുവൻ പ്രായോഗികമായി നടപ്പിലാക്കാൻ കഴിഞ്ഞില്ല ബോർഡ് ഉണ്ടാക്കി അത് നടപ്പിലാക്കണം. പെൻഷൻ കൊടുക്കുമെന്ന് പ്രഖ്യാപിച്ചു, പക്ഷേ പെൻഷൻ കൊടുക്കാൻ ഇതുവരെയായിട്ടും കഴിഞ്ഞിട്ടില്ല. അതിന്റെ പ്രാഥമിക നടപടികളം മാത്രമേ ആയിട്ടുള്ളു. എത്രയും വേഗം പെൻഷൻ കൊടുക്കണം. അതുപോലെതന്നെ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കി. ഇൻഡ്യയിലാദ്യമായിട്ടാണ് കേരളത്തിൽ ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്. മൽസ്യത്തൊഴിലാളികളെ സഹായിക്കാൻവേണ്ടി ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം കൊടുക്കാൻ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കഴിഞ്ഞു. അത് ഇൻഡ്യയിലെ ആദ്യത്തെ ഒരു സംരംഭമാണ്. അതുപോലെതന്നെ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് കൊടുക്കുകയെന്നുള്ളത് ഒരു ചെറിയ കാര്യമാണോ? പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് ഈ രാജ്യത്തെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് കിട്ടുന്ന ആനുകൂല്യങ്ങളം, ലംപ്സംഗ്രാന്റ് മുതലായവ കൊടുക്കാൻ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തീരുമാനിച്ചു എന്നുള്ളത് വലിയ ഒരു കാര്യമായി ഞാൻ കാണുകയാണ്. ഇങ്ങനെ പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ മക്കളെ സഹായിക്കാൻ വേണ്ടി വിദ്യാഭ്യാസരംഗത്ത് പട്ടികജാതി-പട്ടികവർഗ്ഗക്കാരോടൊപ്പമുള്ള ആനുകൂല്യങ്ങളം കൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറായിയെന്നുള്ളത് ഈ രംഗത്തെ ഒരു വലിയ നേട്ടമായി ഞാൻ കാണുന്നു.

അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്ത് മൽസ്യത്തൊഴിലാളികൾക്ക് മറ്റ് ആനുകൂല്യങ്ങളം ധാരാളമായി കൊടുക്കുന്നുണ്ട്. ഇത് വലിയ നേട്ടമായി ഞാൻ കാണുന്നു. ഏതാണ്ട് 20,000 ത്തോളം വീടുകൾ കഴിഞ്ഞ വർഷത്തിനകം തന്നെ ഉണ്ടാക്കി കൊടുക്കുവാൻ കഴിഞ്ഞുവെന്നാണ് കണക്കുകളിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. അതുപോലെതന്നെ ദേശീയമൽസ്യ ഉൽപ്പാദനത്തിന്റെ മൂന്നിലൊന്ന് നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു. സമുദ്രോൽപ്പന്നങ്ങളിൽ പകുതിയും കേരള സംസ്ഥാനം ഉൽപ്പാദിപ്പിച്ചുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതുപോലെതന്നെ എല്ലാ മേഖലകളിലും മൽസ്യഗ്രാമങ്ങളിൽ മുഴുവൻ സമഗ്രമായ ഒരു വ്യതിയാനമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുന്ന കാര്യത്തിൽ, ഇലക്ട്രിസിറ്റി കൊടുക്കുന്ന കാര്യത്തിൽ, റോഡുകൾ ഉണ്ടാക്കുന്ന കാര്യത്തിൽ, കടം കൊടുക്കുന്ന കാര്യത്തിൽ ഇവയിലെല്ലാം തന്നെ സമഗ്രമായ ഒരു മാറ്റമുണ്ടാക്കാൻ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കഴിഞ്ഞു. നഷ്ടപരിഹാരത്തിന്റെ കാര്യം ഞാൻ നേരത്തെ പറഞ്ഞു. അതുപോലെതന്നെ വല, ബോട്ടുകൾ, മൽസ്യബന്ധന ഉപകരണങ്ങൾ ഇതെല്ലാം കടമായി വാങ്ങുന്നതിനുള്ള ഏർപ്പാടുകൾ പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് വാങ്ങി കൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കാൻ കഴിഞ്ഞു. ഈ രംഗത്ത് മുൻകാലഘട്ടങ്ങളിൽ എന്താണ് നടന്നുകൊണ്ടിരുന്നത്? മുൻപ് വളരെയധികം ചൂഷണം ചെയ്തുകൊണ്ടിരുന്ന വിഭാഗമാണ് മൽസ്യത്തൊഴിലാളികൾ. ഇങ്ങനെ ചൂഷണത്തിന് വിധേയരായിരുന്നവരെ അതിൽ നിന്നും മോചിപ്പിക്കുവാൻ, അവർക്ക് സ്വന്തമായി വലയും ബോട്ടും മൽസ്യബന്ധന ഉപകരണങ്ങളും ഉണ്ടാക്കി കൊടുക്കാൻ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ശക്തമായി ശ്രമിച്ചുവരുന്നു. ഏതായാലും അവരുടെ ക്ഷേമത്തിനായി ഗവൺമെന്റ് എല്ലാവിധ നടപടികളും സ്വീകരിക്കുമെന്ന് വിശ്വസിക്കുന്നു. ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള പെൻഷൻ മുതലായ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സത്വരമായ നടപടികളും സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. മാണി : സർ, ഈ രാജ്യത്തെ അടിസ്ഥാന വർഗ്ഗമെന്ന് വിശേഷിപ്പിക്കാവുന്ന കാലാകാലമായി കഷ്ടതയും ദുരിതവും അനുഭവിച്ചു കൊണ്ടിരിക്കുന്ന മൽസ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് അവർക്ക് എല്ലാവിധമായ പുരോഗതിയും ഉണ്ടാക്കുന്നതിനു വേണ്ടി ലക്ഷ്യം വച്ചുകൊണ്ടാണ് ഈ ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ് മുന്നോട്ടു പോകുന്നത്.

നമ്മുടെ ഒരു ഗവൺമെൻറും ചെയ്യാത്ത രീതിയിൽ മൽസ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങളിൽ ലക്ഷ്യം വച്ചുകൊണ്ട് ഗവൺമെൻറ് ഇന്ന് വിവിധ പദ്ധതികളും നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. മൽസ്യഫെഡ് അതിൻറെ ഒരു ഭാഗമാണ്. നമുക്കറിയാം നമ്മുടെ തീരപ്രദേശങ്ങളിലെ ലക്ഷക്കണക്കിന് മൽസ്യത്തൊഴിലാളികളും നാടൻ വഞ്ചികളും കട്ടമരങ്ങളും നാടൻ വലകളുമൊക്കെ ഉപയോഗിച്ച് ഒരു കാലത്ത് മൽസ്യം പിടിക്കുകയും അതിന് യാതൊരുവിധമായ വിപണന സാദ്ധ്യതകളുമില്ലാതെ അവർ കിട്ടുന്ന വിലയ്ക്ക് അത് നിസ്സാരമായി കൊടുത്തുകൊണ്ട് സീസൺ ഇല്ലാത്ത സമയങ്ങളിൽ അവരെല്ലാം പട്ടിണി കിടക്കുന്ന ഒരു സ്ഥിതി ഉണ്ടായിരുന്നു. ഈ ദുരവസ്ഥയിൽ നിന്നും ഇവരെ കരകയറ്റുന്നതിനുവേണ്ടിയാണ് ഇന്ന് മൽസ്യഫെഡിൻറെ ആഭിമുഖ്യത്തിൽ നമ്മുടെ മൽസ്യത്തൊഴിലാളികൾക്ക് നാടൻ വഞ്ചികളിലും യന്ത്രവൽക്കൃത ബോട്ടുകൾ ഘടിപ്പിക്കുന്ന നടപടികൾ വ്യാപകമാക്കിക്കൊണ്ടിരിക്കുകയാണ്. ആയിരക്കണക്കിന് നാടൻ വഞ്ചികളിൽ ഇന്ന് യന്ത്രവൽക്കൃത ബോട്ടുകൾ ഘടിപ്പിച്ചിരിക്കുകയാണ്. നല്ലയിനം വലകൾ ഇന്ന് അവർക്ക് കൊടുത്തുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ അവരെ സംബന്ധിച്ചിടത്തോളം അവർക്ക് ജീവൻ നഷ്ടപ്പെട്ടുപോയാൽ അവർക്ക് അതിനുള്ള നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. മൽസ്യഗ്രാമങ്ങളിലും മൽസ്യത്തൊഴിലാളികൾ തിങ്ങി പാർക്കുന്ന മേഖലകളിലും ശുദ്ധജലം എത്തിക്കുന്നതിനും വീടുകൾ കൊടുക്കുന്നതിനും പട്ടയം കൊടുക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. പക്ഷേ ഇവിടത്തെ പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം അവർ ഈ നടപടികൾ ഒന്നും കണ്ടില്ലെന്നുള്ള മട്ടിലാണ് ഇന്നിവിടെ ചില കാര്യങ്ങൾ സൂചിപ്പിച്ചത്. ഇവിടെ പറഞ്ഞു, 'തെരഞ്ഞെടുപ്പ് നടത്തിയില്ലെന്ന്'. ശ്രീ തച്ചടി ഇവിടെ പറഞ്ഞതുപോലെ തന്നെ ആദ്യമായി ഒരു സഹകരണസംഘം ഉണ്ടാക്കുമ്പോൾ തെരഞ്ഞെടുപ്പ് നടത്താൻ സാദ്ധ്യമല്ല എന്ന് നമുക്കറിയാം. ആദ്യമായിട്ട് ഉണ്ടാക്കുന്ന സംഘത്തിൽ സാധാരണ നോമിനേറ്റ് ചെയ്യുന്ന കമ്മിറ്റികളെ ഉണ്ടാവൂ. പിന്നീടാണ് അവിടെ മെമ്പർഷിപ്പ് ഒക്കെ പൂർത്തിയാക്കി തെരഞ്ഞെടുപ്പ് നടത്തുന്നത്. അപ്പോൾ ആ തെരഞ്ഞെടുപ്പ് നടത്തുന്നതിനു ഇടയ്ക്കുള്ള ഒരു ക്രമീകരണം മാത്രമാണ് ഇൻറിരീം അറെയിഞ്ചുമെൻറാണ് ഈ നോമിനേറ്റഡ് കമ്മിറ്റീസ്. അത് സ്വാഭാവികമാണ്. അല്ലാതെ ഗവൺമെൻറിന് തെരഞ്ഞെടുപ്പ് നടത്താതിരിക്കാൻ ഉദ്ദേശിക്കുന്നില്ല. തെരഞ്ഞെടുപ്പ് വേഗം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഗവൺമെൻറ് നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : എത്ര കാലം വേണം.

ശ്രീ. എം. വി. മാണി : അതിനുവേണ്ട ക്രമീകരണങ്ങൾ പൂർത്തിയായിട്ടില്ല. അതുകൊണ്ടാണ് നടത്താത്തത്. ഇത് ഏതായാലും ഈ ഗവൺമെൻറാണ് തുടങ്ങിയത്. അതുകൊണ്ട് നമുക്ക് അടുത്ത തെരഞ്ഞെടുപ്പിനുശേഷം അക്കാര്യം ആലോചിക്കാം. അടുത്ത തെരഞ്ഞെടുപ്പാണല്ലോ നമ്മുടെ മുമ്പിൽ ഇപ്പോൾ നിൽക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ സഭയിൽ ഒരു മന്ത്രിപോലും ഹാജരില്ല.

ശ്രീ. എം. വി. മാണി : ഇവിടെ മന്ത്രിയുണ്ട്. ബഹുമാനപ്പെട്ട മെമ്പർ കാണാഞ്ഞിട്ടാണ്.

ശ്രീ വർക്കല രാധാകൃഷ്ണൻ : സർ, ഈ വകുപ്പിന്റെ ബന്ധപ്പെട്ട മന്ത്രി വന്നിട്ടുണ്ടോ ?

ശ്രീ. എം. വി. മാണി : സർ, മന്ത്രിസഭയ്ക്ക് കൂട്ടുത്തരവാദിത്വമാണുള്ളത്. അതുകൊണ്ട് ഏതെങ്കിലും ഒരു മന്ത്രി ഉണ്ടായിരുന്നാൽമതി.

ശ്രീ. കെ പി. നൂറുദ്ദീൻ : സർ, ഇത് ഗവൺമെൻറിന്റെ ഭാഗമാണ്. ഞാൻ ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാം ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. സി. ജോർജ് : സർ, ഏതെങ്കിലും ഒരു മന്ത്രി പോരെ സർ ? .....(ബഹളം).....

ശ്രീ. കെ. പി. നൂറുദ്ദീൻ : സർ, ഞാൻ ഇവിടെ നടക്കുന്ന ചർച്ച ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. വി. മാണി : സർ, ഞാൻ സൂചിപ്പിച്ചത് അങ്ങനെ മൽസ്യത്തൊഴിലാളികളെ, സംബന്ധിച്ചിടത്തോളം ഗവൺമെൻറ് അവർക്ക് യന്ത്രവൽക്കൃത ബോട്ടുകളും നാടൻ വഞ്ചികൾക്ക് യന്ത്രവൽക്കൃത സൗകര്യവും നല്ലയിനം വലകളും അതുപോലെതന്നെ അവരുടെ ക്ഷേമപ്രവർത്തനങ്ങളെല്ലാം വളരെ നല്ല രീതിയിൽ ഒരു കാലത്തും ഉണ്ടാകാത്ത രീതിയിൽ ഈ ഗവൺമെൻറ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് മൽസ്യഗ്രാമങ്ങൾ ഇന്ന് രൂപീകരിച്ചിട്ടുള്ളത്. പ്രൈമറി സൊസൈറ്റികൾ രൂപീകരിച്ചത് ആ പ്രൈമറി സൊസൈറ്റികൾ നല്ല രീതിയിൽ പ്രവർത്തിക്കണമെങ്കിൽ ആദ്യം നോമിനേറ്റഡ് കമ്മിറ്റിയും അതിൽ ഗവൺമെൻറിന്റെ നിയന്ത്രണവും അതിനുള്ള ഓഫീസറുമൊക്കെ വേണം. അതല്ലാതെ ഗവൺമെൻറ് ഗവൺമെൻറ് വേറെ ആരേയും, അതിനകത്ത് നിയമിച്ചിട്ടില്ല. അതിനുവേണ്ട നടപടികളെല്ലാം പൂർത്തിയാക്കിക്കഴിയുമ്പോൾ സ്വാഭാവികമായും തെരഞ്ഞെടുപ്പ് നടത്തും. അതിനുവേണ്ടി ഗവൺമെൻറ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. തെരഞ്ഞെടുപ്പ് നടത്താൻ ഗവൺമെൻറിന് യാതൊരു ഭയവുമില്ല. മൽസ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മേഖലകളിൽ നിങ്ങൾക്ക് (പ്രതിപക്ഷത്തിന്) കാര്യമായ സ്വാധീനമില്ലെന്ന് ഞങ്ങൾക്കറിയാം. അതുകൊണ്ട് തെരഞ്ഞെടുപ്പ് നടത്തുവാൻ ഭയമൊന്നുമില്ല. അക്കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. ഞാൻ സൂചിപ്പിച്ചത് നമ്മുടെ രാജ്യത്ത് ഇപ്പോൾ മൽസ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് വേണ്ടി വളരെയധികം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. അതിനെതിരായി എന്തെങ്കിലും പറയാൻ പ്രതിപക്ഷത്തിന് കഴിയുമെന്ന് തോന്നുന്നില്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : അങ്ങ് പറഞ്ഞു, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് മൽസ്യത്തൊഴിലാളികളുടെ ഇടയിൽ യാതൊരു സ്വാധീനവുമില്ലെന്ന്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിച്ച രേഖയിൽ ദുർബല ജനവിഭാഗങ്ങൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നും അകന്നുപോയി എന്ന്, കുറേസമ്മതം നടത്തിയിട്ടുണ്ട് എന്നുള്ള വിവരം അങ്ങേക്കറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. മാണി : സർ, അതുകൊണ്ട് തന്നെയാണ് ഞാൻ പറഞ്ഞത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം അവർക്ക് ഒരു കാലത്ത് മൽസ്യത്തൊഴിലാളി മേഖലയിൽ സ്വാധീനമുണ്ടായിരുന്നുവെന്ന് കരുതിയിരുന്നുവെങ്കിൽ ഇന്ന് അത് ഇല്ലാതായിരിക്കുന്നുവെന്ന്. ഈ ഗവൺമെന്റ് മൽസ്യത്തൊഴിലാളികൾക്കുവേണ്ടി മൽസ്യഫെഡ്, തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങൾ നടത്തിയതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്.

ശ്രീ. വി. ദിനകരൻ : ഈ തെരഞ്ഞെടുപ്പ് നടത്തണമെന്നുള്ളത് ഒരാവശ്യമാണ്. പക്ഷേ തെരഞ്ഞെടുപ്പ് നടത്തണമെന്ന് അപ്പുറത്തിരിക്കുന്നവർ പറയുന്ന അവസരത്തിൽ ഈ ബിൽ വരുന്ന അവസരത്തിൽ തന്നെ കാർഷിക തൊഴിലാളികൾ, ഔഷത്തു തൊഴിലാളികൾ ഉദ്യോഗസ്ഥൻമാരടക്കമുള്ള ആളുകളെ അപ്പുറത്തുള്ള ആൾക്കാർ മുൻകൈയെടുത്തു കൊണ്ട് തെരഞ്ഞെടുപ്പ് നടത്താനുള്ള എല്ലാ ശ്രമവും നടന്നു. ഇക്കാര്യം ഗവൺമെന്റ് മനസിലാക്കി അതിനെ പരാജയപ്പെടുത്തിയിരിക്കുകയാണ്. അതേസമയം ഇപ്പോൾ തെരഞ്ഞെടുപ്പ് നടത്തിയാൽ ഒരു പ്രതിനിധിയെപ്പോലും അപ്പുറത്തിരിക്കുന്ന പാർട്ടികൾക്ക് ഈ മൽസ്യത്തൊഴിലാളി ഗ്രാമ സംഘങ്ങളിൽ കടത്തി വിടാൻ സാധിക്കുകയില്ലെന്നുള്ള യാഥാർത്ഥ്യം അങ്ങേക്കറിയാമോ ?

ശ്രീ. എം. വി. മാണി : സർ, അത് തന്നെയാണ് ഞാൻ പറഞ്ഞത്. മൽസ്യത്തൊഴിലാളി മേഖലയെ സംബന്ധിച്ചിടത്തോളം യാതൊരു സംശയവുമില്ല. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കോ പ്രതിപക്ഷത്തിരിക്കുന്ന ആർക്കും അവിടെ ഒരു സ്വാധീനമുണ്ടാക്കാൻ സാധിക്കാത്ത നിലയിൽ അവരുമായുള്ള ബന്ധം അറുകഴിഞ്ഞിരിക്കുകയാണ്. അത് ഈ ഗവൺമെന്റിന്റെ ക്ഷേമപ്രവർത്തനങ്ങൾ കൊണ്ടു തന്നെയാണ്. അത് മൽസ്യത്തൊഴിലാളി മേഖലയിൽ മാത്രമല്ല, ഇവിടത്തെ ഹരിജനങ്ങളുടെ ഇടയ്ക്കും, ഗിരിജനങ്ങളുടെ ഇടയ്ക്കുമെല്ലാം സംഭവിച്ചിരിക്കുന്നു എന്നുള്ളത് യാഥാർത്ഥ്യമാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ശ്രീ. എം. വി. മാണി സംസാരിച്ചപ്പോൾ പറഞ്ഞു പ്രതിപക്ഷത്ത് പ്രത്യേകിച്ചും മാർക്സിസ്റ്റ് പാർട്ടിക്ക് സഹകരണസംഘങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തിയാൽ ഒരു സീറ്റും കിട്ടുകയില്ല എന്ന്. അതിന് ഒരു ടിപ്പണി ശ്രീ. ദിനകരൻ കൂട്ടിച്ചേർക്കുകയുണ്ടായി. അങ്ങനെയാണെങ്കിൽ പ്രതിപക്ഷത്തിരിക്കുന്നവർക്ക് സ്വാധീനമുണ്ടാകുന്നതുവരെ തെരഞ്ഞെടുപ്പ് നടത്തേണ്ടതില്ല എന്നു കരുതി ഞങ്ങളേട് സൗമനസ്യം കാണിക്കുന്നതുകൊണ്ടാണോ തെരഞ്ഞെടുപ്പ് നടത്താത്തത്.

ശ്രീ. എം. വി. മാണി : സർ തെരഞ്ഞെടുപ്പ് നടത്തുന്നതിനെ സംബന്ധിച്ച് അതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായിട്ടില്ല. അതുകൊണ്ട് മാത്രമാണ്, ആദ്യമായി രൂപീകരിച്ച ഒരു സംഘത്തെ സംബന്ധിച്ചിടത്തോളം അതിന്റെ ക്രമീകരണങ്ങൾ പൂർത്തിയായി മെംബർഷിപ്പ് ചേർത്തിട്ടെ തെരഞ്ഞെടുപ്പ് നടത്തുകയുള്ളൂ. സ്വാഭാവികമായും അല്പം കാലതാമസം വേണ്ടിവരും. ഈ കാലതാമസമെന്ന് ഇവിടെ എടുത്തിട്ടുള്ളൂ. യാതൊരു സംശയവുമില്ല. ഞാൻ അതിലേക്ക് കടക്കുന്നില്ല. നമ്മുടെ രാജ്യത്ത് മൽസ്യബന്ധനത്തെ സംബന്ധിച്ചിടത്തോളം തർക്കമുണ്ട്. മൽസ്യബന്ധനത്തെ സംബന്ധിച്ചിടത്തോളം നമ്മൾ ഇന്ന് മെക്കനൈസ്ഡ് ബോട്ടുകളും പഴ്സിൻ വലകളുമൊക്കെ ഉപയോഗിക്കുന്നത് നമ്മുടെ പരമ്പരാഗത മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം മൽസ്യബന്ധനത്തിനു വിഘ്നം ഉണ്ടാക്കുന്നുണ്ട്. ഈ തർക്കങ്ങളൊക്കെ ഒരു വിധം പരിഹരി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടുണ്ട്. ചില തീരുമാനങ്ങളൊക്കെ ഉണ്ടെങ്കിൽത്തന്നെയും ഇന്നും അത് ചില സ്ഥലങ്ങളിൽ പ്രായോഗികമല്ല. ഇന്ന് തീരപ്രദേശത്തേക്ക് അടുത്തു കൊണ്ട് ഈ പഴ്സിൻ വലകളും അതുപോലെതന്നെ മറ്റു യന്ത്രവൽക്കൃത ബോട്ടുകളും ഉപയോഗിച്ച് മൽസ്യം പിടിക്കുന്നതുകൊണ്ട് മൽസ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ട്. ഈ കാര്യത്തിൽ ഗവൺമെന്ററിന്റെ സത്വരമായ ശ്രദ്ധ വളരെയധികം ആവശ്യമുണ്ട്. ഗവൺമെന്റ് അത് നടത്തുന്നുണ്ട്. ഇന്ന് പെട്രോളിംഗുണ്ട്. ഈ പെട്രോളിംഗിന് ഇന്നുള്ള സൗകര്യം വളരെ അപര്യാപ്തമാണ്. നിയമസഭയിലെ സബോർഡിനേറ്റ് ലജിസ്ലേഷൻ കമ്മിറ്റി പല സ്ഥലങ്ങളിലും പോയി ഇതിനെപ്പറ്റി പഠിക്കുകയും തെളിവെടുക്കുകയും ചെയ്യുകയാണ്. അവിടെനിന്നൊക്കെ മനസിലാക്കിയത് നമുക്ക് ഇന്ന് പെട്രോളിംഗ് സൗകര്യം വളരെ കുറവാണെന്നാണ്. പെട്രോളിംഗ് സൗകര്യത്തിന്റെ അഭാവംകൊണ്ട് ഇന്ന് യന്ത്രവൽക്കൃത ബോട്ടുകൾ തീരപ്രദേശത്ത് അടുത്തുകൊണ്ട്, 10 കിലോമീറ്റർ എന്നുള്ളതിന്റെയുള്ളിൽ കയറിക്കൊണ്ട് തന്നെ മൽസ്യബന്ധനം നടത്തുന്നതുകൊണ്ട് ഇന്ന് നമ്മുടെ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ട്. ഈ കാര്യത്തിൽ, കുറെക്കൂടി പെട്രോളിംഗ് സൗകര്യങ്ങൾ കൂട്ടാൻ വേണ്ടി ശ്രദ്ധിക്കണമെന്നു മാത്രമാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. ഇതിന്റെ എല്ലാവിധമായ കാര്യത്തിലും യോജിച്ചുകൊണ്ട് ഞാൻ ഇതിനെ അനുകൂലിക്കുന്നു. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ്ജ് : സർ, ഈ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഈ സംസ്ഥാനത്തെ മൽസ്യത്തൊഴിലാളികൾക്ക് ചെയ്ത ഏറ്റവും വലിയ ഉപകാരങ്ങളിലൊന്നായിട്ടാണ് ഞാൻ ഈ നിയമത്തെ കാണുന്നത്. നമുക്കറിയാം കഴിഞ്ഞകാലങ്ങളിൽ അവരെ നോക്കാൻ ആരുമില്ലാത്ത ഗതികേടായിരുന്നു ഉണ്ടായിരുന്നത്. ഇന്ന് വില്ലേജ് സൊസൈറ്റികളെയും ജില്ലാ സൊസൈറ്റികളെയുമൊക്കെ മൽസ്യഫെഡ്ഡിന്റെ പൂർണ്ണമായ നിയന്ത്രണത്തിൽ കൊണ്ടു വരുന്നതിനുവേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ഇന്ന് 222 കടലോര വില്ലേജുകളും 107 ഉൾനാടൻ വില്ലേജുകളും ഉണ്ട്. എല്ലാ വില്ലേജുകളിലും പ്രവർത്തനം ആരംഭിക്കാൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ആ കാര്യം ഒന്ന് ശ്രദ്ധിക്കണം. എല്ലാ വില്ലേജുകളിലും എൻ. ഡി. സി. യുടെ സഹായത്തോടുകൂടി പ്രവർത്തനം നടത്തേണ്ടതായിട്ടുണ്ട് ഇന്ന് വേറെ ഒരു പ്രത്യേകതയുണ്ട്. നമ്മുടെ ഉൾനാടൻ മേഖലകളിലുള്ള സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള സെൻസസ് പോലും നാളിതുവരെ എടുത്തിട്ടില്ല എന്നു പറഞ്ഞാൽ അതു ശരിയായിട്ടുള്ള നടപടിയല്ല. നിർബന്ധമായും ഉൾനാടൻ മേഖലകളിൽ സൊസൈറ്റി രൂപീകരിക്കുന്നതിനുവേണ്ടി സെൻസസ് എടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ എല്ലാ സൊസൈറ്റികളിലും ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടില്ലായെന്നാണ് എനിക്ക് മനസിലാക്കാൻ കഴിഞ്ഞത്. അതും ഒരു ശരിയായ നടപടിയല്ല. മുഴുവൻ സൊസൈറ്റികളിലും ഉദ്യോഗസ്ഥൻമാരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

ഇവിടെ തെരഞ്ഞെടുപ്പിനെപ്പറ്റിയാണ് പരാതി. നമ്മുടെ സൊസൈറ്റികളിൽ ബോഗസ് മെമ്പർഷിപ്പായിരുന്നു. ബഹുമാന്യനായ കാനം രാജേന്ദ്രൻ ഇവിടെ സംസാരിച്ചപ്പോൾ അത് ഞാൻ പോയിന്റ് ഔട്ട് ചെയ്തതാണ്. ഇന്ന് ആ മെമ്പർഷിപ്പെടുത്തത് പരിശോധിച്ചാൽ കയർത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, കശുവണ്ടിത്തൊഴിലാളികൾ, ചെത്തുതൊഴിലാളികൾ, ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർ തുടങ്ങിയവർ മെമ്പർഷിപ്പെടുത്തിരുന്നതായി കാണാം. ഇത് ആ കാലഘട്ടത്തിൽ, ഇടതുപക്ഷക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ഭരിച്ചുകൊണ്ടിരുന്നപ്പോൾ മനഃപൂർവ്വം ഈ സൊസൈറ്റികളെ പിടിച്ചെടുക്കുന്നതിനുവേണ്ടി എടുത്ത നടപടിയായിരുന്നു. ആ നടപടിയെ പരാജയപ്പെടുത്തേണ്ടത് മൽസ്യത്തൊഴിലാളികളോട് ചെയ്യുന്ന ഒരു ഉപകാരമായിരിക്കും എന്നു ബോദ്ധ്യമുള്ളതുകൊണ്ടാണ്- ആ മെമ്പർഷിപ്പടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തുന്നില്ലായെന്ന് ഗവൺമെന്റ് തീരുമാനം എടുത്തത്. എന്തായാലും ഈ ബോഗസ്സ് മെമ്പർഷിപ്പെടുത്ത മുഴുവൻ ആളുകളെയും ഒഴിവാക്കിക്കൊണ്ട് യഥാർത്ഥ മൽസ്യത്തൊഴിലാളികൾക്ക് അംഗത്വം കൊടുത്തുകൊണ്ട് തെരഞ്ഞെടുപ്പ് നടത്താനുള്ള നടപടി സ്വീകരിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. എം. ഹസ്സൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്. ഇത് ഒരു സാങ്കേതികമായ ചെറിയ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു ഭേദഗതി നിയമമാണ്. മൽസ്യത്തൊഴിലാളി ക്ഷേമ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഗവൺമെന്റുണ്ടാക്കിയിട്ടുള്ള ഒരു പുതിയ സംവിധാനമാണ്. അവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് പിരമിഡ് പോലുള്ള രൂപത്തിൽ ഇതിന്റെ പ്രവർത്തനം ഘട്ടംഘട്ടമായി. പല തട്ടുകളായി ഏകോപിപ്പിക്കുക എന്നുള്ളതാണ്. അതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ ചെറിയ ഭേദഗതി എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. പക്ഷെ ഈ സന്ദർഭത്തിൽ പലപ്പോഴും ആവർത്തിച്ചിട്ടുള്ള ഒരു പല്ലവി ഇവിടെ ഇപ്പോഴും ആവർത്തിക്കുകയുണ്ടായി. ഈ ക്ഷേമ സംഘങ്ങളിൽ തെരഞ്ഞെടുപ്പ് നടത്താത്തതിനെക്കുറിച്ച് ബഹുമാനപ്പെട്ട കാനം രാജേന്ദ്രനും ബഹുമാനപ്പെട്ട തങ്കപ്പനുമെല്ലാം മുൻപ് പറഞ്ഞ അതെ ആക്ഷേപം തന്നെ ഇവിടെ ആവർത്തിച്ചു. നേരത്തെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വ്യക്തമാക്കിയതുപോലെ സഹകരണസംഘങ്ങൾ പുതിയ ആക്ടിന്റെ അടിസ്ഥാനത്തിൽ വരുന്ന ഗ്രാമസംഘങ്ങളാണ്. അതിന്റെ ആദ്യത്തെ കമ്മിറ്റി നോമിനേറ്റ് ചെയ്യുക എന്നുള്ളത് നമ്മുടെ സംസ്ഥാനത്തല്ല എല്ലാ സംസ്ഥാനത്തും ഒരു സ്ഥിരം ഏർപ്പാടു തന്നെയാണ്. പിന്നീടാണ് തെരഞ്ഞെടുപ്പ് നടത്തുക. ഞാൻ മനസ്സിലാക്കുന്നത് ഇപ്പോൾ നോമിനേറ്റ് ചെയ്യപ്പെട്ടിട്ടുള്ള കമ്മിറ്റികളുടെ കാലാവധി ഏതാണ്ട് ഈ ഫെബ്രുവരിയോടുകൂടി അവസാനിക്കുമെന്നാണ്. ഈ കാര്യത്തിൽ ഗവൺമെന്റിന് തെരഞ്ഞെടുപ്പ് നടത്തുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുമ്പോൾ അത് വ്യക്തമാക്കുമെന്നാണ് എന്റെ വിശ്വാസം. തെരഞ്ഞെടുപ്പ് നടത്തിയില്ല എന്നു പറഞ്ഞ് ഗവൺമെന്റിനെ ആക്ഷേപിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യാൻ ബഹുമാനപ്പെട്ട കാനം രാജേന്ദ്രനടക്കമുള്ളവർക്ക് എന്താണ് അർഹത എന്ന് ഞാൻ ചോദിക്കുകയാണ്. ഉദ്യോഗസ്ഥന്മാരെ നോമിനേറ്റ് ചെയ്യാൻ 1980-ലെ ഗവൺമെന്റ് ഇതു കൊണ്ടുവന്നപ്പോൾ വ്യവസ്ഥ ചെയ്തിരുന്നു. അന്ന് ബഹുമാനപ്പെട്ട ചന്ദ്രശേഖരനെപ്പോലുള്ള ആളുകൾ അതിനെ എതിർത്തു. ഭരണപക്ഷത്തു നിന്ന് നോമിനേഷനെ എതിർത്ത സംസാരിച്ചയാളാണ് ഞാൻ. ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരെ നോമിനേറ്റ് ചെയ്യുന്നത് ശരിയല്ല എന്ന് അന്ന് വാദിച്ചവരാണ് ഞങ്ങൾ. നിയമസഭ രേഖകളിലുള്ള വസ്തുതയാണ്. ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ അന്ന് പലരും സംസാരിച്ചു. സി. പി: ഐ.-ലെ അംഗങ്ങളാരും ആ വ്യവസ്ഥയോട് അന്ന് വിയോജിപ്പ് പ്രകടിപ്പിച്ചില്ല. ഇന്നിപ്പോൾ നോമിനേഷനോട് വല്ലാത്ത അലർജിയാണ്. എത്രയുംവേഗം തെരഞ്ഞെടുപ്പ് നടത്തണമെന്നുതന്നെയാണ് ഞാനും ആവശ്യപ്പെടുന്നത്.

2/1921/V.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട ഹസ്സൻ എത്രയുംവേഗം തെരഞ്ഞെടുപ്പ് നടത്തണമെന്നാവശ്യപ്പെട്ടു. ആദ്യത്തെ ബോർഡ് നോമിനേറ്റഡ് ബോർഡാക്കുക എന്നുള്ളത് സാധാരണ ഗതിയിലുള്ള മര്യാദ നടപടിക്രമമാണെന്ന് ബഹുമാനപ്പെട്ട ഹസ്സൻ പറഞ്ഞു. അഞ്ചുകൊല്ലമായിട്ടും തെരഞ്ഞെടുപ്പ് നടത്താതെയിരിക്കുന്നതല്ലേ സ്ഥിതി. ഇനി എത്ര കൊല്ലം നിങ്ങൾക്ക് തെരഞ്ഞെടുപ്പ് നടത്താൻ വേണ്ടിവരും. ഇങ്ങനെ കാലാവധി നീട്ടിനീട്ടിവച്ച് ഇനി നിയമസഭയുടെകൂടെ കാലാവധി നീട്ടാൻ നിങ്ങൾക്ക് വല്ല ആലോചനയുമുണ്ടോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, നിയമസഭയുടെ കാലാവധി നീട്ടുകയാണെങ്കിൽ അതിന്റെ ആനുകൂല്യം നമുക്ക് രണ്ടുപേർക്കുമാണ് കിട്ടുന്നത്. അത് ഭരണഘടനാപരമായി ഇപ്പോൾ സാദ്ധ്യമല്ല. അതുപോകട്ടെ. ഇത് ഇപ്പോൾ ഫെബ്രുവരിയിൽ അവസാനിക്കുമെന്ന് ഗവൺമെൻറാണ് പറയേണ്ടത്.

ശ്രീ. കാനം രാജേന്ദ്രൻ : സർ നോമിനേറ്റഡ് ബോർഡിന്റെ കാലാവധി എന്നു പറയുന്നത് വീണ്ടും നീട്ടിയതിനുശേഷമാണ് ഈ ഫെബ്രുവരിയിൽ അവസാനിക്കുന്നത് എന്ന് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ ആദ്യം നോമിനേറ്റ് ചെയ്യപ്പെടുന്ന ബോഡികളും പിന്നീട് തെരഞ്ഞെടുപ്പ് നടത്തുമ്പോൾ മാത്രമേ നോമിനേറ്റ് ചെയ്യാതിരിക്കാൻ സാധിക്കുകയുള്ളൂ. അതൊക്കെ സാധാരണ നടപടിക്രമങ്ങളാണ്. എത്ര നോമിനേഷനുകളും ഏതെല്ലാം സമിതികളിൽ, യൂണിവേഴ്സിറ്റികളിൽ, സഹകരണ സംഘങ്ങളിൽ ആവർത്തിച്ചാവർത്തിച്ച് നമ്മളൊരുമിച്ച് നടത്തിയിട്ടുള്ളതാണ്.

ശ്രീ. കാനം രാജേന്ദ്രൻ : സർ, നിയമത്തിലുള്ള കാര്യം ചെയ്തുകൂടെ എന്ന് ബഹുമാനപ്പെട്ട മെമ്പർ നിർബന്ധം പിടിക്കുന്നത് എന്തിനാണ്. അങ്ങയുടെ പാർട്ടി 13 വർഷമായി തെരഞ്ഞെടുപ്പ് നടത്തിയിട്ട് എന്നുള്ളത് ശരിയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ എല്ലാ കാര്യത്തിലും തെരഞ്ഞെടുപ്പ് പാടില്ല എന്നൊരു സമീപനം എടുക്കുന്നത് ശരിയാണോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, അങ്ങയോട് തന്നെ പലപ്പോഴും മറുപടി പറഞ്ഞിട്ടുണ്ട്. ഈ 13 കൊല്ലത്തെ പല്ലവി നിങ്ങൾ സ്ഥിരമായിട്ട് ആവർത്തിക്കുന്നതാണ്. നിങ്ങളുടെ പാർട്ടിയിലൊക്കെ തെരഞ്ഞെടുപ്പ് നടത്തുന്നു എന്ന് നിങ്ങൾ അഭിമാനിക്കുന്നുണ്ടല്ലോ. അതിനേക്കാൾ നല്ലത് നമ്മുടെ പാർട്ടിയിൽ തെരഞ്ഞെടുപ്പ് നടത്താത്ത അവസ്ഥയാണ്. അതറിയാമോ ? നിങ്ങളുടെ പാർട്ടിയുടെ ചില തെരഞ്ഞെടുപ്പ് സമ്പ്രദായങ്ങളുണ്ടല്ലോ.....

ശ്രീ. കാനം രാജേന്ദ്രൻ : സർ, തെരഞ്ഞെടുപ്പ് നടക്കാത്തിടത്തോളം കാലം അത് ആവർത്തിച്ച് പറയാതിരിക്കാൻ പറ്റുകയില്ലല്ലോ.

ശ്രീ. എം. എം. ഹസ്സൻ : സർ, കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ജനാധിപത്യമെന്നു പറയുന്നത്, പഞ്ചസാര എന്ന് കടലാസിൽ എഴുതി നക്കിനോക്കിയാൽ മധുരിക്കുമോ അതുപോലെയാണ് നിങ്ങളുടെ ജനാധിപത്യം. നിങ്ങൾ ജനാധിപത്യമെന്നെഴുതുന്നതല്ലാതെ, ജനാധിപത്യമോ, അതിനുള്ള മൂല്യങ്ങളോ നിങ്ങളുടെ പ്രവർത്തനങ്ങളിലില്ല.

ശ്രീ. കാനം രാജേന്ദ്രൻ : സർ, ശ്രീ. കമലാപതി തിപാഠി അതു പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: സർ, ഞാൻ ആ വാദപ്രതിവാദത്തിനൊന്നുമില്ല. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റുകാരുടെ ജനാധിപത്യ തത്വസംഹിതകളെക്കുറിച്ചുള്ള പ്രസംഗങ്ങൾ ഞാനിവിടെ മുൻപ് പൊഞ്ഞിട്ടുള്ളതുപോലെ, ഈ അറിവുകാരൻ അഹിംസാ സിദ്ധാന്തം പ്രസംഗിക്കുന്നതുപോലെയാണ്. ഇനി അതു ഞാൻ ആവർത്തിക്കുന്നില്ല. അതുകൊണ്ട് ഇവിടെ എനിക്ക് പറയാനുള്ളത് എത്രയും വേഗം തെരഞ്ഞെടുപ്പ് നടത്താനുള്ള നടപടികൾ എടുക്കണമെന്നാണ്. ഈ തീരദേശജനങ്ങളുടെ വിധിയെഴുത്തറിയാമോ? മൽസ്യത്തൊഴിലാളികൾ ഉൾക്കൊള്ളുന്നത് തീരദേശ പ്രദേശങ്ങളിലാണ്. ഒരു കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കോട്ടയായിരുന്നു ഈ തീരപ്രദേശങ്ങൾ. അവ ഓരോന്നായി എടുത്തുനോക്കണം. ആ പ്രദേശങ്ങളെല്ലാം ഇന്ന് ഐക്യജനാധിപത്യമുന്നണിയുടെ നെടുംതൂണുകളായ കോട്ടകളായി മാറിയിരിക്കുന്നു. ഭൂരിപക്ഷം നിയോജകമണ്ഡലങ്ങളിലും നമ്മൾ തെരഞ്ഞെടുപ്പു നടത്തിയാൽ ഐക്യജനാധിപത്യമുന്നണിയും കോൺഗ്രസ് (ഐ) യും അധികാരത്തിൽ വരുമെന്നുള്ള കാര്യത്തിൽ എന്തെങ്കിലും സംശയമുണ്ടോ? അതുകൊണ്ട് തെരഞ്ഞെടുപ്പു നടത്തണമെന്നാണ് നിങ്ങളോടൊപ്പം ഞാനും ആവശ്യപ്പെടുന്നത്.

മറ്റൊരു കാര്യം ഇവിടെ പറഞ്ഞത് ഒരു നാടകത്തെക്കുറിച്ചാണ്. എനിക്ക് ശരിക്കറിയില്ല. 'വ്യാസപുരാണം' നാടകത്തെക്കുറിച്ചാണ് അതിൽ ബഹുമാനപ്പെട്ട സുരേന്ദ്രനാഥിന് എന്തിനാണ് അലർജിയുണ്ടാകുന്നത്. ശ്രീ. തങ്കരാജിന് അലർജിയുണ്ടാകുന്നത് മനസ്സിലാക്കാം. ശ്രീ. സുരേന്ദ്രനാഥും അദ്ദേഹത്തിന്റെ പ്രസ്ഥാനവും നാടകങ്ങളിലൂടെ ജനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുകയും ഉത്ബുദ്ധരാക്കുകയും ചെയ്തിട്ടുള്ള പ്രസ്ഥാനങ്ങളാണ്. മൽസ്യത്തൊഴിലാളികളെ ഉത്ബുദ്ധരാക്കാൻ അവരുടെ എക്സ്റ്റൻഷൻ പരിപാടിയുടെ ഭാഗമായിട്ട് 'വ്യാസപുരാണം' നാടകം നടത്തി. എൻ. സി. ഡി. സി. യുടെ ധനസഹായത്തോടുകൂടിയാണ് അത് നടത്തിയത്. അതുകൊണ്ട് നാടകങ്ങളിലൂടെ മൽസ്യത്തൊഴിലാളികളുടെ സാമൂഹ്യവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ മാറ്റാൻ അവരിൽ ഒരു അവബോധമുണ്ടാക്കുന്നതിൽ എന്താണ് തെറ്റ് ഉടനെ ഒരു നാടകം. അതിനു പണം കൊടുത്തുകളഞ്ഞു ഇതൊക്കെ ആക്ഷേപങ്ങളാണോ? കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇവിടെ വളർന്നത് നാടകങ്ങളിലൂടെയല്ലെ? അതുകൊണ്ട് ഇത് രാഷ്ട്രീയപ്രചരണത്തിനു വേണ്ടിയല്ല. മൽസ്യത്തൊഴിലാളികളുടെ പിന്നോക്കാവസ്ഥ മാറ്റുന്നതിന് അവരെ കൂടുതൽ ബോധവാൻമാരാക്കാൻ വേണ്ടിയാണ്. അതുകൊണ്ട് നാടകം നടത്തി എന്നൊന്നും കമ്മ്യൂണിസ്റ്റുകാർ ആക്ഷേപമുന്നയിക്കുന്നതു ശരിയല്ല. ഇവിടെ മൽസ്യത്തൊഴിലാളികളുടെ ക്ഷേമസംഘങ്ങളുണ്ടായി മൽസ്യത്തൊഴിലാളികളുടെ ക്ഷേമനിധി ഗവൺമെന്റ് ഇവിടെ കൊണ്ടുവന്നു. അത് നടപ്പിലാക്കാനുള്ള പരിപാടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

സർ, കടലിൽ പോയി മീൻ പിടിക്കുന്ന മൽസ്യത്തൊഴിലാളിക്ക് അപകടമരണം സംഭവിച്ചാൽ അയാളുടെ കുടുംബത്തിന് പതിനായിരം രൂപ കൊടുത്തുകൊണ്ടിരുന്നത് പതിനയ്യായിരം രൂപയാക്കി വർദ്ധിപ്പിച്ചത് ഈ ഗവൺമെന്റാണ്. അതും മൂന്നുദിവസം കൊണ്ടാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഒരു തൊഴിലാളി അങ്ങനെ മരണപ്പെട്ടാൽ 48 മണിക്കൂറിനുള്ളിൽ ആ പണത്തിന്റെ ചെക്ക് അവിടെ കൊണ്ടുപോയി കൊടുക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. മൽസ്യത്തൊഴിലാളികളുടെ സമഗ്രമായ ജീവിത പുരോഗതിക്കുവേണ്ട പരിപാടികൾ ഈ ഗവൺമെന്റ് ആവിഷ്കരിക്കുന്നുവെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതോടൊപ്പം മൽസ്യത്തൊഴിലാളികൾക്ക് പെൻഷൻ ഏർപ്പെടുത്തുന്ന കാര്യം

LIBRARY ARCHIVES Kerala Legislative Assembly

ഗൗരവമായി പരിഗണിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ സഭക്ക് ഉറപ്പു തന്നിട്ടുണ്ട്. അതു അടിയന്തിരമായി നടപ്പിലാക്കാനുള്ള പദ്ധതികളെടുക്കണം. ഒരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് നമ്മുടെ രാജ്യത്തെ പാരമ്പരാഗത മൽസ്യത്തൊഴിലാളികളെ മൽസ്യബന്ധനരംഗത്ത് വിപ്ലവമുണ്ടാക്കിയത് ഔട്ട്ബോർഡ് എഞ്ചിൻ വന്നതോടുകൂടിയാണ്. സർ, കായിക ശക്തിയെക്കാളും കൂടുതൽ യന്ത്രത്തിന്റെ സഹായത്തോടുകൂടി കൂടുതൽ മീൻ പിടിക്കാൻ അവർക്ക് ഔട്ട്ബോർഡ് എഞ്ചിൻ സഹായകമായി. സർ, ഇന്ന് അതിൽ ഒരു പ്രശ്നമുണ്ട്. ഈ ഔട്ട്ബോർഡ് എഞ്ചിനിന്റെ വിലതങ്ങാനാവാത്തവിധം വർദ്ധിച്ചിരിക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് ദേശസാൽകൃത ബാങ്കുകളിൽ നിന്നും അതുപോലുള്ള സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടാണ് ഈ ഔട്ട്ബോർഡ് എഞ്ചിൻ വാങ്ങുന്നത്. സർ, മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന വൻകിട വ്യവസായികളും ട്രോളറോ ഫിഷിംഗ് ബോട്ടോ ഒക്കെ വാങ്ങുന്നു. അതിന് കേന്ദ്രനികുതി കുറവാണ്. അതിന്റെ എക്സൈസ് ഡ്യൂട്ടി അവർക്ക് കുറവാണ്. ഈ ഔട്ട്ബോർഡ് എഞ്ചിനും മാത്രം താങ്ങാനാവാത്തവിധം എക്സൈസ് ഡ്യൂട്ടി വർദ്ധിച്ചിരിക്കുന്നു. അതു സംസ്ഥാന ഗവൺമെന്റ് കൈകാര്യം ചെയ്യേണ്ട ഒരു പ്രശ്നമാണ്.

ശ്രീ. വി. ദിനകരൻ : സർ, ഈ ഔട്ട്ബോർഡ് എഞ്ചിന്റെ കസ്റ്റംസ് ഡ്യൂട്ടി ഇന്ന് ഏറ്റവും കൂടുതൽ വർദ്ധിച്ചിരിക്കുന്നു. കേരളത്തിൽ വച്ച് കഴിഞ്ഞ സെപ്റ്റംബർ മാസം 6-ാം തീയതി സെൻട്രൽ ഫിഷറീസ് അഡ്വൈസറീസ് ബോർഡ് ഈ കസ്റ്റംസ് ഡ്യൂട്ടി പൂർണ്ണമായും ഒഴിവാക്കിത്തരണമെന്ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ട കാര്യം അങ്ങേക്കറിയാമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, അതെ. അതിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയുന്നത് ഈ സംസ്ഥാന ഗവൺമെന്റും കസ്റ്റംസ് ഡ്യൂട്ടി ഒഴിവാക്കിക്കൊടുക്കണമെന്ന് കേന്ദ്രധനകാര്യമന്ത്രി കാര്യാലയത്തോട് ആവശ്യപ്പെടുകയാണെങ്കിൽ അത് പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് വലിയ സഹായമായിരിക്കും. ഗവൺമെന്റ് നടപ്പിലാക്കുന്ന നിയമങ്ങൾ കാര്യക്ഷമമായി ഇംപ്ലിമെന്റ് ചെയ്യുന്നതോടൊപ്പം പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ ജീവിതത്തിൽ സമൂലമായ മാറ്റം വരുത്താൻ മൽസ്യബന്ധനരംഗത്ത് അവരെ എങ്ങനെയെല്ലാം സഹായിക്കാൻ കഴിയുമെന്നുള്ളതാണ് സംസ്ഥാന ഗവൺമെന്റ് പ്രധാനമായി ശ്രദ്ധിക്കേണ്ട ഒരു കാര്യം. പരമ്പരാഗത മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇതു വളരെ കാലിക പ്രധാന്യമുള്ള ഒരു കാര്യമാണ്. ഈ ഔട്ട് ബോർഡ് എഞ്ചിനുകളുടെ എക്സൈസ് ഡ്യൂട്ടി അവസാനിപ്പിക്കാൻ കേന്ദ്രധനകാര്യ മന്ത്രാലയത്തോട് ആവശ്യപ്പെടണം. സംസ്ഥാന ഗവൺമെന്റ് അതിന് മുൻകൈയെടുക്കുകയും വേണ്ടിവന്നാൽ, അങ്ങയുടെ ആരോഗ്യസ്ഥിതി അനുവദിക്കുമെങ്കിൽ അങ്ങു തന്നെ ഡൽഹിയിൽ പോയ നമ്മുടെ ധനകാര്യമന്ത്രിയെക്കണ്ട് ഇക്കാര്യത്തിൽ നിവേദനം നടത്തണം. കേരളത്തിലെ പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിന് സത്വരമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സർ, അതുപോലെ കൺട്രി ക്രാഫ്റ്റുകൾ മെക്കനൈസ് ചെയ്യാൻ ഈ സെപ്റ്റംബറിൽ പ്ലാനിംഗ് കമ്മീഷൻ അംഗീകാരം നൽകിയിട്ടുണ്ട്. കേരളത്തിലെ മൽസ്യത്തൊഴിലാളികൾക്ക് ഇതിന്റെ സഹായം ലഭ്യമാക്കുന്നതിന് തയ്യാറാകണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഈ നിയമ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി : സർ, ഞാനെന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

സർ, ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങളും ഒരു കാര്യം വിസ്മരിച്ചുപോയിയെന്നാണ് എനിക്ക് തോന്നുന്നത്. അത് ചൂണ്ടിക്കാണിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത്. 1980-ൽ ഫിഷർമെൻ വെൽഫെയർ സൊസൈറ്റീസ് ആക്ടിന് രൂപം കൊടുത്ത അവസരത്തിൽ അന്ന് അധികാരത്തിലിരുന്ന ഗവൺമെന്റിന്റെ പരിഗണനയിലുണ്ടായിരുന്ന ഒട്ടനവധി സംഗതികളുണ്ടായിരുന്നു. അന്ന്, മൽസ്യത്തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന്, ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും അവരെ വിമുക്തരാക്കേണ്ടതാവശ്യമായിരുന്നു. നമ്മുടെ നാട് സ്വാതന്ത്ര്യം സമ്പാദിച്ചതിനുശേഷം ഈ നിയമത്തിന് രൂപം നൽകുന്നതുവരെ നമ്മുടെ കടലോരപ്രദേശങ്ങളിലും കായലോരപ്രദേശങ്ങളിലും തിങ്ങിപ്പാർക്കുന്ന മൽസ്യത്തൊഴിലാളികളും സമ്പന്നൻമാരുടെയും പണക്കാരുടെയും ഹുണ്ടിക വ്യാപാരികളുടെയും ചൂഷണത്തിന് വിധേയരായിരുന്നു. അതിനുവേണ്ടി പല മാർഗ്ഗങ്ങളും അവർ സ്വീകരിച്ചിരുന്നു. ഒന്നാം പഞ്ചവൽസരപദ്ധതിതൊട്ട് ആറാം പഞ്ചവൽസരപദ്ധതികാലം വരെയുള്ള 5 പഞ്ചവത്സരപദ്ധതിക്കാലത്ത് മൽസ്യബന്ധനത്തിനും അതുപോലെ മൽസ്യത്തൊഴിലാളികളുടെ ഉന്നമനത്തിനുംവേണ്ടി പ്ലാൻ സ്കീമുകളിൽ ഉൾപ്പെടുത്തി ചെലവഴിച്ചിട്ടുള്ള കോടിക്കണക്കിന് രൂപ അതിന് പ്രയോജനപ്പെട്ടില്ല. അതിന്റെ കണക്കുകളുണ്ട്. ഈരംഗത്ത് പ്രവർത്തിക്കുന്നതിന് നിയുക്തമായഏജൻസികളുണ്ട്. ഫിഷറീസ് ഡിപ്പാർട്ടുമെന്റുവരെയുണ്ട്. ഇതിനുവേണ്ടി നിരവധി പ്രോജക്ടുകൾ അംഗീകരിച്ച് നടപ്പാക്കിയിരുന്നു. ഇതിന്റെയൊക്കെ ഫലം നിരാശാജനകമായിരുന്നു. ഫിഷറീസ് ഡിപ്പാർട്ടുമെന്റ് വളരെ വ്യക്തമായി പറഞ്ഞാൽ നമ്മുടെ സിവിൽ സർവ്വീസിൽ ഗവൺമെന്റ് നിയന്ത്രണത്തിലുള്ള ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിൽ ഇത്രമാത്രം അഴിമതി നിറഞ്ഞ്, ഇത്രമാത്രം പിടിപ്പില്ലാത്ത, ഇത്രമാത്രം സ്വാർത്ഥതവച്ചു പുലർത്തുന്ന ഉദ്യോഗസ്ഥൻമാർ ഉൾക്കൊള്ളുന്ന ഒരു ഡിപ്പാർട്ടുമെന്റ് വേറെയില്ല. കഴിഞ്ഞ രണ്ടുവർഷം നിലവിലുണ്ടായിരുന്ന പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ഫിഷറീസ് ഡിപ്പാർട്ടുമെന്റിനെപ്പറ്റി മാത്രം പ്രത്യേക കേസ് സ്റ്റഡി നടത്തിയിരുന്നു. ഗവൺമെന്റിന് പൊതുജനങ്ങളോടുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിന് ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനം ആവശ്യമാണ്. അങ്ങനെ ഗവൺമെന്റിന് ജനങ്ങളോടുള്ള താൽപ്പര്യവും ഉത്തരവാദിത്വവും നിർവ്വഹിക്കുന്നതിന് വിഘാതമായി, അറിഞ്ഞുകൊണ്ട് പ്രവർത്തിക്കുന്ന ഡിപ്പാർട്ടുമെന്റ് എന്നുള്ള നിലയിൽ ഈ ഡിപ്പാർട്ടുമെന്റ് ഒരു കേസ് സ്റ്റഡിക്ക് വിധേയമാക്കിയതാണ്. അതിന്റെ റിപ്പോർട്ട് തയ്യാറാക്കിവരികയായിരുന്നു. അപ്പോഴേക്ക് ആ കമ്മിറ്റി പോയി. ഇപ്പോൾ പുതിയൊരു കമ്മിറ്റി വന്നിട്ടുണ്ട്. അവർ ഇത് എടുത്തിട്ടുണ്ടോയെന്നറിഞ്ഞുകൂടാ. പക്ഷെ അങ്ങനെ ഒരു പഠനം നടത്തി. ഈ ഡിപ്പാർട്ടുമെന്റിന്റെ മരണദോഷങ്ങളും വെളിച്ചത്തുകൊണ്ടുവന്ന് പൊതു വിമർശനങ്ങൾക്ക് വിധേയമാക്കേണ്ടതാവശ്യമാണ് എന്ന് തോന്നിയിട്ടുള്ള ഒരു ഡിപ്പാർട്ടുമെന്റാണ് ഫിഷറീസ് ഡിപ്പാർട്ടുമെന്റ്. സ്വാതന്ത്രസമ്പാദനത്തിനുശേഷം അന്നുതൊട്ട് ഇന്നുവരെയുള്ള അനുഭവമാണിത്. ആ ഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ടത്തിലും പൊതുവിൽ മറ്റു ഏജൻസികളും വഴിക്കും നടപ്പിലാക്കിയിട്ടുള്ള പല വികസന പ്രവർത്തനങ്ങളും പ്രോജക്ടുകളും പരാജയമായിരുന്നു. എന്നു മാത്രമല്ല വൻപിച്ച ഇടത്തട്ടു ചൂഷണത്തിന് വിധേയമായിട്ടുമുണ്ട്. അതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ ഉദാഹരണങ്ങളൊന്നും ഞാൻ പറയുന്നില്ല. അഞ്ചുതെങ്ങു പദ്ധതിയിൽ ഇൻഡ്യാഗവൺമെന്റ് ഒരുപാട് പണം മുക്കിയതാണ്. അതുപോലെ പരപ്പനങ്ങാടി പദ്ധതി. പല പ്രോജക്ടുകളും പല സ്കീമുകളും അങ്ങനെ പരാജയപ്പെട്ടുപോയി.

മൽസ്യത്തൊഴിലാളികളുടെ ജീവിത ഉന്നമനത്തിനുവേണ്ടി പ്ലാൻ സ്കീമിൽപ്പെടുത്തി ചെലവഴിച്ച തുക, ബഡ്ജറ്റിൽപ്പെടുത്തി ചെലവഴിച്ച തുക ഇതൊന്നും അവരുടെ കൈകളിൽ എത്തിയിട്ടില്ല. ഇതിനു പുറമേ പല സഹകരണസംഘങ്ങളുണ്ടാക്കി. മുൻകാല ഗവൺമെന്റുകളും സഹകരണ ആക്ടിലെ വ്യവസ്ഥകളും മറി കടന്നു സഹകരണ സംഘങ്ങളുണ്ടാക്കിയിട്ടുണ്ട്. ഇതിനകത്ത് കക്ഷി രാഷ്ട്രീയം ഞാൻ കാണുന്നില്ല. മുക്കിനു മുക്കിനു സഹകരണസംഘങ്ങളുണ്ടായിട്ടുണ്ട്. മൽസ്യത്തൊഴിലാളി സഹകരണസംഘങ്ങളും എന്ന പേരിൽ പല ആളുകളുടേയും പോക്കറ്റ് സംഘങ്ങളും മുക്കിനു മുക്കുണ്ടായിട്ടുണ്ട്. അതിനു ജുറിസ്ഡിക്ഷനും, മറ്റു കാര്യങ്ങളുമൊക്കെ പ്രശ്നമല്ല. ഒരു വില്ലേജിൽ തന്നെ അഞ്ചും ആറും സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്: ഓരോ സംഘത്തിനും മൽസ്യബന്ധനത്തിനു വേണ്ടി ഡിപ്പാർട്ടുമെന്റിൽ നിന്നും യന്ത്രവൽകൃത ബോട്ടുകളും കൊടുത്തിട്ടുണ്ട്. വമ്പിച്ച കൈക്കൂലി വാങ്ങിച്ചുകൊണ്ടാണ് അതു കൊടുത്തിട്ടുള്ളത്. ഇതിൽ മിക്കവാറും സംഘങ്ങളിൽ അതിന്റെ വാർഷിക പൊതുയോഗങ്ങളും കൂടാറില്ല, കണക്ക് ആഡിറ്റ് ചെയ്യാറില്ല, കമ്മിറ്റി യോഗങ്ങളും കൂടാറില്ല. പക്ഷേ ഇതൊക്കെ പരിശോധിച്ചതായിട്ടുള്ള രേഖകളുണ്ട്. ഫിഷറീസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർ ക്രമാനുസൃതമായി, നിയമാനുസൃതമായി പ്രവർത്തിക്കാത്ത സംഘങ്ങളൊക്കെ ചീട്ടയായിട്ടും, ക്രമമായിട്ടും പ്രവർത്തിക്കുന്നുവെന്നുള്ള രേഖകളുണ്ട്. ലക്ഷക്കണക്കിനു രൂപയുടെ ആനുകൂല്യങ്ങളും തട്ടിയെടുത്തിട്ടുണ്ട്. ഗ്രാന്റുകളും, അതുപോലെ തന്നെ ലോണുകളും മുതലായവ. ഇതൊന്നും തിരിച്ചടക്കാൻ സാധിക്കാത്തതാണ്. ഇതെല്ലാം മൽസ്യത്തൊഴിലാളികളെ നന്നാക്കാനാണ്. അവർക്ക് തൊഴിൽ സൗകര്യങ്ങളുണ്ടാക്കാനാണ്. അവരെ മെച്ചപ്പെടുത്താനാണ് എന്ന അടിസ്ഥാനത്തിൽ കൊടുത്തിട്ടുള്ള സഹായങ്ങളാണ്. ഈ സംഘങ്ങളുടെ പ്രവർത്തനം മോശമാണെന്ന് കണ്ടതിനുശേഷം അന്ന് ഗവൺമെന്റ് ഈ സംഘങ്ങളൊക്കെ പിരിച്ചുവിട്ടതിനുശേഷം ഈ പരിശീലനം കിട്ടിയ മൽസ്യത്തൊഴിലാളികളുടെ ഗ്രൂപ്പുകളുണ്ടാക്കി അതിനു ഒരു കൺവീനറേയും വച്ചു. എന്നിട്ട് ആ ഗ്രൂപ്പിനായിട്ട് പല ആനുകൂല്യങ്ങളും കൊടുത്തു. ബോട്ടുകളും, യന്ത്രവൽകൃത ബോട്ടുകളും മറ്റു ആനുകൂല്യങ്ങളായ വള്ളങ്ങളും, വലകളും തുടങ്ങിയിട്ടുള്ളവ. ഭാരിച്ച തുകകളും ഗ്രാന്റായും ലോണായും ഒക്കെ കൊടുത്തു. അതും തഥൈവയായി. അഴിമതിയും ഇടത്തട്ടു ചൂഷണവും മൂലം ഇതൊക്കെ മറ്റു ചില കൈകളിലേക്ക് പോയിക്കൊണ്ടിരുന്നു. ഈ കഴിഞ്ഞ അഞ്ചു പഞ്ചവൽസര പദ്ധതികളിലൂടെയും മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി, അവരുടെ തൊഴിൽ സൗകര്യങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി അവരുടെ സാമൂഹ്യമായിട്ടുള്ള മറ്റ് ക്ഷേമപ്രവർത്തനങ്ങൾക്ക് വേണ്ടിയൊക്കെ ചെലവഴിച്ച തുകകളൊക്കെ പാഴിൽ പോയതിന്റെ അടിസ്ഥാനത്തിൽ, അത് പാഴായിപ്പോയതിന്റെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് ഇങ്ങനെയൊരു സംവിധാനം ഉണ്ടാക്കുന്നതിന് അന്ന് ഗവൺമെന്റ് തീരുമാനിച്ചത്. അതിൽ അടിസ്ഥാനപരമായി അംഗീകരിച്ച് ഒരു കാര്യം മൽസ്യത്തൊഴിലാളി ഗ്രാമമുണ്ടാക്കുകയാണ്. 400 ഗ്രാമങ്ങളുണ്ട് എന്ന് കണക്കാക്കപ്പെട്ടിരുന്നു. ഈ ഓരോ ഗ്രാമത്തിലും അധിവസിക്കുന്ന മുഴുവൻ മൽസ്യ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളും ആ ഗ്രാമസംഘത്തിലെ അംഗങ്ങളായിരിക്കണമെന്നുള്ള താണ്. എന്നിട്ട് അവരെ തെരഞ്ഞെടുക്കുന്ന ഒരു കമ്മിറ്റി അവരുടെ ഭാഗധേയം നിശ്ചയിക്കണം. ഈ സംഘത്തിലെ അംഗത്വത്തെപ്പറ്റി ഇവിടെ പല വിമർശനങ്ങളുമുണ്ടായി. അത് ശരിയല്ല. സർ, ഈ സംഘത്തിൽ അംഗത്വം കൊടുക്കുന്നതിനെ സംബന്ധിച്ചും, അതുപോലെ തന്നെ വർഷംതോറും ഈ അംഗത്വ ലിസ്റ്റ് പരിശോധിക്കുന്നതിനും ഉള്ള തക്കതായ വ്യവസ്ഥകളുണ്ട്. എല്ലാ വർഷവും സെപ്തംബർ മാസത്തിൽ ഈ അംഗങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അത് പ്രസിദ്ധപ്പെടുത്തണം. എന്നിട്ട് ആ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി തെരഞ്ഞെടുപ്പ് നടത്തണം. അങ്ങനെ പൂർണ്ണമായും മൽസ്യത്തൊഴിലാളികളുടെ ഭാഗധേയം നിശ്ചയിക്കുന്നതിന് ഇടത്തട്ടുകാരെ ഒഴിവാക്കി അവരെ തന്നെ ചുമതലപ്പെടുത്തുന്ന ഒരു സംവിധാനമാണ് ഈ നിയമത്തിൽ അംഗീകരിച്ചിട്ടുള്ളത്. ആ അടിസ്ഥാനമേ ഇപ്പോഴും മാറിയിരിക്കുന്നു. ഇവിടെ നോമിനേഷനെപ്പറ്റി പല ആളുകളും പറയുകയുണ്ടായി. അത് ഞാൻ നേരത്തേ പറഞ്ഞ സംഘങ്ങളാണ്. ഈ ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് മുൻകാലങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള സംഘങ്ങളും—അതാണ് ഞാൻ നേരത്തേ പ്രസ്താവിച്ച സംഘങ്ങളും—ഈ അഞ്ച് പഞ്ചവൽസര പദ്ധതിക്കാലത്തും കോടിക്കണക്കിന് രൂപയുടെ ആനുകൂല്യങ്ങളും ലജനാവിൽനിന്ന് വിതരണം ചെയ്ത് കൈപ്പറ്റി ഇടത്തട്ടുകാർക്കും, ഈ രാജ്യത്തെ വൻകിട മുതലാളികൾക്കും, സമ്പന്നൻമാർക്കും പ്രയോജനപ്പെട്ട വിധത്തിലുള്ള ഒരു സംവിധാനമുണ്ടാക്കി. അതേപ്പറ്റി അന്വേഷിച്ചാൽ നമുക്ക് അതു ബോധ്യമാകും. ഈ സംഘങ്ങൾ അങ്ങനെ ഉദ്ദേശിച്ചു കൊണ്ടുള്ളതല്ല. രാഷ്ട്രീയ അഭിപ്രായ വ്യത്യാസത്തിനുപരിയായി, രാഷ്ട്രീയ നിറം നോക്കാതെ മറ്റ് തരത്തിലുള്ള ഒന്നും നോക്കാതെ ഓരോ ഗ്രാമത്തിലുമുള്ള മുഴുവൻ മൽസ്യത്തൊഴിലാളികളും ഈ സംഘത്തിലെ അംഗമായിരിക്കണം. അവർ തെരഞ്ഞെടുക്കുന്ന അവരുടെ കമ്മിറ്റി അവരുടെ ഭാഗധേയം നിശ്ചയിക്കണം. അതാണ് ഉണ്ടായിരിക്കേണ്ടത്. എന്നിട്ട് ആ ഗ്രാമത്തെ സംബന്ധിച്ചുള്ള, ഗ്രാമത്തിന് ആവശ്യമായിട്ടുള്ള, മൽസ്യബന്ധനത്തിനാവശ്യമായ എല്ലാവിധ സഹായങ്ങളും, ഈ സഹകരണസംഘം വഴി അതിലെ അംഗങ്ങൾക്കും മൽസ്യത്തൊഴിലാളികൾക്കും എത്തിച്ചുകൊടുക്കുകയാണ് വേണ്ടത്. വള്ളം ആയാലും, വലയായാലും, മറ്റ് ഉപകരണങ്ങളായാലും അതുപോലെ തന്നെ അവരുടെ സാമൂഹ്യക്ഷേമ സംബന്ധമായിട്ടുള്ള മറ്റ് കാര്യങ്ങളായ ശുദ്ധജല വിതരണം നടത്തുക, ആരോഗ്യ സംരക്ഷണം, ഇങ്ങനെ ആ ഗ്രാമം സ്വയം പര്യാപ്തമാകത്തക്കവണ്ണം തൊഴിലിന്റെ അടിസ്ഥാനത്തിലും, തൊഴിൽ ചെയ്തുകിട്ടുന്ന മൽസ്യം വിപണനം നടത്തുന്ന കാര്യത്തിലും അതുപോലെയുള്ള എല്ലാ കാര്യത്തിലും മൽസ്യത്തൊഴിലാളി ഗ്രാമങ്ങളെ സ്വയം പര്യാപ്തമാക്കുകയെന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം. അവരുടെ ഭാഗധേയം നിശ്ചയിക്കാൽ അവരെത്തന്നെ നിയുക്തമാക്കുക, ഇവിടെ ഗവൺമെന്റ് മാറിയതുകൊണ്ട് ഈ സമീപനത്തിൽ അടിസ്ഥാനപരമായ വ്യത്യാസം വന്നിട്ടുണ്ട്. ഒന്ന് മൽസ്യത്തൊഴിലാളികളുടെ ഭാഗധേയം നിശ്ചയിക്കുന്നതിന് ഇടത്തട്ടുകാർക്ക് സൗകര്യം കിട്ടിയിരുന്ന പഴയ കാലത്ത് ഇടത്തട്ടുകാരുടെ ചൂഷണത്തിന് അവർ വിധേയരായി. അവരുടെ വളർച്ചക്കു വേണ്ടിയും, അവരുടെ പുരോഗതിക്കുവേണ്ടിയും ചെലവഴിച്ചിട്ടുള്ള പണമൊന്നും പ്രയോജനപ്പെട്ടില്ല. ആ സ്ഥാനത്ത് അവരുടെ ഭാഗധേയം നിശ്ചയിക്കുന്നതിന് മൽസ്യത്തൊഴിലാളികളെ തന്നെ നിയുക്തരാക്കുന്ന ആ രീതി മാറ്റി, പൊതുവിൽ ഒരു മേൽനോട്ടം മാത്രം വഹിക്കുകയും മിസ്യൂസ്

LIBRARY ARCHIVES Kerala Legislative Assembly

തടയുകയും ചെയ്യുക എന്നുള്ള അടിസ്ഥാനത്തിലുണ്ടാക്കിയിട്ടുള്ള നിയമം മാറ്റി, വീണ്ടും ഇടത്തട്ടുകാരെ അവിടെ പ്രതിഷ്ഠിച്ചിരിക്കുന്നുവെന്നുള്ളതാണ്, ഈ ഗവൺമെന്റ് ചെയ്തിട്ടുള്ള ഒരു മെച്ചമായി എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. അത് അപകടകരമാണ്. ആ പഴയ രീതി തുടർന്നാൽ അത് മുൻകാല അനുഭവങ്ങൾ ആവർത്തിക്കുവാനിടയാക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഇപ്പോൾ മൽസ്യഫെഡ് എന്നു പായുന്ന ഒരു ഫെഡറേഷൻ സംവിധാനമുണ്ട്. ആ അപ്പക്സ് സംവിധാനം ഇതിനു നല്ലതാണെന്നാണ് ഈ ഗവൺമെന്റിന്റെ അഭിപ്രായം. എനിക്ക് അതിൽ അഭിപ്രായ വ്യത്യാസമില്ല. അതിനെ ഒരു പരീക്ഷണത്തിനു വിധേയമാക്കി. പക്ഷേ ആ പരീക്ഷണത്തിനു വിധേയമാക്കിയതിനു ശേഷമുള്ള മൂന്നു നാല് വർഷക്കാലത്തെ അനുഭവങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. വീണ്ടും അവിടെ ഒരു ഇടത്തട്ടു ചൂഷണത്തിന്റെ സാദ്ധ്യതകളും തെളിഞ്ഞുവന്നിട്ടുണ്ടെന്നാണ്. നിരവധി ഉദാഹരണങ്ങളും ഇതു സംബന്ധിച്ച് ചൂണ്ടിക്കാണിക്കാൻ സാധിക്കും. മൽസ്യഫെഡിന്റെ ആഭിമുഖ്യത്തിൽ ഇതിനകം തന്നെ ധാരാളം തുക ചെലവഴിച്ചിട്ടുള്ള നിരവധി പദ്ധതികളും ഉണ്ട്. ഈ പദ്ധതികളിലെല്ലാം ഇടത്തട്ടുകാർക്ക് ചൂഷണത്തിനുള്ള പല സന്ദർഭങ്ങളും സൗകര്യങ്ങളും വേണ്ടുവോളമുണ്ടാക്കിയിട്ടുണ്ട്. ഇടത്തട്ടുകാരും സ്ഥാപിത താൽപ്പര്യക്കാരും ഏറെക്കുറെ അവരുടെ ആധിപത്യം ഈ മേഖലയിൽ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. മൽസ്യഫെഡിന്റെ കമ്മിറ്റി ഒരു നോമിനേറ്റഡ് കമ്മിറ്റിയാണ്. ജില്ലാ കമ്മിറ്റികളൊക്കെ നോമിനേറ്റഡ് കമ്മിറ്റികളാണ്. എന്നാൽ ഈ മൽസ്യഫെഡിന്റെ പ്രവർത്തനങ്ങളിലും അതിന്റെ കമ്മിറ്റിയെ നോമിനേറ്റ് ചെയ്തിട്ടുള്ള കാര്യത്തിലും, ജില്ലാ കമ്മിറ്റിയെ നോമിനേറ്റ് ചെയ്തിട്ടുള്ള കാര്യത്തിലും, എവിടെയെങ്കിലും ഈ ഗവൺമെന്റ് ഈ വില്ലേജ് സംഘങ്ങളിലെ അംഗങ്ങളെ നോമിനേറ്റ് ചെയ്തിട്ടുണ്ടെങ്കിൽ, അത് 100 ശതമാനവും രാഷ്ട്രീയമായിട്ടാണ് നടത്തിയിട്ടുള്ളത് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഭരണകക്ഷിക്കാരെ മാത്രം നോമിനേറ്റ് ചെയ്തുകൊണ്ടുള്ള കമ്മിറ്റികളാണ് അവിടെയെല്ലാം ഉണ്ടായിട്ടുള്ളത്. ഭരണകക്ഷിയിൽപ്പെട്ടവരെ മാത്രം നോമിനേറ്റ് ചെയ്തതിൽ ആക്ഷേപത്തിനോ എതിർപ്പിനോ വകയില്ലെന്ന് വേണമെങ്കിൽ പറയാം. ഭരണകക്ഷിക്കാർ ഏതെങ്കിലും വിധത്തിലുള്ള പാപം ചെയ്തിട്ടുണ്ടോ? ഇന്ന് ഈ രംഗത്ത് വന്നിട്ടുള്ള ആളുകൾക്കെല്ലാം അവരുടേതായ ചരിത്രമുണ്ട്. ഞാൻ അവരുടെ പേരെടുത്ത് പറയുന്നില്ല. ഈ സഭയിൽ ഇല്ലാത്തവരെപ്പറ്റി വിമർശനം ഉന്നയിക്കുന്നതും, ആക്ഷേപിക്കുന്നതും ശരിയല്ല എന്ന ഒരു കീഴ്വഴക്കമുണ്ട്. പലരും എണ്ണം പറഞ്ഞ പുള്ളികളാണ്. കമ്മിറ്റികളിലും, ജില്ലാ കമ്മിറ്റികളിലും മൽസ്യഫെഡിന്റെ സംസ്ഥാന കമ്മിറ്റിയിലും ഈ ഗവൺമെന്റ് നോമിനേറ്റ് ചെയ്തിട്ടുള്ള പുള്ളികൾ കഴിഞ്ഞ കാലങ്ങളിൽ മൽസ്യത്തൊഴിലാളികളെ പല രംഗങ്ങളിലും ചൂഷണം ചെയ്തതിൽ ലബ്ധപ്രതിഷ്ഠയും, കുപ്രസിദ്ധിയും നേടിയിട്ടുള്ളവരാണിവർ എന്നുള്ളതിനു എനിക്ക് യാതൊരു സംശയവുമില്ല. അങ്ങനെയുള്ള ആളുകളെക്കൊണ്ട് ചൂഷണം ചെയ്യാൻ അറിയാവുന്നവർ, ഈ രംഗത്തെ വിദഗ്ദ്ധ പ്രവർത്തനങ്ങളിൽ കഴിഞ്ഞ കാലങ്ങളിൽ ഇടപെട്ട് ചൂഷണം ചെയ്തിട്ടുള്ള ആളുകൾ, തനി രാഷ്ട്രീയമായി ഈ ഇടത്തട്ടു ചൂഷണത്തിനു ഈ തൊഴിലാളികളെ എറിഞ്ഞു കൊടുക്കുന്ന വിധത്തിലുള്ള ഒരു നിലപാടാണ് ഈ ഗവൺമെന്റ് എടുത്തിട്ടുള്ളത്. ഈഗവൺമെന്റിന്റെ നയം മൂലവും, നടപടിക്രമങ്ങൾമൂലവും ഇപ്പോൾ അതാണ് ഉണ്ടായിട്ടുള്ളത്. ഇടത്തട്ട് ചൂഷണത്തിൽ നിന്ന് മൽസ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഒരു നിയമ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിച്ച്, ആ നിയമത്തെ പരാജയപ്പെടുത്തിക്കൊണ്ട് രാഷ്ട്രീയമായി ഈ രംഗത്ത് ഇടത്തട്ടു ചൂഷണത്തിന് വീണ്ടും ഈ പാവങ്ങളെ എറിഞ്ഞുകൊടുക്കുന്ന ഒരു നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. അൽപ്പസ്വൽപ്പം ആനുകൂല്യങ്ങളൊക്കെ ഇതിൽ പറഞ്ഞിട്ടുണ്ട്. ആ ആനുകൂല്യങ്ങളിലൊക്കെ കണ്ണഞ്ചിച്ച്, വീണ്ടും ഈ ഇടയന്റെ പിറകേപോയ ആടിനെപ്പോലെ പാവപ്പെട്ട മൽസ്യത്തൊഴിലാളികളെ ഈ ഇടത്തട്ടുകാരന്റെ പിറകോട്ട് ആനയിക്കുന്ന ഒരു സംവിധാനവും അതനുസരിച്ചുള്ള സംഗതികളുമാണ് ഇതിൽ ചെയ്തിട്ടുള്ളത്. കള്ളം ചെയ്തും, പിടിപ്പുകേട് കാണിച്ചും അതുപോലെ തന്നെ ഈ രാജ്യത്തുള്ള വികസന പ്രവർത്തനങ്ങളൊക്കെ താറുമാറാക്കി, പല പ്രോജക്ടുകളും പരാജയപ്പെടുത്തിയ ഒരു ഡിപ്ലാർട്ടുമെന്റാണ് ഇത്. അതിന് ഒരു കുപ്രസിദ്ധിനേടിയ ഒരു ഡിപ്പാർട്ടുമെന്റും ആ ഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ടത്തിന് ഈ മൽസ്യ ഫെഡും, അതിന്റെ അടിസ്ഥാനത്തിലുള്ള ജില്ലാ സഹവിധാനങ്ങളുമാണ് ഇവിടെയുള്ളത്. ഇവിടെ ചില വില്ലേജുകളിൽ നോമിനേറ്റ് ചെയ്തിട്ടുള്ള നോമിനേറ്റഡ് മെമ്പർമാരും ചേർന്ന് ഇന്ന് ഈ രംഗത്ത് ചെലവഴിക്കേണ്ടതും നമ്മുടെ ഖജനാവിൽ നിന്ന് ചെലവഴിക്കുന്നതുമായ ഭാരിച്ച തുക ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. അതിന്റെ ഒരംശം മാത്രമേ ഈ മൽസ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്നുള്ളൂ എന്നുള്ളതാണ് ഇന്നത്തെ സ്ഥിതി. പഴയ ചരിത്രമാണ് ഇപ്പോഴും ആവർത്തിക്കപ്പെടുന്നത്. ഇത് അവസാനിക്കണമെന്നുണ്ടെങ്കിൽ, 1980-ലെ പഴയനിയമത്തിലെ സംവിധാനം പുനഃസ്ഥാപിക്കണം. തെരഞ്ഞെടുപ്പ് നടത്തണം. തെരഞ്ഞെടുക്കപ്പെടുന്ന കമ്മിറ്റികളുണ്ടാക്കണം. ഇതിൽ നോമിനേറ്റ് ചെയ്യുന്ന സംവിധാനം, മറ്റു സംഘങ്ങളിലെപ്പോലെയല്ല. പ്രത്യേകിച്ചും രാഷ്ട്രീയ നോമിനേഷൻ. അതിന് വിധേയരാകാൻ; അംഗങ്ങൾ ഒരു ഗ്രാമത്തിലെ മൽസ്യത്തൊഴിലാളികളെ ഇവരുടെ ആധിപത്യത്തിന് വിധേയരാക്കാൻ അവരെ പ്രേരിപ്പിക്കുകയും, നിർബന്ധിക്കുകയും ചെയ്യുന്ന സാഹചര്യങ്ങൾ ഇന്ന് നിലവിലുണ്ട്. അതുകൊണ്ട് തുച്ഛമായ ആനുകൂല്യങ്ങൾപോലും കിട്ടണമെന്നുണ്ടെങ്കിൽ ഈ നോമിനേറ്റ് ചെയ്യപ്പെട്ടിട്ടുള്ള രാഷ്ട്രീയ നേതാക്കൻമാരുടെ പിറകെ ചില പാർട്ടി ഓഫീസുകളിൽ ചെന്നില്ലെങ്കിൽ അവർക്ക് യാതൊരു ആനുകൂല്യങ്ങളും കിട്ടാത്ത ഒരു സ്ഥിതി ഇന്ന് നിലവിലുണ്ട്.

ശ്രീ. ആർ. എസ്. ഉണ്ണി : (തുടർച്ച) സർ, അതുപോലെ ന്യായപ്രകാരം ആനുകൂല്യങ്ങളും കിട്ടണമെന്നുണ്ടെങ്കിൽ നോമിനേറ്റ് ചെയ്യപ്പെട്ടിട്ടുള്ള ഈ രാഷ്ട്രീയ നേതാക്കൻമാരുടെ പിറകെ, അവരുടെ പാർട്ടി ഓഫീസുകളിൽ ചെന്നില്ലെങ്കിൽ അവർക്ക് യാതൊരാനുകൂല്യവും കിട്ടുകയില്ല എന്നുള്ള സ്ഥിതി വന്നിരിക്കുകയാണ്. അവർക്ക് യാതൊരു സ്വാതന്ത്ര്യവുമില്ല; അവരുടെ ഭാഗധേയം തീരുമാനിക്കാൻ അവർക്ക് കഴിയുന്നില്ല. അതുകൊണ്ട് ഈ നയത്തിൽ മാറ്റം വരുത്തണം. അതായത് സ്വയംപര്യാപ്തമായ മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിൽ അധിവസിക്കുന്ന മുഴുപ്പട്ടിണിയും മൽസ്യത്തൊഴിലാളികളും അംഗങ്ങളായിട്ടുള്ള സംഘങ്ങൾ തെരഞ്ഞെടുക്കുന്ന അവരുടെ പ്രതിനിധികൾക്ക് അവരുടെ ഭാഗധേയം തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. അവരുടെ ആനുകൂല്യങ്ങൾ അതായത് ആരോഗ്യസംരക്ഷണത്തിലും അതുപോലെ തന്നെ തൊഴിൽ വികസിപ്പിക്കുന്നതിനും വളർച്ചയ്ക്കും പുരോഗതിക്കുമൊക്കെയുള്ള സഹായങ്ങൾ ആ സംഘങ്ങൾ വഴി ലഭ്യമാക്കി ആ ഗ്രാമങ്ങളെ സ്വയംപര്യാപ്തതയിൽ എത്തിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്താനുള്ള നിയമപരമായ ബാദ്ധ്യത ഗവൺമെന്റ് നിർവഹിക്കണം. അർത്ഥത്തിലും സ്പിരിറ്റിലും നേരത്തേയുള്ള നിയമനുസരിച്ചുള്ള, അതായത് 1980-ൽ

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ പാസ്സാക്കിയ നിയമം അനുസരിച്ചുള്ള പ്രവർത്തനം നടത്തുക, അത് മറികടക്കാതിരിക്കുക, ആ സ്കീം പരാജയപ്പെടുത്താതിരിക്കുക ഇതു മാത്രമാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ഇത് മൊത്തത്തിൽ മാറ്റം വരുത്താൻവേണ്ടി പൊതുജനാഭിപ്രായത്തിന് വിടണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഞാൻ ഇത് പൊതുജനാഭിപ്രായത്തിന് വിടണമെന്ന പ്രമേയം അവതരിപ്പിക്കാനുണ്ടായ കാരണങ്ങളെക്കുറിച്ച് പറയാം. 1980-ൽ അന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വളരെ പ്രതീക്ഷയോടുകൂടി അവതരിപ്പിച്ച് പാസ്സാക്കിയ ഒരു നിയമമാണ് ഇത്. അന്ന് ആ നിയമം പാസ്സാക്കുന്ന അവസരത്തിൽ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഒരഭിപ്രായം ഞങ്ങൾ പറയുകയുണ്ടായി. കേരളത്തിലെ മൽസ്യ തൊഴിലാളികൾക്ക് ഇതൊരു 'മാഗ്നാകാർട്ടാ' ആയി തീരട്ടേയെന്ന്. അതുവരെ അവശരും ആലംബഹീനരും ആർത്തൻമാരും ആയിരുന്ന കേരളത്തിലെ പാവപ്പെട്ട മൽസ്യത്തൊളിലാളികൾ അവരുടെ രാഷ്ട്രീയമെന്താണെന്ന് അന്വേഷിച്ചിട്ടില്ല. ഞാൻ ആ അവകാശവാദത്തിലേക്കൊന്നും കടക്കാതെ തന്നെ പറയുകയാണ്. അങ്ങനെയുള്ള ഒരു വൻപിച്ച ജനവിഭാഗത്തെ സാമ്പത്തികമായും സാമൂഹികമായും ഉയർത്തിക്കൊണ്ടുവരുന്നതിന് കൂടി ഉദ്ദേശിച്ചുകൊണ്ട് നിലവിൽവന്നിട്ടുള്ള നിയമമാണ് ഈ മൽസ്യത്തൊഴിലാളി ക്ഷേമനിധി സഹകരണസംഘം നിയമം. പക്ഷേ, നിർഭാഗ്യകരമെന്നുതന്നെ പറയട്ടേ, ആ ആ നിയമത്തിന്റെ ഇന്നത്തെ ഗതിയെന്താണ് ? എനിക്ക് ഒരു വരിയാണ് ഓർമ്മ വരുന്നത്.

"വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ...."

"വീണിതല്ലോ കിടക്കുന്നു ധരണിയിൽ" എന്തുകൊണ്ട് ? എന്താണ് ശോണിതം ? ഞാൻ പറയുകയാണ് തെരഞ്ഞെടുപ്പെന്നുപറഞ്ഞു, തെരഞ്ഞെടുപ്പോടുകൂടി, തികച്ചും ജനാധിപത്യപരമായി പ്രവർത്തിക്കണമെന്നുള്ള ലക്ഷ്യത്തോടുകൂടി പാസ്സാക്കിയെടുത്ത ഒരു നിയമം നോമിനേഷൻ എന്ന കാൻസർ രോഗം ബാധിച്ച് ഇന്ന് ശോണിതവുമണിഞ്ഞ് കിടക്കുകയാണ് ധരണിയിൽ. മൽസ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പരിതാപകരമായ സ്ഥിതി, വിശേഷം അതാണ്. ഇത് കൈകാര്യം ചെയ്യുന്ന ഇന്നത്തെ മന്ത്രിയെ കാണുമ്പോൾ എനിക്കൊരു വാക്ക് ഓർമ്മ വരുന്നു. 'Here is an old gentleman unwept and uncared for.' വന്ദ്യവയോധികനായ പാവപ്പെട്ട ജേക്കബ് പേട്ടന്റെ പേരിലാണ് ഈ നിയമം അവതരിപ്പിക്കേണ്ടി വന്നത്. അദ്ദേഹത്തിന് ഇത് പച്ച മരുന്നോ അങ്ങാടി മരുന്നോ എന്നറിയില്ല. ശ്രീ. കെ. കരുണാകരന്റെ പ്രതിഛായയുടെ ഫലമായിട്ടാണ് ജേക്കബ് പേട്ടനും ഈ ഗതികേടു വന്നു ചേർന്നത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, അദ്ദേഹത്തിന് പ്രായം ഉണ്ടെങ്കിൽപോലും ഇന്നും എല്ലാ കാര്യത്തിലും യുവാവാണെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ അതേതായാലും രാമചന്ദ്രൻമാസ്റ്റർ പറഞ്ഞ സ്ഥിതിക്ക് ഞാൻ വിശ്വസിക്കുന്നു. ജേക്കബ് പേട്ടൻ നല്ല ഉഷാറും കരുത്തുമുള്ള ആളാണ്. അങ്ങനെ ദീർഘനാൾ അദ്ദേഹം യുവാവായിട്ട് ഇരിക്കട്ടെ എന്ന് ഞാൻ ആശംസിക്കുകയാണ്. പക്ഷേ ഞാൻ പറഞ്ഞു വന്ന കാര്യം ഈ പ്രതിഛായയുടെ ചർച്ചയുടെ ഫലമായിട്ട്, ഏതാണ്ട് ഒരു രക്തസാക്ഷിയിരിക്കുന്നു "സുന്ദരം സ്വാമീ". അദ്ദേഹത്തെ ഇപ്പോൾ പഞ്ചായത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒതുക്കിയിരിക്കുകയാണ്. മുനിസിപ്പാലിറ്റിയൊക്കെ കൈകാര്യം ചെയ്തുകൊണ്ടിരുന്നആളാണ്. അതുപോലെ തന്നെയാണ് ജേക്കബ് ചേട്ടനും വന്നിരിക്കുന്ന ഗതികേട്. ഞാൻ പറഞ്ഞു വന്നത് ഈ നിയമത്തിന്റെ യഥാർത്ഥ ലക്ഷ്യം ഇടത്തരക്കാരെ ഒഴിവാക്കുക എന്നതായിരുന്നു. മദ്ധ്യവർത്തികളെ ഒഴിവാക്കി യഥാർത്ഥ മൽസ്യത്തൊഴിലാളികൾക്ക് ഗുണം ചെയ്യാൻ വേണ്ടിയാണ് ഈ നിയമം കൊണ്ട് ഉദ്ദേശിച്ചത് എന്നു പറഞ്ഞാൽ, നേരത്തെ എം. വി. രാഘവൻ പറഞ്ഞല്ലോ, രാഘവൻ ഇന്ന് ചെയ്തുകൊണ്ടിരിക്കുന്ന പണി ഒരു കങ്കാണി പണിയാണ്. രാഷ്ട്രീയക്കാരെ അദ്ദേഹം കുറെ പറയും, അദ്ദേഹത്തിന്റെ പണിയെന്താണ് ? കോൺഗ്രസിനുവേണ്ടി ആളെ ചേർക്കുകയെന്ന കങ്കാണി പണി. ഇപ്പോൾ കോൺഗ്രസ്സിന്റെ ഒരു കങ്കാണിയാണ് ശ്രീമാൻ എം. വി. രാഘവൻ. അതുകൊണ്ടാണ് രാഘവൻ കാണിക്കുന്നതെല്ലാം കങ്കാണിത്തമാണെന്ന് എനിക്ക് തോന്നുന്നത്. ഈ നിയമത്തിലെ വ്യവസ്ഥ കങ്കാണിമാരെ ഒഴിവാക്കുകയെന്നതാണ്.

ശ്രീ. ടി. എസ്. ജോൺ : സർ, ഈ അടുത്ത കാലത്ത് ശ്രീ. ഇ. എം. എസ്. അങ്ങയുടെ നേതാവ്, കോൺഗ്രസ്സാണ് തമ്മിൽ ഭേദമുള്ള പാർട്ടിയെന്നു പറഞ്ഞതായിട്ട് പത്രങ്ങളിലൊക്കെ വാർത്ത വന്നിട്ടുണ്ട്. കോൺഗ്രസ്സിനോട് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അടുക്കുന്നു, അത് ശരിയല്ല എന്ന് കമ്മ്യൂണിസ്റ്റുകാരനായ ശ്രീ. എം. വി. രാഘവൻ പറഞ്ഞതാണോ തെറ്റ് ? അതിനാണോ ശ്രീ. രാഘവനെ പുറത്താക്കിയത് ? എന്നിട്ട് ഇപ്പോൾ രാഘവനെ കുറ്റം പറയുന്നത് ശരിയാണോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, രാഘവന്റെ കങ്കാണിപ്പണി ഇപ്പോൾ ടി. എസ്. ജോൺ ഏറെറടുത്തിട്ടുണ്ടോ ? ഞാൻ പറഞ്ഞു വന്നത് ഈ നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളെ പരാജയപ്പെടുത്തുന്ന ഒരു സ്ഥിതിവിശേഷമാണ് ഇപ്പോൾ നിലവിലുള്ളതെന്നാണ്. മൂല നിയമത്തിൽ ഒരു ഫിഷറീസ് ഓഫിസറെ നിയമിക്കാൻ വ്യവസ്ഥയുണ്ട്. ഭരണപരമായ ചുമതലകൾ നിർവഹിക്കേണ്ടത് ഗവൺമെൻറായിരുന്നു. ഇന്ന് ഓരോ സംഘത്തിലും നിയമിക്കപ്പെടുന്ന ഫിഷറീസ് ഓഫീസർമാരുടെ ഭരണച്ചുമതല ഒരു അപ്പെക്സ് സൊസൈറ്റിയെ ഏൽപ്പിക്കുക എന്നതാണ് ഈ നിയമ ഭേദഗതി കൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്. എന്നാൽ ഈ അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ മാത്രം വിട്ടതുകൊണ്ട് ഫലത്തിൽ ഗുണമുണ്ടാകുമോ എന്നുള്ള കാര്യം സംശയമാണ്. അതേയവസരത്തിൽ എനിക്ക് ഗവൺമെൻറിന്റെ ശ്രദ്ധയിൽകൊണ്ടുവരാനുള്ളത് എന്താണെന്നുവച്ചാൽ ഈ ഫിഷറീസ് ഓഫീസർമാരെല്ലാം ഫലത്തിൽ ഇന്ന് ഓരോ മൽസ്യത്തൊഴിലാളി പ്രദേശങ്ങളിലും ഒരു 'കുട്ടി ഹിറ്റ്ലർ' ആയി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ്. അദ്ദേഹത്തിന് മറ്റാരോടും ഉത്തരവാദിത്വമില്ല. ഇപ്പോൾ നോമിനേറ്റഡ് സംഘങ്ങളെല്ലാം ഫിഷറീസ് ഓഫീസറുടെ പാർശ്വവർത്തികളായിട്ടാണ് പ്രവർത്തിക്കുന്നത്. ഈ നോമിനേറ്റഡ് അംഗങ്ങൾക്ക് ഇക്കാര്യത്തിൽ സ്വതന്ത്രമായി അവരുടെ അഭിപ്രായം പ്രകടിപ്പിക്കാനുള്ള സൗകര്യം ലഭിക്കുന്നില്ല. തൻമൂലം സംഘത്തിന്റെ പ്രവർത്തനം ഒരാളിൽ മാത്രം കേന്ദ്രീകരിക്കുകയാണ്. അതുകൊണ്ട് പാവപ്പെട്ട മൽസ്യത്തൊഴിലാളികൾ, വാസ്തവം പറഞ്ഞാൽ അവരിൽ ബഹുഭൂരിപക്ഷം ആളുകളും വിദ്യാസമ്പന്നരല്ല. അവർ നിത്യ അദ്ധ്വാനത്തിന്റെ ഫലംകൊണ്ടു മാത്രം ജീവിക്കുന്നവരാണ്. നമ്മുടെ നാട്ടിലെ ഏറ്റവും പ്രയാസമേറിയ പരിതഃസ്ഥിതിയിൽ ജീവിക്കുന്നവരാണ് പാവപ്പെട്ട മൽസ്യത്തൊഴിലാളികൾ. കടപ്പുറത്ത് ചെന്ന് അവർ ജീവിക്കുന്നു. പെട്ടെന്ന് തീപ്പെട്ടാരിപോലെ രോഗങ്ങളെല്ലാം പടർന്നു പിടിക്കുന്ന സാഹചര്യത്തിലാണ്

LIBRARY ARCHIVES Kerala Legislative Assembly

തരമാക്കുന്നത്. മാത്രമല്ല നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം മൽസ്യത്തൊഴിലാളികളുടെ തൊഴിൽ Seasonal Industry ആണ്. ഒരു വർഷത്തിലെ അനേകം മാസങ്ങളിൽ അവർക്ക് എന്തെങ്കിലും ജോലിയോ വരുമാനമോ ഇല്ലാതാകുന്നു.

ആ അവസരത്തിൽ ഇതുപോലുള്ള ഇടത്തരക്കാരിൽ നിന്ന് പണം കടമായി വാങ്ങി കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ വിൽക്കേണ്ടിവരുന്ന ഒരു ഗതികേടിലാണ് ഇന്നവർ എത്തിയിരിക്കുന്നത്. ഇത് ഒഴിവാക്കാൻ വേണ്ടിയാണ് ഈ നിയമം. ഇന്ന് സംഘത്തിൽ പ്രവർത്തിക്കുന്ന ഫിഷറീസ് ഓഫീസർമാർ മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയല്ല പ്രവർത്തിക്കുന്നത്. മുഴുവൻ അധികാരങ്ങളും കയ്യടക്കിക്കൊണ്ട് ലാഭത്തിന്റെ അടിസ്ഥാനത്തിൽ പണ്ട് ഇടനിലക്കാർ ചെയ്തിരുന്ന അതേ ജോലിയാണ് ഇന്ന് ഈ ഫിഷറീസ് ഓഫീസർമാർ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ഈ രംഗത്തുള്ള നിരവധി അഴിമതികളെ സംബന്ധിച്ച് സഖാവ് ആർ. എസ്. ഉണ്ണി നേരത്തെ ഇവിടെ പറഞ്ഞു. അഞ്ചുതെങ്ങിലുള്ള ഒരു സംഘത്തിൽനിന്നും കോടിക്കണക്കിനു രൂപയുടെ അപഹരണം നടന്ന കഥ പി.എ. സി. റിപ്പോർട്ടിലും വന്നിട്ടുണ്ട്. ഈ സഭാവേദിയിലും ഞങ്ങൾ അക്കാര്യം ഉയർത്തിയിട്ടുണ്ട്. എന്നിട്ട് അതിനെന്നും യാതൊരു നടപടിയും എടുത്തിട്ടില്ല. പാവപ്പെട്ട മൽസ്യത്തൊഴിലാളികൾ ഇന്നും പ്രയാസങ്ങൾ അനുഭവിക്കുകയാണ്. ആ മൽസ്യത്തൊഴിലാളികളെ സംരക്ഷിക്കാനും അവർക്കാവശ്യമായ, അനുകൂലമായജീവിത പരിതഃസ്ഥിതികൾ സൃഷ്ടിക്കാനും ഈ ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ഞാൻ ചോദിക്കുകയാണ്. അതുകൊണ്ട് ഈ ഭേദഗതിയോ ഇതിന്റെ അഡ്മിനിസ്ട്രേറ്റീവ് കൺട്രോളോ അല്ല ഈ നിയമത്തിൽ പ്രധാനം. ഫിഷറീസ് ഓഫീസറെ എങ്ങനെ നിയന്ത്രിക്കാം എന്നുള്ളതാണ് പ്രധാനമായിട്ടുള്ളത്. ഫിഷറീസ് ഓഫീസറുടെ പ്രവർത്തനം എങ്ങനെ മൽസ്യത്തൊഴിലാളികൾക്ക് ഗുണപ്രദമായി മാറ്റാൻ കഴിയുമെന്നുള്ളതാണ് പ്രധാനം. അതിനുള്ള സംവിധാനങ്ങൾ ഇന്നില്ല. അതുകൊണ്ട് ഫിഷറീസ് ഓഫീസറുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും അതൊരു കൈകാണിപ്പണിയായി അവസാനിക്കാതിരിക്കുന്നതിനും മൽസ്യത്തൊഴിലാളികളുടെ സർവ്വതോൻമുഖമായ പുരോഗതിക്കുവേണ്ടി അതിന്റെ ഫണ്ട് വിനിയോഗിക്കുന്നതിനും നമുക്ക് കഴിയണം. അതുകൊണ്ട് ആ നിലയിൽ പ്രവർത്തനത്തിൽ മാറ്റം വരുത്തി, ഫിഷറീസ് ഓഫീസർക്ക് കടിഞ്ഞാണിടുന്ന രൂപം ഉണ്ടാക്കി ഈ നിയമം കൂടുതൽ സമ്പുഷ്ടമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തുടർന്നുള്ള കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി എന്റെ ഭേദഗതി പൊതുജനാഭിപ്രായത്തിന് വിടണമെന്ന് ഞാൻ ശക്തിയായി വാദിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി : Sir I move that the Kerala Fishermen Welfare Societies (Amendment) Bill, 1986 be referred to a Select Committee to report back on or before 10th November. 1986. സെക്ഷൻ 15,32 എന്നിവയുടെ നടത്തിപ്പിനുവേണ്ടി ഫിഷർമെൻവെൽഫെയർ സൊസൈറ്റിയുടെ അപ്പെക്സ് സൊസൈറ്റിയായി ഫിഷർമെൻ വെൽഫയർകോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഉണ്ടായതുകൊണ്ട് അതിലെ ഉദ്യോഗസ്ഥൻമാരെ ഇതിന്റെ നിയന്ത്രണത്തിന് വിടണമെന്നാണ് ഈ ഭേദഗതിനിയമംകൊണ്ടുദ്ദേശിക്കുന്നത്. ഈ നിയമം വരുന്നതിനുമുമ്പ് വെൽഫയർ ഫണ്ടിനെ സംബന്ധിച്ച് ഒരു നിയമമുണ്ടാക്കിയിട്ടുണ്ട്. ആ വെൽഫയർ ഫണ്ട് ഓപ്പറേറ്റ് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങളെന്നനിലയിലാണ് അപ്പെക്സ് സൊസൈറ്റി ഉണ്ടാക്കിയത് ഈ അപ്പെക്സ് സൊസൈറ്റി ഫോം ചെയ്യുന്നതിനുംമുമ്പ് നമ്മുടെ ഫിഷർമെൻ വെൽഫയർ സൊസൈറ്റികൾ നിലവിൽ വന്നു. 222

LIBRARY ARCHIVES Kerala Legislative Assembly

ഫിഷർമെൻ വെൽഫയർ സൊസൈറ്റികളും (ഗ്രാമസംഘങ്ങളും) കടപ്പുറം പ്രദേശമാക്കി ഉണ്ടാക്കിക്കഴിഞ്ഞു. ആ സൊസൈറ്റികളുടെ നോമിനേഷനെപ്പറ്റിയും മറ്റ് നടപടികളെപ്പറ്റിയുമൊക്കെ ഇവിടെ പലരും പറഞ്ഞു. സൊസൈറ്റികളുടെ നടത്തിപ്പിനനുകൂലമല്ലാത്ത വിധത്തിൽ, മറ്റ് സൊസൈറ്റികളിലൊന്നും കാണാത്തവിധത്തിൽ ഫിഷർമെൻ അല്ലാത്ത മറ്റ് വിഭാഗക്കാരെ നോമിനേറ്റ് ചെയ്തുകൊണ്ടാണ് നോമിനേഷൻ നടന്നിട്ടുള്ളത്. കാരണം പഴയ സൊസൈറ്റിയുടെ ഗ്രാമസംഘങ്ങൾ ഉണ്ടാക്കിയപ്പോൾ ഗ്രാമസംഘങ്ങളിലെ മെമ്പർമാരെപ്പറ്റി ഇവിടെ ശ്രീ. പി. സി. ജോർജ് പറയുന്നതുകേട്ടു. അവർ ബീഡിത്തൊഴിലാളികളും ചെത്തുതൊഴിലാളികളുമായിരുന്നു. ഇതിനെ മെമ്പർമാർ ആരായിരുന്നു എന്നു പരിശോധിച്ച് നിർണ്ണയിച്ച് ഒരു തെരഞ്ഞെടുപ്പ് നടത്താൻ അഞ്ചുവർഷം വേണമോ ? രണ്ടുവർഷം കഴിഞ്ഞിട്ടും തെരഞ്ഞെടുപ്പ് നടത്തിയിട്ടില്ല. തെരഞ്ഞെടുപ്പ് നടത്തിയിട്ടില്ലെന്നുമാത്രമല്ല ഈ ഫിഷർമെൻ സൊസൈറ്റികളിലെല്ലാം ഗവൺമെന്റ് നേരിട്ട് നിയമനം നടത്തുകയാണ്. നിയമനം നടത്തിയവരിൽ ഭൂരിപക്ഷവും കോൺഗ്രസ്സുകാരാണ്. ഇത് കോൺഗ്രസ്സ് പ്രവർത്തകരും, മൽസ്യവുമായി ബന്ധമില്ലാത്തവരും ഗ്രാമസംഘത്തിലെ ഉദ്യോഗസ്ഥൻമാരെ നിയമിച്ചത് പി. എസ്. സി. അല്ല. മന്ത്രിയുടെ നിർദ്ദേശാനുസരണം നേരിട്ട് അവർക്കിഷ്ടമുള്ളവരെ നിയമിച്ചു. ഗവൺമെന്റ് സൊസൈറ്റികളിൽ ഇൻസ്പെക്ടർമാരെ നിയമിച്ചിരിക്കുന്നത് ഗവൺമെന്റ് നേരിട്ടാണ്. ആപ്ലിക്കേഷൻ വിളിക്കാതെ സൊസൈറ്റികളിൽ നേരിട്ട് നോമിനേഷൻ നടത്തിയതുപോലെതന്നെ ഈ ഫിഷറീസ് ഓഫീസർമാരെയും നിയമിച്ചിരിക്കുന്നു. സെക്രട്ടറി, ഫിഷറീസ് ഓഫീസർ എന്നീ രണ്ടുപോസ്റ്റുകളിൽ ഗവൺമെന്റ് നേരിട്ട് നിയമനം നടത്തിക്കഴിഞ്ഞു. അതിനുശേഷം പി. എസ്. സി. യെ മറികടന്ന് നോമിനേറ്റ് ചെയ്തിട്ടുള്ള ഈ ജോലി സ്ഥിരപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു ഭേദഗതിയാണിത്. നിയമനം കഴിഞ്ഞിരിക്കുന്നു. എല്ലാ സൊസൈറ്റികളിലും നോമിനേഷനും അപ്പോയ്ൻറ്മെൻറും പൊളിറ്റിക്കലായിട്ടാണ് നടക്കുന്നത്. അപെക്സ് സൊസൈറ്റി Chairman Congress കാരനാണ് ഗവൺമെൻറിൽ, ആ വകുപ്പ് കൈകാര്യം ചെയ്യുന്നവർ അവരുടേതായിട്ടുള്ള പാർട്ടി ഓഫീസുകളിൽ നിന്നു കൊടുത്ത ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ ഫിഷറീസ് ഓഫീസർ മാരെയും സെക്രട്ടറിയെയും നിയമിച്ച് ഈ സൊസൈറ്റികളെ രാഷ്ട്രീയ മായിമാത്രം കൈകാര്യം ചെയ്യുന്നവിധത്തിലാക്കിയിരിക്കുന്നു. അതുകൊണ്ടുവരുന്ന ദോഷം എന്താണെന്ന് ഞാൻ പറയാം. കഴിഞ്ഞപ്രാവശ്യം വെള്ളപ്പൊക്കംവന്നപ്പോൾ മൽസ്യത്തൊഴിലാളിഗ്രാമസംഘങ്ങളിൽപ്പെട്ട മൽസ്യത്തൊഴിലാളികളുടെബോട്ടും, യമഹയും മറ്റുമൊക്കെ നഷ്ടപ്പെട്ടിട്ടുള്ളമൽസ്യത്തൊഴിലാളികൾക്ക് പുതിയതായി യമഹയും മറ്റ് സഹായങ്ങളും കൊടുക്കുന്നതിനുവേണ്ടി ഒരു ലിസ്റ്റുണ്ടാക്കി. എല്ലാ സ്ഥലത്തുള്ള സൊസൈറ്റികളെപ്പറ്റിയൊന്നും എനിക്കറിയില്ല. എന്റെ നിയോജക മണ്ഡലത്തിൽ പള്ളിത്തോട്ടിനു തെക്കും വടക്കുമായി രണ്ട് സൊസൈറ്റികളും ഉണ്ട്. അതിൽ തെക്കേ സൊസൈറ്റിയിലെ യമഹയും വള്ളവും വലയും നഷ്ടപ്പെട്ട ആളുകളെ തെരഞ്ഞെടുക്കാതെ ആ സൊസൈറ്റിയുടെ പ്രവർത്തനം നിശ്ചലമാക്കി വലയും വള്ളവും നഷ്ടപ്പെട്ട ആളുകൾക്ക് കൊടുക്കാതെ വടക്കേ സൊസൈറ്റിയിൽ വള്ളവും വലയും നഷ്ടപ്പെട്ട ആളുകൾക്ക് അല്ലാതെ പുതിയതായിട്ടുള്ള വള്ളവും, വലയും യമഹയും കൊടുക്കത്തക്കവിധത്തിലുള്ള ഈ ലിസ്റ്റ് ഉദ്യോഗസ്ഥൻമാരുടെ കോൺഗ്രസുകാരായതുകൊണ്ട് നടപടി എടുത്തുകഴിഞ്ഞു. കോൺഗ്രസുകാർക്ക് ആപണം ധൂർത്തടിക്കുവാൻകൊടുത്തു, വെറും രാഷ്ട്രീയാടിസ്ഥാനത്തിലാണോ സംഘത്തിന്റെ പ്രവർത്തനം

LIBRARY ARCHIVES Kerala Legislative Assembly

നടക്കുന്നത്. മൽസ്യത്തൊഴിലാളികളുടെ ഉന്നമനത്തിനുവേണ്ടിസംഘം ഇന്നത്തെ നിലയിൽ മാത്രം പ്രവർത്തിച്ചാൽ പോരാ. വെൽഫയർ സൊസൈറ്റീസ് ആക്ടിൽ ചില ഭേദഗതികളും വരുത്തി ആ ഫണ്ടും ഫണ്ടിന്റെ രൂപീകരണവും മതിയായിരുന്നു. ഞങ്ങളാണ് മൽസ്യത്തൊഴിലാളികളുടെ സംരക്ഷകരെന്നു വരുത്തിത്തീർക്കുന്നതിന് നിലവിലിരുന്ന നിയമത്തിലുള്ള ചില വ്യവസ്ഥകളും ഉൾക്കൊള്ളിച്ചു പുതിയ നിയമമുണ്ടാക്കി വെറും രാഷ്ട്രീയ താല്പര്യത്തിൽ അഴിമതിപരമായിട്ടുള്ള ഉദ്യോഗസ്ഥൻമാരെ നിയമിച്ചു കഴിഞ്ഞതിനുശേഷം അതാരും ഈ നിയമനം നോക്കാതിരിക്കാൻ ഈ ഉദ്യോഗസ്ഥൻമാരെ സൊസൈറ്റിക്ക് കൊടുക്കുകയാണ് ചെയ്യുന്നത്. ഗവൺമെന്റ് സൊസൈറ്റിയുടെ ഉദ്യോഗസ്ഥൻമാരെ പി. എസ്. സി. യാണ് നിയമിക്കേണ്ടത്. ഇവിടെ പി.എസ്. സി. നിയമനം നടത്തിയിട്ടില്ല.

ശ്രീ. വി. ദിനകരൻ: മൽസ്യത്തൊഴിലാളി ഗ്രാമ സംഘങ്ങളിലെ സെക്രട്ടറിമാരടക്കമുള്ള ഉദ്യോഗസ്ഥൻമാരെ ഇന്നു നിയമിക്കുന്നത് മൽസ്യഫെഡിന്റെ കേന്ദ്ര ഡയറക്ടർ ബോർഡ് മെമ്പർമാരാണ്. ആ ബോർഡാണ് തീരുമാനക്കുന്നത്. ആ ബോർഡ് പ്രത്യേകമായൊരു തീരുമാനമെടുത്തിട്ടുണ്ട്. മൽസ്യത്തൊഴിലാളിവിഭാഗത്തിൽപ്പെട്ടവർക്ക് 40 ശതമാനം നിയമനം കൊടുക്കണമെന്ന തീരുമാനമെടുത്തിട്ടുണ്ട്. നിയമനം പി. എസ്. സി.യെ ഏല്പിച്ചാൽ ഒരു ശതമാനംപോലും അവർക്ക് കിട്ടുകയില്ലെന്നുള്ള യഥാർത്ഥ്യം അറിയാമോ ?

ശ്രീമതി. കെ. ആർ. ഗൗരി : അങ്ങനെ മത്സ്യഫെഡ് എന്തെങ്കിലും നിയമനം നടത്തിയിട്ടുണ്ടെങ്കിൽ അത് നിയമവിരുദ്ധമാണ്. ഗവൺമെന്റ് നടത്തേണ്ടതായിട്ടുള്ള നിയമനം മൽസ്യഫെഡ് നടത്തിയിട്ടുണ്ടെങ്കിൽ അത് നിയമവിരുദ്ധമാണ്. ഞാൻ മുമ്പുപറഞ്ഞതാണ് കാര്യം. ഗവൺമെന്റ് നിയമനം നടത്തിയാൽ അത് പി.എസ്. സി. ക്ക് കൊടുക്കണം. പി. എസ്. സി. ക്ക് കൊടുക്കണമായിരുന്നു. പി.എസ്. സി. ക്ക് കൊടുക്കേണ്ടതായിട്ടുള്ള പോസ്റ്റ് മറികടക്കാൻ..... മൽസ്യഫെഡിന്റെ പേരിൽ നിയമനംനടത്തി—ദിനകരൻ പറയുന്നത് മൽസ്യത്തൊഴിലാളിയ്ക്ക് 40% ജോലി കിട്ടാനാണ് ദിനകരൻ ഉൾപ്പെടെ അടങ്ങുന്ന ബോർഡ് നേരിട്ടു നിയമിച്ചത് പി. എസ്. സി. യുണ്ടെങ്കിൽ കിട്ടുകയില്ലപോലും. റൂളിൽ അത് ഉൾക്കൊള്ളിച്ചാൽ അതനുസരിച്ച് പി.എസ്. സി. നിയമിക്കും. മൽസ്യത്തൊഴിലാളികളെ ആരെന്നു നിർവ്വചനമുണ്ട്. അതനുസരിച്ച് നിയമിക്കും. കഴിഞ്ഞ നിയമനത്തിൽ അഴിമതിയും ഉണ്ട്. അന്വേഷിക്കുമോ.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, ഗൗരിയമ്മ തെറ്റിദ്ധരിക്കാതിരിക്കാൻവേണ്ടി പറയുകയാണ്. ഫിഷറീസ് ഇൻസ്പെക്ടറായി പി.എസ്. സി. സെലക്ട് ചെയ്തിട്ടുള്ള ആളുകളെയാണ് ചീഫ് എക്സിക്യൂട്ടീവായിട്ട് അയക്കുന്നത്.

ശ്രീമതി കെ.ആർ. ഗൗരി : സർ, ഞാൻ അത് അറിഞ്ഞുകൊണ്ടാണ് പറയുന്നത്. ചോദ്യം ചോദിക്കാനാണെന്നു വിചാരിച്ചാണ് ഞാൻ ഇരുന്നത്. ജേക്കബ് ചേട്ടനുവേണ്ടി എക്സ്പ്ലനേഷനാണ് മുഖ്യമന്ത്രി എഴുന്നേറ്റു നിൽക്കുകയാണ്. ഞാൻ ഈ പറഞ്ഞത് ഉത്തരവാദിത്വത്തോടുകൂടിയാണ്. നിങ്ങൾ മൽസ്യ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നടന്നിട്ടുള്ള ഓഡിറ്റ് അപ്പോയിന്റ്മെന്റും പരിശോധിക്കണം. ഗവൺമെന്റ് അപ്പോയിന്റ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യേണ്ടത് അവർ നേരിട്ട് അപ്പോയിന്റ് ചെയ്താൽ പൊളിറ്റിക്കൽ അപ്പോയിന്റ്മെന്റിനു് എവിടെയാണ് ന്യായം കിട്ടാൻ പോകുന്നത്. സൊസൈറ്റിയുടെ പ്രവർത്തനം ഈ വിധത്തിലാണോ നടത്താൻ പോകുന്നത്? സൊസൈറ്റിയുടെ പ്രവർത്തനം നടത്തേണ്ടവിധത്തിൽ നടത്താതെ പൊളിറ്റിക്കലായിട്ടുള്ള വിധത്തിൽ ആയുധമാക്കി മാറ്റത്തക്കവിധത്തിലുള്ള നടപടികളും എടുത്തുകഴിഞ്ഞശേഷമാണ് ഇതു വരുന്നത്. ഈ ഭേദഗതികൊണ്ടുമാത്രം ഗവൺമെന്റിൽ നിന്ന് ഈ അധികാരം, അപ്പെക്സ് സൊസൈറ്റി ഫെഡറേഷനു് കൊടുക്കുന്നുവെങ്കിൽ വേറെ ചില ഭേദഗതികളും വേറെ വകുപ്പിലും വരുത്തണം. അങ്ങനെ വരുത്താതെ വെറുതെ സബ്ജക്ട് കമ്മിറ്റിക്ക് മാത്രം അയച്ചിട്ട് കാര്യമില്ല. മറ്റു ചില വകുപ്പുകളും കൂടി പരിശോധിക്കണം. ഉദ്യോഗസ്ഥനെ നിയമിക്കാനുള്ള അധികാരം ഗവൺമെന്റിനു് കൊടുത്തിട്ടുണ്ട്. ആ വകുപ്പ് ഇവിടെ കൊണ്ടുവന്നിട്ടില്ല. അതുകൊണ്ട് ആ വകുപ്പുകളും മാറ്റണം. അത് മാറ്റാതെ സൂത്രത്തിൽ, ഇത് ആരും അറിയാതെ നടക്കണം. സൊസൈറ്റികളിലെ നോമിനേഷൻപോലെ തന്നെ ഇത് പൊളിറ്റിക്കലായിട്ട്, അഴിമതി നിറഞ്ഞതായിട്ടാണ് നടന്നതും നടക്കുവാൻ പോകുന്നതും. യഥാർത്ഥത്തിൽ മൽസ്യത്തൊഴിലാളികൾക്ക് കിട്ടേണ്ട ആനുകൂല്യം കിട്ടാതിരിക്കാനുള്ള നടപടിക്രമമായിട്ടാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ഇത് മറ്റ് പ്രൊവിഷൻ നോക്കുന്നതിനു് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണം.

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ ജേക്കബ്): സർ, ബഹുമാനപ്പെട്ട മെമ്പർമാരുടെ സൃഷ്ടിപരമായ നിർദ്ദേശങ്ങൾക്ക് നന്ദി. ഇവിടെ പല കാര്യങ്ങളും മെമ്പർമാർ ഉന്നയിക്കുകയുണ്ടായി. അതിനുള്ള മറുപടി ഇന്നലെ ചോദ്യോത്തരവേളയിൽ ഞാൻ വിശദമായി പറഞ്ഞിട്ടുണ്ട്. ഈ പറഞ്ഞ കാര്യങ്ങളെല്ലാം പല പ്രാവശ്യം ഇവിടെ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് കൂടുതലൊന്നും പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഗ്രാമസംഘങ്ങളുടെ തെരഞ്ഞെടുപ്പിനെപ്പറ്റി ഇവിടെ പരാമർശിക്കുകയുണ്ടായി. ഇപ്പോൾ നോമിനേറ്റഡ് മെമ്പർമാരാണ് അവിടെയുള്ളത്. ഫെബ്രുവരി അവസാനംവരെയാണ് അവരുടെ കാലാവധി. അതുകഴിഞ്ഞാൽ തെരഞ്ഞെടുപ്പ് നടത്തും. അതിനുള്ള ഏർപ്പാടുകളും നടത്തുകയും ചെയ്തു. ഈ ഭേദഗതികളും ഭരണപരമായ ആവശ്യത്തിനു് മാത്രമാണ്. ഇത് സബ്ജക്ട് കമ്മിക്ക് കൂലംകഷമായി പരിശോധിക്കുവുന്നതാണ്. എന്റെ പ്രമേയം അംഗീകരിക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു. ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു. 1986-ലെ കേരള മൽസ്യത്തൊഴിലാളി ക്ഷേമസംഘം (ഭേദഗതി) ബിൽ ഭൂനികുതിയും വനവും, മൽസ്യബന്ധനവും സംബന്ധിച്ച് രണ്ടാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക്, അയക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. പ്രമേയം സഭ പാസ്സാക്കി. ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ, 1986-ലെ കേരള മൽസ്യബന്ധന നിയന്ത്രണ (രണ്ടാംഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള ഒരു സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. എ. എൽ. ജേക്കബ് : സർ, ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ, പ്രായോഗികമായി അനുഭവപ്പെട്ട ചില ബുദ്ധിമുട്ടുകളും കാലതാമസവും ഒഴിവാക്കുന്നതിനായിട്ടാണ് 1980-ലെ കേരള സമുദ്രമത്സ്യബന്ധന നിയന്ത്രണ ആക്ടിൽ ചില ഭേദഗതികൾ കൊണ്ടുവന്നത്. ഈ ആക്ടിന്റെ 18-ാം വകുപ്പിന്റെ രണ്ടും ഉപവകുപ്പ് അനുസരിച്ച് ഡിസ്ട്രിക്ട് ജഡ്ജിയുടെ പദവിയുള്ള ഒരാൾ ചെയർമാനായിട്ടുള്ള മൂന്നംഗ അപ്പലേറ്റ് ബോർഡാണ് ഈ ബോർഡിന്റെ പ്രവർത്തനത്തിന്റെ അപ്പീൽ കേൾക്കുന്നത്. പല കേസുകളിലും തീർപ്പ് കല്പിക്കുന്നതിന് കാലതാമസം അനുഭവപ്പെട്ടു. അതിനായി ഭാരിച്ച തുക ചെലവായി. അതുകൊണ്ട് അഡ്ജൂഡിക്കേഷൻ ഓഫീസറുടെ അധികാരപരിധിയിൽ ഉൾക്കൊള്ളുന്ന ജില്ലയിലെ ഡിസ്ട്രിക്ട് കോർട്ടിന് ഈ അധികാരം നൽകി. മാറ്റ് പല തിരക്കിനിടയിൽ ഈ ആക്ട് അനുസരിച്ചുള്ള അപ്പീൽ കേസുകൾ കൈകാര്യം ചെയ്യേണ്ടിവന്ന സാഹചര്യത്തിൽ സ്വാഭാവികമായും കാലതാമസം അനുഭവപ്പെട്ടു. അത് ഒഴിവാക്കുന്നതിനുവേണ്ടിയാണ് ബന്ധപ്പെട്ട ജില്ലാ കളക്ടറിൽ ഈ അധികാരം വ്യവസ്ഥ ചെയ്യുന്ന അപ്പലേറ്റ് അതോറിറ്റി ആയിരിക്കണമെന്ന് തീരുമാനിച്ചത്. ഈ സംവിധാനം പ്രായോഗികമായി കാലതാമസം ഒഴിവാക്കുന്നതിനു സഹായകമാകും. കൂടുതൽ കാര്യക്ഷമമായിരിക്കുകയും ചെയ്യും. ഈ പുതിയ സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള ഭേദഗതികളാണ് ഞാൻ അവതരിപ്പിച്ചിരിക്കുന്നത്.

Shri S. R. Thankaraj : Sir, I move that "This House resolves to disapprove the Kerala Fishing Regulation (Second Amendment) Ordinance, 1986 (Ordinance No. 62 of 1986)".

ഇതിനു മുൻപ് ഒരു അപ്പലേറ്റ് ബോർഡാണ് അവസാനമായി തീർപ്പ് കൽപ്പിക്കുന്നതിന് നിശ്ചയിച്ചിരുന്നത്. അതിൽ ഒന്നിലധികം ആളുകൾ ഉള്ളതുകൊണ്ട് അത് കൂടുന്നതിനും തീർപ്പ് കൽപ്പിക്കുന്നതിനും കാലതാമസം ഉണ്ടാകുന്നുണ്ട്. അതിന്റെ ചെയർമാൻ സെഷൻസ് ജഡ്ജിയുടേയോ റിട്ടയേർഡ് ജഡ്ജിയുടേയോ പദവിയിലുള്ള ഒരാളാണ്. ഇപ്പോഴത്തെ പകരം കൊടുത്തിരിക്കുന്നത് ജില്ലാ കളക്ടറെയാണ്. ഈ രാജ്യത്ത് എന്തു സംഭവമുണ്ടായാലും എല്ലാ കാര്യങ്ങളിലും ഉത്തരവാദിത്വമുള്ള ഒരാളാണ് ജില്ലാ കളക്ടർ. 'പടയേ പേടിച്ച് പന്തളത്ത് പെന്നപ്പോം, ചൂട്ടും കെട്ടിപടഇങ്ങോട്ട്' എന്ന രീതിയിലാണ് ഇങ്ങനെ ചെയ്തത്. ജില്ലാ കളക്ടർക്ക് ഉത്തരവ് കൊടുത്തതുമൂലം ഇത് വളരെ എളുപ്പമാകുമെന്നാണ് ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ പറഞ്ഞിട്ടുള്ളതെങ്കിൽ അത് സാദ്ധ്യമല്ലെന്ന് പറയാനാണ് ഞാൻ ഈ അവസരം വിനിയോഗിക്കുന്നത്. ഒരിടത്ത് മഴ കൂടുതലായാൽ, വേനൽ കൂടുതലായാൽ, ക്രമസമാധാന നിലയ്ക്ക് ഭംഗം വന്നാൽ ഉത്തരവാദപ്പെട്ട മന്ത്രിമാർ ആരെങ്കിലും ആ പ്രദേശത്ത് വന്നാൽ, അതിന് നേതൃത്വം കൊടുക്കേണ്ടത് കളക്ടറാണ്. അതുപോലെ തന്നെ ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി. തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കേണ്ടതും ആ ഉദ്യോഗസ്ഥനാണ്. ആ പ്രദേശത്ത് എന്ത് സംഭവമുണ്ടായാലും അതുമായി മുന്നോട്ടു പോകേണ്ട ആ ഉദ്യോഗസ്ഥനെ ഇതുപോലെ ഏറ്റവും അടിയന്തിരമായി

LIBRARY ARCHIVES Kerala Legislative Assembly

തീർപ്പ് കൽപ്പിക്കേണ്ട കാര്യങ്ങളും ഏൽപ്പിക്കുകയെന്നു പറഞ്ഞാൽ അതിനു രണ്ട് എഫെക്ടാണ്. അവർ മന്ത്രിമാർ പറയുന്നത് കേൾക്കണം. കഴിഞ്ഞ കാലഘട്ടത്തിലെ സംഭവങ്ങളും നമുക്കറിയാം. മന്ത്രിമാരുടെ ഇഷ്ടത്തിനൊത്ത് ചലിക്കാത്ത ഒരു ഉദ്യോഗസ്ഥനും സ്വതന്ത്രമായിരുന്നു ഇവിടെ പ്രവർത്തിക്കാൻ സാധിച്ചിട്ടില്ല. ഉദാഹരണമൊന്നും ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. അത് ലജ്ജാകരമാണ്. എവിടെ എന്തു സംഭവമുണ്ടായാലും അതിനു മന്ത്രിമാർ നിർദ്ദേശിക്കുന്ന തരത്തിലുള്ള റിപ്പോർട്ട് അവതരിപ്പിക്കാത്ത ഉദ്യോഗസ്ഥൻമാരുടെ അനുഭവങ്ങളും നമുക്കറിയാം. ബ്യൂറോക്രസിയായി തന്നെ വീണ്ടും ഇതിനെ ഉയർത്തിപ്പിടിക്കുക. ഇതിൽ കൃത്യനിർവ്വഹണങ്ങളുടെ കൂട്ടത്തിൽ രണ്ടുമൂന്ന് കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. സി. ആർ. പി. സി. അനുസരിച്ച് ആളുകളെ സമൺ ചെയ്യേണ്ട അധികാരം കളക്ടർക്ക് കൊടുത്തിട്ടുണ്ട്. സി. പി. സി. അനുസരിച്ച് ഒരു കോടതിയായി ഫംഗ്ഷൻ ചെയ്യാനുള്ള അധികാരങ്ങളാണ് ഉള്ളത്. ഇതിൽ ആദ്യം തീർപ്പ് കൽപ്പിക്കുന്ന ഉദ്യോഗസ്ഥൻ മാത്രമല്ല, ഇതിന്റെ അപ്പലേറ്റ് ബോഡിയായി പ്രവർത്തിക്കുന്ന അപ്പലേറ്റ് ബോർഡായാലും ജില്ലാ കളക്ടറായാലും രണ്ട് അധികാരങ്ങളും ഒരുമിച്ച് കേന്ദ്രീകരിച്ചിരിക്കുകയാണ്. സമൺ ചെയ്യണമെന്നുണ്ടെങ്കിൽ അത് ഒരു കോടതിയായി ഫംഗ്ഷൻ ചെയ്യണം. ഇന്നത്തെ നിലയിൽ ഒരു ജില്ലാ കളക്ടർക്ക് കോടതിയായി ഫംഗ്ഷൻ ചെയ്യാൻ ഏറ്റവും കൂടുതൽ കൃത്യനിർവ്വഹണത്തിൽ പങ്കുകൊള്ളേണ്ട ഉദ്യോഗസ്ഥനെന്ന നിലയിൽ സാധിക്കുകയില്ല.

സർ, രണ്ടാമത്തേത് ഇതിന് ആദ്യമായിട്ട് അപ്പീൽ കൊടുക്കുന്നതിന് അനുവദിച്ചിട്ടുള്ള സമയം മുപ്പതു ദിവസമാണ്. ആ മുപ്പതു ദിവസത്തിനകം അപ്പീൽ കൊടുക്കുവാൻ സാധിച്ചില്ലെങ്കിൽ അടുത്ത മുപ്പതു ദിവസത്തിനകം ഫൈനോടുകൂടി അത് കൊടുക്കുന്നതിനുള്ള അവകാശം നിശ്ചയിച്ചിരിക്കുന്നു. (ഒട്ടും ശരിയല്ലാത്ത വിധത്തിലാണ് ഇത് എഴുതിച്ചേർത്തിരിക്കുന്നത്). സാധാരണ ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുമ്പോൾ ആ ഓർഡിനൻസ് പുറപ്പെടുവിച്ചില്ലെങ്കിൽ അത് നിയമമായി വരുന്നതുമൂലമുള്ള കാലതാമസം കൊണ്ട് ഈ രാജ്യത്തുണ്ടാകാവുന്ന നാശനഷ്ടങ്ങൾ അല്ലെങ്കിൽ ദുരന്തഫലങ്ങൾ വിവരിക്കേണ്ടത് ഒരു ആവശ്യമാണ്. ഈ ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങളോ അതിന്റെ എക്സ്പ്ലനേഷനോ വായിച്ചു നോക്കുമ്പോൾ അങ്ങനെയൊരു ഓർഡിനൻസ് പുറപ്പെടുവിക്കേണ്ട യാതൊരു സാഹചര്യവും ഇല്ലായിരുന്നുവെന്ന് മനസ്സിലാകും. ഞാൻ ഇതിനുമുമ്പു സംസാരിച്ചപ്പോൾ സൂചിപ്പിച്ചപോലെ വളരെയധികം ഓർഡിനൻസുകളെ ഒരു ആവശ്യവുമില്ലാതെ പുറപ്പെടുവിച്ചിട്ടുള്ളതിൽ ഒരു ഓർഡിനൻസിനെ ബില്ലാക്കി മാറ്റുന്ന ഒരു നിയമനിർമ്മാണമാണ് ഇത്. ഇങ്ങനെ ഓർഡിനൻസുകൾ അനവസരത്തിൽ പുറപ്പെടുവിക്കുക എന്നിട്ടത് നടപ്പിലാക്കാതിരിക്കുക ഈയൊരു സ്ഥിതിവിശേഷമാണ് ഇവിടെയുള്ളത്. ഇതിന്റെ ലക്ഷ്യങ്ങളെക്കുറിച്ച് ഇവിടെ വിശദീകരിച്ചപ്പോൾ ഇങ്ങനെയൊരു ഓർഡിനൻസ് പുറപ്പെടുവിച്ചപ്പോൾ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ അദ്ദേഹത്തിന്റെ പ്രസംഗത്തിലും അവതരിപ്പിച്ചിട്ടില്ല. ഇതിൽ രണ്ടു കേസുകൾക്ക് തീർപ്പ് കൽപ്പിച്ചതായിട്ട് മാത്രമാണ് ഇതിന്റെ വിശദീകരണ നോട്ടിൽ പറഞ്ഞിട്ടുള്ളത്. ഒരു അപ്പലേറ്റ് ബോർഡ് ഉണ്ടായിട്ടും ഈ കാലയളവിൽ രണ്ടു കേസുകൾക്കുമാത്രമെ തീർപ്പുകൽപ്പിക്കാൻ സാധിച്ചിട്ടുള്ളൂ. അതുകൊണ്ടാണ് ഏറ്റവും കൂടുതൽ കേസുകൾക്ക് തീർപ്പുകൽപ്പിക്കാൻവേണ്ടി ജില്ലാ കളക്ടർ എന്നുള്ള നിലയിൽ ആ ഉദ്യോഗസ്ഥനെ ചുമതല ഏൽപ്പിക്കുന്നത്, അങ്ങനെ ജില്ലാ കളക്ടറെ ചുമതല ഏൽപ്പിച്ചതിനുശേഷമുള്ള കാലപരിധിക്കകത്ത് എത്ര കേസുകൾക്ക് തീർപ്പു

LIBRARY ARCHIVES Kerala Legislative Assembly

കൽപ്പിച്ചുവെന്ന് നോക്കുന്നത് നന്നായിരിക്കും. ജില്ലാ കളക്ടർ ആയ ഒരു ഉദ്യോഗസ്ഥനെയാണെല്ലോ നമ്മം ഇതിനായി ഏൽപ്പിക്കുന്നത്. ആ ഉദ്യോഗസ്ഥൻ മന്ത്രിയുടെ കീഴിലുള്ള ഉദ്യോഗസ്ഥൻകൂടിയാകുമ്പോം അത് എന്തുമാത്രം നീതിപൂർവ്വകമായിരിക്കും. അങ്ങനെ ഏൽപ്പിക്കുന്നത് നല്ല താണോ അതിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ പൂർണ്ണമായും എത്തിച്ചേരാൻ സ്വാധിക്കുമോ ? ഇതു നിരാകരിക്കണമെന്ന് പറയുമ്പോം രണ്ടു കാര്യങ്ങളാണുള്ളത്. ഒരു ജൂഡീഷ്യൽ ഓഫീസറെ ഏൽപ്പിച്ചുകഴിഞ്ഞാൽ തീർച്ചയായിട്ടും എക്സിക്യൂട്ടീവിന് തീർച്ചയായിട്ടും അതിനകത്തു നിയന്ത്രണം ഉണ്ടായിരിക്കുകയില്ല. കഴിയുന്നിടത്തോളം ജുഡീഷ്യലായി സാക്ഷികളെ വരുത്തി വിസ്തരിച്ചാലും പഴയ റിക്കാഡുകം വച്ച് പരിശോധിച്ചിട്ട് ആണ് തീരുമാനം എടുക്കുന്നതെങ്കിലും ഒരു ജുഡീഷ്യൽ തീരുമാനം ഉണ്ടാകും. അങ്ങനെ ഈ ഉദ്യോഗസ്ഥസ്ഥൻമാരെക്കൊണ്ട് കാര്യങ്ങം നിർവ്വഹിക്കുന്ന ഈ പരിപാടിയിൽനിന്നും മോചനം ഉണ്ടാകും. ഈ രണ്ടു കാര്യങ്ങളും കണക്കിലെടുത്തുകൊണ്ട് ഈ ഓർഡിനൻസിനെ നിരാകരിക്കണം എന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : ശ്രീ. എസ്. ആർ. തങ്കരാജ് അവതരിപ്പിച്ച നിരാകരണ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

സർ, ഈ അപ്പലേറ്റ് ബോർഡിൽ 1980-ലെ ആക്ട് പ്രകാരം മൂന്നു അംഗങ്ങളെയാണ് ഉൾക്കൊള്ളിച്ചിരുന്നത്. ഇവിടെ തന്നിരിക്കുന്ന നോട്ട് അനുസരിച്ച് ആ ബോർഡിൽ ആകെ രണ്ടു കേസുകളാണ് തീർപ്പു കൽപ്പിക്കാനായി വന്നിട്ടുള്ളത്. രണ്ടു ലക്ഷത്തിലധികം രൂപ അതിനുവേണ്ടി ചെലവാക്കി എന്നും പറയുന്നു. മാത്രമല്ല ഇവർക്ക് മൂന്നുപേർക്കും ഒരുമിച്ചു കൂടുവാനുള്ള ബുദ്ധിമുട്ടും ഉണ്ടായിരുന്നു. ഈവക കാരണങ്ങൾകൊണ്ട് ഈ മൂന്നു അംഗങ്ങം ബോർഡിന് ആവശ്യമില്ലായെന്നും ആ സ്ഥാനത്തു ജില്ലാ കളക്ടർ മാത്രംമതി എന്നുമാണ് ഈ ബിൽ മുഖേന വ്യവസ്ഥ ചെയ്യുന്നത്. ഈ പ്രമേയം അവതരിപ്പിച്ചു സംസാരിച്ച ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചപോലെ ധാരാളം കേസുകം മൽസ്യബന്ധന നിയന്ത്രണത്തെ സംബന്ധിച്ചും ഉണ്ടാകാറുണ്ട്. ബോട്ടിലും വള്ളത്തിലുംപോയി മീൻ പിടിക്കുമ്പോം പരിധിക്കുള്ളിൽ വന്ന് മൽസ്യം പിടിക്കുന്നത് സംബന്ധിച്ച് ധാരാളം കേസുകം വരാറുണ്ട്. ഇങ്ങനെയുള്ള കേസുകം ഫയൽ ചെയ്യുന്നതിനോ ആ കേസുകം കേൾക്കുന്നതിനോ കാര്യമായ യാതൊരുവിധ നടപടിയും ഉണ്ടായിട്ടില്ല എന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. കേസുകം ഉണ്ടാകാഞ്ഞിട്ടല്ല. എന്നാൽ അത് ബോർഡിൽ വരികയോ ബോർഡിൽ വച്ചിട്ട് ആ കേസുകൾക്ക് തീർപ്പ് കൽപ്പിക്കുന്നതിനോ വേണ്ടി എന്തെങ്കിലും ശ്രമം നടത്തുകയോ ചെയ്തിട്ടില്ല. ജില്ലയുടെ ഭരണം നടത്തുന്ന ഒരു ജില്ലാ കളക്ടറെ ആ ജോലി ഏൽപ്പിച്ചാൽ ഇത് കാര്യക്ഷമമായി നടത്താനേ സാദ്ധ്യമല്ല. കക്ഷികളെ വിളിക്കാനും കക്ഷികളെ വിളിച്ചു വസ്തു നിഷ്ഠമായി വിവരം ശേഖരിക്കാനും അതിന്റെ അടിസ്ഥാനത്തിൽ ന്യായമായ കാര്യങ്ങം ചെയ്തു കൊടുക്കുവാനും ധാരാളം ജോലിത്തിരക്കുള്ള ഒരു ജില്ലയുടെ ഭരണം മുഴുവനും നടത്തുന്ന ജില്ലാ കളക്ടർക്ക് സാദ്ധ്യമല്ല. ജഡ്ജിമാരെ ഏൽപ്പിക്കുന്നതിൽ ഭേദം ജില്ലാ കളക്ടറെ ഏൽപ്പിച്ചാൽ മതി. അതുകൊണ്ട് ഈ ബോർഡിന്റെ പ്രവർത്തനം ഭംഗിയാകുമെന്ന് ഈ സർക്കാർ ചിന്തിക്കുന്നതിന്റെ പിന്നിലെ ഹേതോവികാരം എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. തീർച്ചയായും രാഷ്ട്രീയമായിരിക്കണം അത്. ഒരു ജില്ലാ കളക്ടറാകുമ്പോം സർക്കാർ പറയുന്ന രീതിയിൽ പ്രവർത്തിക്കാനും നിർദ്ദേശം സ്വീകരിക്കാനുമൊക്കെ കഴിയുമല്ലോ. ഈ സർക്കാർ പറയു

LIBRARY ARCHIVES Kerala Legislative Assembly

പറയുമ്പോലെ കേരളക്കുന്ന ഒരു ഉദ്യോഗസ്ഥനെ നിയമിക്കുക അതും ഒരു മെമ്പറിൽത്തന്നെ ഒതുക്കുക, ഇതിന്റെ ഉദ്ദേശം രാഷ്ട്രീയം തന്നെയാണ്. തീർച്ചയായും ഈ ബിൽ രാഷ്ട്രീയോദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ളതാണ്. ഇത് വേണ്ടത്ര പ്രയോജനം ചെയ്യുകയില്ല എന്നാണ് എന്റെ അഭിപ്രായം.

Shri. V. J. Thankappan : Sir, I move that the Kerala Fishermen Welfare Societies ((Amendment) Bill, 1986 be circulated for eliciting public opinion till 30-11-1986.

സർ, ഇപ്പോൾ ചർച്ച ചെയ്യുന്ന ഈ ബില്ലും തൊട്ടുമുമ്പു ചർച്ച ചെയ്ത ഫിഷർമെൻ വെൽഫയർ സൊസൈറ്റീസ് ബില്ലും നമ്മുടെ സംസ്ഥാനത്തിന്റെ കടലോരപ്രദേശങ്ങളിൽ താമസിക്കുന്ന കടലിൽനിന്നും മൽസ്യം പിടിച്ച് ഉപജീവനം കഴിക്കുന്ന ഒരു വലിയ വിഭാഗം ആളുകളെ സംരക്ഷിക്കുന്നതിനുവേണ്ടി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറു കൊണ്ടുവന്നതാണ്. ഈ ബില്ലിനെ സംബന്ധിച്ച് പറയുമ്പോഴും നമ്മുടെ അറേബ്യൻ സമുദ്രത്തിൽ പരമ്പരാഗതമായി മൽസ്യം പിടിച്ചും പരമ്പരാഗതമായി ഉപയോഗിച്ചിരുന്ന കട്ടമരവും അതുപോലെയുള്ള യാനപാത്രങ്ങളും ഉപയോഗിച്ച് മൽസ്യം പിടിച്ചുകൊണ്ടിരുന്ന ഈ മൽസ്യത്തൊഴിലാളികളുടെ ജീവിതം വഴിമുട്ടിയപ്പോഴാണ് ഇങ്ങനെയൊരു ബിൽ കൊണ്ടുവരേണ്ടി വന്നത്. നമ്മുടെ കടലോരപ്രദേശത്തു മൽസ്യം പിടിക്കുന്നതിന് ഇന്ന് പരമ്പരാഗത മൽസ്യത്തൊഴിലാളികളോടൊപ്പംതന്നെ ഇൻഡ്യാ രാജ്യത്തെ ഏറ്റവും വലിയ കുത്തകവ്യവസായികളും വരുന്നു. പ്രത്യേകിച്ചും ടാറയെ പോലുള്ള വൻകിട വ്യവസായികളും ട്രോളികളും ഉപയോഗിച്ച് ഏറ്റവും ആധുനികമായ യാനപാത്രങ്ങളും വലയും ഉപയോഗിച്ച് മീൻ പിടിക്കുന്നതിന്റെ ഫലമായി പരമ്പരാഗതമായി മൽസ്യംപിടിച്ച് ഉപജീവനം കഴിച്ചുകൊണ്ടിരുന്ന ഒരു വലിയ വിഭാഗം മൽസ്യത്തൊഴിലാളികൾക്ക് മൽസ്യം ലഭിക്കുന്നില്ല. അങ്ങനെ അവരുടെ ജീവിതം വഴിമുട്ടി നിൽക്കുന്നു. അതുകൊണ്ട് അതിനെ നിയന്ത്രിക്കുന്നതിനാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിന്റെ കാലത്ത് ഈ നിയമം കൊണ്ടുവന്ന് പാസാക്കി നടപ്പിലാക്കാൻ ശ്രമിച്ചത്. അത് ഫലപ്രദമായി നടത്താൻ ഈ ഗവൺമെൻറിന് കഴിഞ്ഞോ ? അതാണ് ചോദ്യം. അങ്ങനെ പരമ്പരാഗതമായി മീൻപിടിച്ചു ഉപജീവനം കഴിച്ചുപോകുന്ന ആ വിഭാഗം ആളുകളെ സംരക്ഷിക്കുന്നതിന് വേണ്ടി കൊണ്ടുവന്ന ഈ ബില്ലിലെ വ്യവസ്ഥകൾ അവർക്ക് അനുകൂലമായി നടപ്പിലാക്കാൻ ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് വസ്തുത. അതുകൊണ്ടാണ് ഫാദർ കേച്ചേരിയും സിസ്റ്റർ ആലീസുമെല്ലാം സമരവുമായി ഈ ഗവൺമെൻറിന്റെ മുമ്പിൽ വന്നത്.

കുത്തകയായി പഴ്സീൻ വലപോലുള്ള അടക്കൻകൊല്ലി വല ഉപയോഗിച്ച് മീൻപിടിക്കുന്നതിനെ നിയന്ത്രിക്കാൻ കഴിയുന്നില്ല. അവർ ഹൈക്കോടതിയിൽ പോയാൽ സമയത്തിന് കൗണ്ടർ അഫിഡവിറും അതുപോലുള്ള കാര്യങ്ങൾക്കുമൊക്കെ ഫയൽ ചെയ്ത് കേസു വാദിക്കുവാൻ കഴിയുന്നില്ല. അതുകൊണ്ട് ഇപ്പോഴും വലിയ മൽസ്യവ്യവസായികളും യന്ത്രവൽക്കൃത ബോട്ടുകളും അടക്കൻകൊല്ലി വലകളുമൊക്കെ ഉപയോഗിച്ച് മൽസ്യബന്ധനം നടത്തുന്നു. അതുകാരണം, പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് മൽസ്യം ലഭിക്കുന്നില്ല. ഇതിനെ നിയന്ത്രിക്കുന്നതിന് ഗവൺമെൻറ്, അടിയന്തിരമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ ബില്ലിന്റെ ചർച്ചാവേളയിൽ എനിക്കു പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ അപ്പലേറ്റ് അതോറിട്ടിയെക്കുറിച്ച് പറഞ്ഞു. മൂന്നു അംഗങ്ങളുള്ള അപ്പലേറ്റ് അതോറിട്ടിയായിരുന്നു. വളരെ കുറച്ചു കേസ്സുകളെ അവരുടെ മുമ്പിൽ വന്നിട്ടുള്ളൂ. ഇത് മൽസ്യബന്ധനത്തിനു ഉപയോഗിക്കുന്ന യാനപാത്രങ്ങൾക്ക് ലൈസൻസ് എർപ്പെടുത്തുന്നതിനും അവർക്ക് ഒരു പ്രത്യേക ഏരിയ നോട്ടിഫൈ ചെയ്യുന്നതിനും വേണ്ടിയാണ് ഈ ബില്ലിൽ പ്രധാനമായി വ്യവസ്ഥ ചെയ്തിട്ടുള്ളത്. അങ്ങനെ ചെയ്യുമ്പോൾ ലൈസൻസ് റദ്ദാക്കുകയോ, അല്ലെങ്കിൽ ലൈസൻസിന്റെ വ്യവസ്ഥകൾക്ക് മാറ്റം വരുത്തുകയോ ചെയ്യുമ്പോൾ അതിനെ ചോദ്യം ചെയ്തുകൊണ്ട് അപ്പലേറ്റ് അതോറിട്ടിയുടെ മുമ്പിൽ പോകാം. അതുപോലെ Authorised Officer-ടെ ഏതെങ്കിലും നടപടികളെ ചോദ്യം ചെയ്തുകൊണ്ട് ഈ അതോറിട്ടിയുടെ മുമ്പിൽ പോകാം. എന്നാൽ ഇവിടെ ആകെ രണ്ടു കേസുകളേ വന്നിട്ടുള്ളൂ. ഇതിനുവേണ്ടി ഏകദേശം രണ്ടു ലക്ഷത്തിൽ കൂടുതൽ രൂപ ചെലവായി. അത് പ്രയോജനരഹിതമാണെന്നുള്ളതുകൊണ്ടാണ് ഡിസ്ട്രിക്ട് കളക്ടർമാർക്ക് ഈ അധികാരം നൽകിയിരിക്കുന്നതെന്നാണ് പറയുന്നത്. അതുകൊണ്ട് പ്രത്യേകിച്ച് എന്തെങ്കിലും പ്രയോജനമുണ്ടോ? സഖാവ് എസ്. ആർ. തങ്കരാജ് ചൂണ്ടിക്കാണിച്ചതുപോലെ, ഡിസ്ട്രിക്ട് കളക്ടർ ഒരു ജൂഡിഷ്യൽ ഉദ്യോഗസ്ഥനല്ല. എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥനാണ്. അതിനേറെയായ ദുർബലതയുമുണ്ട്. ഒരു ഡിസ്ട്രിക്ട് കളക്ടറെ ഒരു ട്രൈബ്യൂണലിന്റെ ഹെഡ്ഡായി നിയമിക്കുന്നതിൽ പല ദോഷങ്ങളുണ്ട്, അതുകൊണ്ട് ഇക്കാര്യങ്ങളും പരിശോധിക്കുന്നതിന്ന് ഈ ബില്ലിനെ പൊതുജനാഭിപ്രായം ആരായുന്നതിനുവേണ്ടി, ഇതിന്റെ ഗുണദോഷങ്ങളും സർക്കുലേറ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്റെ വാക്കുകളും അവസാനിപ്പിക്കുന്നു.

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഞാൻ എന്റെ ഭേഗതി അവതരിപ്പിക്കുന്നു.

I move that the Kerala Marine Fishing Regulation (Second Amendment) Bill, 1986 be referred to a Seleet Committee.

ഈ നിയമത്തിന്റെ മൂലനിയമത്തിൽ നേരത്തെ പറഞ്ഞ കാര്യങ്ങളിൽ നിന്നു വ്യത്യസ്തമായിട്ടാണ് ഇപ്പോൾ പറഞ്ഞിരിക്കുന്നത്. ഒരു ഡിസ്ട്രിക്ട് ജഡ്ജിയോ, റിട്ടയേർഡ് ഡിസ്ട്രിക്ട് ജഡ്ജിയോ, നേതൃത്വം വഹിക്കുന്ന മൂന്നംഗ സമിതി ഈ അപ്പീലുകൾ കേൾക്കണമെന്നായിരുന്നു നേരത്തെ ഈ നിയമത്തിൽ വ്യവസ്ഥ ഉണ്ടായിരുന്നത്. മൂന്നു കേസ്സുകളേ ഇതിന്റെ മുമ്പിൽ വന്നുള്ളൂ എന്നതിനാലും മൂന്നു പേർക്ക് കൂടി ഒരുമിച്ച് കൂടാൻ പറ്റാതിരുന്നതിനാലും ഈ അതോറിട്ടിയെ ജില്ലാ കളക്ടറെ ഏൽപ്പിക്കണമെന്നാണ് ഇതിന്റെ ഉദ്ദേശകാരണങ്ങളിൽ പറഞ്ഞിട്ടുള്ളത്. എന്തുകൊണ്ടാണ് ഒരു ഡിസ്ട്രിക്ട് ജഡ്ജിയുടേയോ അല്ലെങ്കിൽ റിട്ടയേർഡ് ഡിസ്ട്രിക്ട് ജഡ്ജിയുടേയോ പദവിയുള്ള ഒരാളെക്കൊണ്ട് ഇതിന്റെ അപ്പീൽ കേൾപ്പിക്കണമെന്നു തീരുമാനിച്ചതിനെക്കുറിച്ച് ആദ്യം ആലോചിക്കണം. ഇത്തരമൊരു സാഹചര്യത്തിൽ തെളിവെടുക്കുകയും ഇക്കാര്യത്തിൽ ഒരു ജൂഡിഷ്യൽ സമീപനം നിർബന്ധമായും വേണമെന്നുള്ളതുകൊണ്ടാണ് ഒരു ജഡ്ജി അതിന്റെ ചെയർമാനായിരുന്നുകൊണ്ട് അപ്പീൽ കേൾക്കണമെന്ന് തീരുമാനിച്ചത്. ഇത് വളരെ ചെറിയ ഒരു കാര്യമല്ല. ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്ന ആളുകൾ, വളരെ കൂടുതൽ കഴിവും സ്വാധീനവും ഉള്ള ആളുകളാണെന്ന കാര്യം നമുക്ക് ഏവർക്കുമറിയാം. കണക്കുകൾ പരിശോധിച്ചാൽ, ഇൻഡ്യയിൽ ആകെ 87 deep-sea fishing vessels-ഉം 20050 Mechanised fishing vessels-ഉം ഉണ്ട്. അത് ഗവൺമെന്റിന്റെ കണക്കുകളാണ്. അതുമാത്രമല്ല, നമ്മുടെ മൽസ്യബന്ധനമേഖലയിൽ 42 വിദേശ കപ്പലുകൾ ഇൻഡ്യയിലെ സമുദ്രങ്ങളിൽ വരുന്നുണ്ടെന്ന് ഗവൺമെന്റ് തന്നെ കണക്കെടുത്തിരിക്കുന്നു. ഇന്ന് ഇൻഡ്യയിലെ പ്രധാനപ്പെട്ട കുത്തകമുതലാളിമാർ എല്ലാംതന്നെ ഈ മൽസ്യബന്ധന[illegible]

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്കെതിരായി ഈ യന്ത്രവത്കൃത ബോട്ടുകൾ സമുദ്രാതിർത്തിയിൽവന്ന് മൽസ്യബന്ധനം നടത്തുന്നതിന്റെ ഫലമായി പലപ്പോഴും പ്രശ്നങ്ങളുണ്ടാകാറുണ്ട്. അങ്ങനെയുള്ള അപൂർവ്വ കേസുകൾ മാത്രമേ ഇവിടെ കണ്ടുപിടിച്ചിട്ടുള്ളൂ. എങ്കിൽപ്പോലും ആ കേസുകളെ സംബന്ധിച്ച് അപ്പീൽ കേൾക്കുന്നതിനും അതിന് തീരുമാനമെടുക്കുന്നതിനും, ഒരു ജുഡിഷ്യൽ ഫങ്ഷനാണെന്ന് ധാരണയോടുകൂടി ഒരു സംവിധാനത്തിൽനിന്ന് ഇപ്പോൾ മാറ്റം വരുത്താൻ ഉദ്ദേശിച്ചത് യാതൊരു കാരണവശാലും ശരിയല്ല. ഇപ്പോൾ ജില്ലകളക്ടർമാർക്ക് ഇല്ലാത്ത ജോലിയൊന്നുമില്ല. റവന്യൂ ഭരണത്തിന്റെ തലവനെന്നുള്ള നിലയിൽ മാത്രമല്ല, രാജ്യത്തുണ്ടാക്കുന്ന എല്ലാ കമ്മിറ്റികളുടെയും ചെയർമാനോ, കൺവീനറോയെന്നുള്ള നിലയിൽ, ആർ. ടി. എ. യുടെ ചെയർമാനെന്നുള്ള നിലയിൽ, ഇപ്പോൾ ഉണ്ടാക്കാൻപോകുന്ന ദേശീയോദ്ഗ്രഥന ജില്ലാ സമിതിയുടെയും കൺവീനർമാരും ഒക്കെ കളക്ടറാണ്. അങ്ങനെ ലോകത്തുള്ള എല്ലാ സമിതികളുടേയും ചുമതല ഒരു കളക്ടറിൻമേൽ വച്ചുകെട്ടുകയും മനഃസാക്ഷിയനുസരിച്ച് ജോലി ചെയ്യുന്ന ഒരു കളക്ടർക്ക് ജോലി ചെയ്യാൻ പറ്റാതെ, രാഷ്ട്രീയ സമ്മർദ്ദം ഭരണാധികാരികളിൽനിന്നും ഉണ്ടാവുകയും ചെയ്യുന്ന സാഹചര്യമാണ് ഉണ്ടാകാനിടയുള്ളത്. അങ്ങനെയുള്ള സാഹചര്യത്തിൽ ഇതുപോലെ ഒരു ഉത്തരവാദിത്വം കൂടി ജില്ലാകളക്ടറുടെ മേൽ ഏൽപ്പിക്കുന്നത് യാതൊരു കാരണവശാലും ശരിയല്ല.

മറ്റൊരു കാര്യംകൂടി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഉദ്ദേശകാരണങ്ങളുടെ വിവരണത്തിൽ പറയുന്നത്, മൂന്നുകേസുകൾ മാത്രമേ ഇതുവരെ അപ്പീലിന് ഉണ്ടായിട്ടുള്ളൂവെന്നാണ്. അതെന്തുകൊണ്ടാണ് ? ഈ നിയമം പാസ്സാക്കുന്ന സന്ദർഭത്തിൽത്തന്നെ ഈ സഭയിൽ കഴിഞ്ഞ പ്രാവശ്യം ഇതിന് ഭേദഗതി അവതരിപ്പിച്ചപ്പോൾ ചർച്ച ചെയ്യുകയുണ്ടായി. നിയമമുണ്ടായതുകൊണ്ടുമാത്രമായില്ല ; അത് ഫലപ്രദമായി നടപ്പിലാക്കുവാനുള്ള സംവിധാനംകൂടി ഉണ്ടാകണം. ഇന്ന് അതിർത്തി കടക്കുന്ന ഫിഷിംഗ് വെസൽസിനെ പിടിക്കുന്നതിനോ അവരുടെ മേൽ കേസ് ചാർജ് ചെയ്യുന്നതിനോ ഏതെങ്കിലും സംവിധാനം നമുക്കുണ്ടോ? അവർ അതിർത്തി കടക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാനുള്ള സംവിധാനമുണ്ടോ ? അവർക്ക് സ്പീഡ് ലോഞ്ചില്ല. സ്പീഡ് ലോഞ്ചുണ്ടെങ്കിൽ മാത്രമേ ഇത് കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ. പല സ്ഥലങ്ങളിലും മൽസ്യത്തൊഴിലാളികളും യന്ത്രവത്കൃത ബോട്ടുകളുപയോഗിക്കുന്ന ആളുകളും തമ്മിൽ സംഘട്ടനമുണ്ടാകാറുണ്ട്. കഴിഞ്ഞ ദിവസം അങ്ങനെ ഒരു മൽസ്യത്തൊഴിലാളിയെ കൊന്ന് കടലിലെറിഞ്ഞു. അതുപോലെയുള്ള സംഘങ്ങൾ നമ്മുടെ കടൽപ്പുറങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. നിയമമുണ്ടാക്കി ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള യാതൊരു സൗകര്യങ്ങളും ഏർപ്പെടുത്താത്തതിന്റെ ഫലമായിട്ടാണ് ഈ കേസുകൾ കുറയുന്നത്. അല്ലാതെ കുറ്റകൃത്യങ്ങൾ നടക്കാത്തതുകൊണ്ടല്ല. കുറ്റകൃത്യങ്ങളില്ലാത്തതുകൊണ്ട് ശിക്ഷിക്കാനുള്ള സൗകര്യമുണ്ടായിട്ടില്ലെന്നു പറയുന്നതിൽ യാതൊരു ശരിയുമില്ല. അങ്ങനെയുള്ള സാഹചര്യത്തിൽ, ഇക്കാര്യങ്ങളെ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന്, ഇതൊരു ജുഡിഷ്യൽ ഫംങ്ഷനാണെന്ന് ഉള്ള ധാരണയോടുകൂടി തെളിവ് ശേഖരിക്കാനും നിയമത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് പരിശോധിക്കാനും ഉള്ള സൗകര്യം, ഇതുപോലൊരു സമിതിയാണെങ്കിൽ ഉണ്ടാകും. അതേ സമയം ജില്ലാകളക്ടറെ ഏൽപ്പിക്കുന്നതുകൊണ്ട്, ആ സൗകര്യങ്ങൾ ഉണ്ടാകണമെന്നില്ല. അതുകൊണ്ട് തന്നെയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്, ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. എസ്. ജോൺ : സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കു

LIBRARY ARCHIVES Kerala Legislative Assembly

റിട്ടയേർഡ് ജില്ലാ ജഡ്ജിയേയോ അല്ലെങ്കിൽ അദ്ദേഹത്തിന് തുല്യമായിട്ടുള്ള ഉദ്യോഗസ്ഥനോ ചെയർമാനായിട്ടുള്ള മൂന്നംഗ കമ്മിറ്റി രൂപീകരിച്ചു. അങ്ങനെ ആ ബോർഡിന് രൂപം കൊടുത്തു. അതിന് രൂപം കൊടുത്തശേഷം ഇതുവരെ കിട്ടിയിട്ടുള്ള കേസുകളുടെ എണ്ണം രണ്ടാണ്. അതിനുവന്ന ചെലവ് രണ്ട് ലക്ഷം രൂപയും. ആ രണ്ടു ലക്ഷം രൂപ കഴിഞ്ഞ രണ്ടു മൂന്നു കൊല്ലമായി വേസ്റ്റാക്കിയിരിക്കുകയാണ്. എന്താണ് പണി എന്നു ചോദിച്ചാൽ രണ്ടു കേസുംകൊണ്ട് വെറുതെ കുത്തിയിരിക്കുകയാണ്. യാഥാർത്ഥ്യം പറഞ്ഞാൽ റിട്ടയേർഡ് ജില്ലാ ജഡ്ജിയെയും ജില്ലാ കളക്ടറെയും തമ്മിൽ നോക്കുമ്പോൾ ജില്ലാ കളക്ടർ തന്നെയാണ് ഭേദം എന്ന് എല്ലാവരും സമ്മതിക്കും. ഏതു വരാന്തയിലും റിട്ടയേർഡ് ജില്ലാ ജഡ്ജിയെ കിട്ടും. ഏതു കാര്യത്തിലും റിട്ടയേർഡ് ജില്ലാ ജഡ്ജിയെ കിട്ടുന്ന കാലഘട്ടമാണിത്. ജില്ലാ ജഡ്ജിയെ അദ്ധ്യക്ഷനാക്കി രണ്ടു പേര്.....

ശ്രീ. കാനം രാജേന്ദ്രൻ : റിട്ടയേർഡ് ജഡ്ജിമാരെ ഇപ്പോൾ അന്വേഷണത്തിനായി ഏല്പിച്ചിരിക്കുന്ന കാലമാണ്. അതുകൊണ്ട് അങ്ങ് പറഞ്ഞ എല്ലാ കാര്യത്തിലും ഉറച്ച് നില്ക്കുമോ ?

ശ്രീ. ടി. എസ്. ജോൺ : റിട്ടയേർഡ് ജഡ്ജിമാരുടെ കാര്യം തന്നെയാണ് ഞാൻ പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : റിട്ടയേർഡ് ജഡ്ജി ജാനകിയമ്മയെ ഉദ്ദേശിച്ചുകൊണ്ടാണോ അങ്ങ് ഇത് പറഞ്ഞത്.

ശ്രീ. ടി. എസ്. ജോൺ : ജാനകിയമ്മയുടെ കേസിന് എന്താണ് കുഴപ്പം? അവരെ ഉദ്ദേശിച്ചുകൊണ്ടാണ് ഞാൻ പറഞ്ഞത്. റിട്ടയേർഡ് ജഡ്ജിമാരുടെ സ്ഥിതിയെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അതുപോലെ റിട്ടയേർഡ് ഉദ്യോഗസ്ഥൻമാരുടെ സ്ഥിതിയും നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണല്ലോ ? കൈക്കൂലിക്കാരല്ലാത്തവർ കൈക്കൂലിക്കാരാകുന്നു. ഇതൊക്കെയാണല്ലോ റിട്ടയേർഡ് ജഡ്ജിമാരുടെ വിധികളും. റിട്ടയേർഡ് ജഡ്ജിമാരെ പ്രയോജനപ്പെടുത്തുന്നതിനേക്കാൾ നല്ലത് ജില്ലാ കളക്ടറാണ്. ജില്ലാ കളക്ടർ എന്നുള്ള നിലയിൽ അല്ല ഇതിൽ തീരുമാനമെടുക്കുന്നത്. പക്ഷെ ഒരു ഡിസ്ട്രിക്ട് ജഡ്ജി എന്നുള്ള പദവിയിലാണ് ജില്ലാ കളക്ടർ തീരുമാനമെടുക്കുന്നത്. അതുപോലെ സിവിൽ പ്രൊസീഡ്യൂർ കോഡ് (C.P.C) അനുസരിച്ച് വിധിയെടുക്കുമ്പോൾ ഗവൺമെന്റിനോ മേലുദ്യോഗസ്ഥൻമാർക്കോ ഒന്നും സ്വാധീനിക്കാൻ കഴിയുകയില്ല. ഇപ്പോൾ കേസുകളിൽ ആരെങ്കിലും സബ് കളക്ടർമാരെ സ്വാധീനിക്കാറുണ്ടോ ? ആരും സ്വാധീനിക്കാറില്ല. അത് നിങ്ങളുടെ കാലത്ത് ചെയ്തിരുന്നു എന്നുള്ളതല്ലാതെ വിവേകമുള്ള ആരും സ്വാധീനിക്കാറില്ല. ജില്ലാ കളക്ടർ ജുഡീഷ്യലായി എടുക്കുന്ന തീരുമാനങ്ങൾ എന്നുള്ളതിൽ കവിഞ്ഞ് മറ്റൊന്നുമില്ല. ജില്ലാ കളക്ടറെ നിയമിച്ചതുകൊണ്ട് രണ്ടു ദോഷങ്ങളുണ്ട്. ലാകേരമായി നടത്താം എന്നുള്ളതൊഴിച്ചാൽ തീരുമാനിക്കാനും കഴിയും. വേറെ കമ്മിറ്റി ആവശ്യമില്ല. ഇതിൽ പ്രധാനമായിട്ടും നമ്മൾ കാണേണ്ടത്, നമ്മുടെ സംസ്ഥാനത്ത് 590 കിലോമീറ്റർ തീരപ്രദേശമുള്ള കടൽത്തീരമാണുള്ളത്. അത് ഭാരതത്തിന്റെ ഒമ്പതു ശതമാനമാണ്. ഭാരതത്തിൽ മൊത്തം 373 കോടി രൂപ കഴിഞ്ഞ വർഷം മൽസ്യോല്പാദന രംഗത്ത് ഉണ്ടാക്കാൻ സാധിച്ചപ്പോൾ കേരളത്തിൽ 140 കോടി രൂപ ഉണ്ടാക്കി. അപ്പോൾ കേരളമാണ് മുമ്പന്തിയിൽ നില്ക്കുന്നത്. 32840 ടൺ സമുദ്രോല്പന്നങ്ങൾ നമ്മുടെ സംസ്ഥാനത്തുനിന്നും കയറ്റി അയയ്ക്കാൻ കഴിഞ്ഞു. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ. എന്നാൽ കേരളത്തെ സംബന്ധിച്ചിടത്തോളം ആഴക്കടൽ മൽസ്യ സമ്പത്ത് ശരിയായി ചൂഷണം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുണ്ടോയെന്ന് നമ്മൾ ആലോചിക്കണം. ഇതുവരെയും നമുക്ക് ചൂഷണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഏഴാം പദ്ധതിക്കാലത്ത് മൽസ്യബന്ധനത്തിന് വേണ്ടി കൂടുതൽ തുക കൊള്ളിച്ചിട്ടുണ്ട്. അത് പ്രയോജനപ്പെടുത്തേണ്ടത് നമ്മുടെ രാജ്യത്തിന് ആവശ്യമാണ്. സംസ്ഥാന വിഹിതമായി 90 ലക്ഷം രൂപയും SDFC സഹായമായി 810 ലക്ഷം രൂപയും ഉൾപ്പെടെ ഒമ്പതു കോടി തൊള്ളായിരം ലക്ഷം രൂപയാണ് ഈ പരിപാടിക്കുവേണ്ടി ഏഴാം പദ്ധതിയിൽ മാറിവച്ചത്. ഇരുപത് ആഴക്കടൽ മൽസ്യബന്ധന വാഹനമുണ്ടാക്കുന്നതിനു വേണ്ടിയാണ് ഇത് മാറിവച്ചത്. ഗവൺമെന്റ് ഈ രംഗത്ത് പ്രത്യേകമായി ശ്രദ്ധചെലുത്തണമെന്നാണ് ഞാൻ പറയുന്നത്. അങ്ങനെ ശ്രദ്ധ ചെലുത്തുന്നുണ്ടോയെന്ന് നമ്മൾ ആലോചിക്കണം. ആഴക്കടലിൽ നിന്ന് മൽസ്യം പിടിച്ചെടുത്ത് നമ്മുടെ രാജ്യത്തിന്റെ സമ്പത്ത് വർദ്ധിപ്പിക്കാനുള്ള ശ്രമം നടത്തണം. ഈ നിയമം തീർച്ചയായും, എളുപ്പം അഡ്ജുഡിക്കേഷൻ ആഫീസറുടെ തീരുമാനത്തിൻമേൽ വിധി കല്പിക്കാൻ പ്രയോജനപ്പെടും.....

ശ്രീ. കെ. പങ്കജാക്ഷൻ : ബഹുമാനപ്പെട്ട മെമ്പർ നമ്മുടെ മൽസ്യ സമ്പത്ത് വർദ്ധിപ്പിക്കുന്ന കാര്യം പറഞ്ഞു. എനിക്കുണ്ടായ ഒരനുഭവം പറയാം. ഇന്നലെ മാർക്കറ്റിൽനിന്ന് ഒരു രൂപയ്ക്ക് മൂന്നു ചെറിയ ചാള യാണ് കിട്ടിയത്. നമ്മുടെ സമ്പത്ത് വർദ്ധിപ്പിച്ചാൽ ഇതാണോ അവസ്ഥ. ഈ ദുർഗതി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ : ഇപ്പോൾ സാധാരണ മീൻ കുറവായതു കൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. മീൻ കൂടുതൽ പിടിക്കുമ്പോൾ കുറഞ്ഞ വിലയ്ക്ക് കിട്ടും. അങ്ങനെയാണല്ലോ മാർക്കറ്റിൽ നടക്കുന്നത്. മാർക്കറ്റ് എന്നു പറഞ്ഞാൽ കൂടുതൽ മീൻ പിടിച്ചുകൊണ്ടുവരുമ്പോൾ കുറഞ്ഞ വിലയ്ക്ക് കിട്ടും. മീൻ കുറച്ച് പിടിക്കുന്ന സമയത്ത് കൂടുതൽ വില കൊടുക്കണം. സ്വാഭാവികമായും മാർക്കറ്റിൽ നടക്കുന്നത് അതാണ്. അത് ഗവൺമെന്റിന്റെ കുറ്റമൊന്നുമല്ല. കൂടുതൽ മീൻ പിടിക്കാത്തതിന്റെ കുറ്റമാണ്. ഈ നിയമത്തെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഈ നിയമത്തിൽ ചില കുഴപ്പങ്ങളുണ്ട്. അത് ചൂണ്ടിക്കാണിക്കുവാനാണ് ഞാൻ ഇത് പറയുന്നത്. ഈ ബില്ല് അവതരിപ്പിച്ചുകൊണ്ട് ഇതിന്റെ Statements of Objects and Reasons-ൽ പറയുന്ന കാര്യങ്ങളും വളരെ വിചിത്രമാണ്. ആദ്യം ഒരു ഓർഡിനൻസ് പുറപ്പെടുവിച്ച് ഈ ബോർഡിന്റെ നിലനില്പ് അവസാനിപ്പിച്ച് ഈ ഗവൺമെന്റ് ജില്ലാ ജഡ്ജിയെ നിയമിച്ചു. അത് കഴിഞ്ഞിട്ട് രണ്ടാമതാണ് ഇപ്പോൾ ഡിസ്ട്രിക്ട് കളക്ടറെ വയ്ക്കുന്നത്. ആദ്യം ഈ ഗവൺമെന്റ് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ച് ജില്ലാ ജഡ്ജിയെ ചുമതലപ്പെടുത്തി. ജില്ലാ ജഡ്ജിയെ ചുമതലപ്പെടുത്തുന്നതിന് പറഞ്ഞിരിക്കുന്ന കാരണങ്ങളാണ് വളരെ രസകരം. ഈ സഭയിൽ നമ്മുടെ അഴിമതി നിരോധന കമ്മീഷന്റെ ഒരു റിപ്പോർട്ട് അവതരിപ്പിച്ചു. ആ കമ്മീഷൻ റിപ്പോർട്ടിൽ അവർ പറയുന്നത്, ഞങ്ങൾക്ക് ആകെ അഞ്ച് പെറ്റീഷൻസാണ് കിട്ടിയതെന്നാണ്. ശ്രീ. പി. സി. ജോർജ്ജിന്റെയും ശ്രീ. ശ്രീനിവാസന്റെയും ഉൾപ്പെടെ. ഈ അഞ്ചെണ്ണത്തിൽ രണ്ടെണ്ണത്തിന് ഡീറെയിൽഡ് എൻക്വയറി ആവശ്യമാണെന്നു തോന്നുന്നു. മറ്റതു മൂന്നിലും ഫർദർ ആക്ഷനില്ല. അതുകൊണ്ട് ഈ രാജ്യത്ത് ആകെ അഴിമതി എന്നു പറയുന്നത് അഞ്ച് പെറ്റീഷനിൽ ഒതുങ്ങുന്നതാണോ? ഇങ്ങനെ അഞ്ചു പെറ്റീഷൻ കിട്ടിയതുകൊണ്ട് ലക്ഷക്കണക്കിന്

LIBRARY ARCHIVES Kerala Legislative Assembly

രൂപ ചെലവു വരുന്നു. രണ്ടു ഹൈക്കോടതി ജഡ്ജിമാരും ഈ സഭയുടെതന്നെ സെക്രട്ടറിയേറ്റിലുണ്ടായിരുന്ന ഒരാളുംകൂടി രൂപീകരിച്ച ഒരു കമ്മിഷനുവേണ്ടി ലക്ഷക്കണക്കിനു രൂപ ചെലവാക്കുന്നു. ആകെ അഞ്ചു പെറ്റീഷനെ കിട്ടിയിട്ടുള്ളൂ പെറ്റിഷന്റെ എണ്ണം കുറഞ്ഞു പോയതുകൊണ്ട് കമ്മിഷൻ വേണ്ടെന്നോ ഈ ഗവൺമെന്റ് തീരുമാനിക്കുമോ ? ഇല്ല. അതുപോലെ രണ്ടു പെറ്റിഷനേ കിട്ടിയുള്ളൂ എന്ന് ഇതിനകത്ത് പറയുന്നതിന്റെ കാരണമെന്താണ് ? ബോർഡിന്റെ ജോലിയല്ല പെറ്റിഷൻ കൊടുക്കേണ്ടത്. ഒരു ബോർഡിനെ കോൺസ്റ്റിറ്റ്യൂട്ട് ചെയ്താൽ ആ ബോർഡിന്റെ ജോലിയല്ല നിങ്ങളെല്ലാം പെറ്റിഷൻ കൊണ്ടുവരിൻ എന്നു പറയാൻ. പണ്ട് പോലീസിലിരിക്കുന്ന കോൺസ്റ്റബിൾമാർക്കും H. C. മാർക്കും ഇത്ര പെറ്റി കേസ് ചാർജ് ചെയ്തില്ലെങ്കിൽ ഇൻക്രിമെന്റ് കിട്ടുകയില്ലെന്ന് ഒരു അലിഖിത നിയമമുണ്ടായിരുന്നു, അതുകൊണ്ട് കണ്ണിൽ കണ്ടവരെയെല്ലാം ചേർത്ത് പെറ്റി കേസ് എഴുതിക്കൊടുത്ത് പോലീസുകാർ എണ്ണം തികയ്ക്കും. അതുപോലെ ഇത് ബോർഡിന്റെ കുറ്റമാണോ ? ഇതിൽ ചുമതലപ്പെട്ട ആളുകൾക്ക് നിയമം ലംഘിക്കുന്ന ആളുകൾക്കെതിരായി നടപടിയെടുക്കാൻ വൈമുഖ്യമുള്ളതുകൊണ്ടാണ് ബോർഡിന്റെ മുമ്പാകെ വന്ന പെറ്റിഷന്റെ എണ്ണം രണ്ടായിപ്പോയത്. അതുകൊണ്ട് ആ ബോർഡ് വേണ്ടെന്നോ തീരുമാനിക്കുന്ന വാദഗതിയോട് യോജിക്കുവാൻ കഴിയുമോ ? ബോർഡിനെ വെറുതേ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ഫിഷറീസ് ഡിപ്പാർട്ടുമെന്റ് നിയമം ലംഘിച്ച് മൽസ്യബന്ധനം നടത്തുന്ന ആളുകളുടെ പേരിൽ നടപടിയെടുക്കാൻ കൂട്ടാക്കിയില്ല. അതുകൊണ്ടാണ് ബോർഡിന്റെ മുമ്പാകെ രണ്ടു പെറ്റിഷനായി എണ്ണം ചുരുങ്ങിയത്. അഴിമതി നിരോധന കമ്മിഷന്റെ മുമ്പാകെ അഞ്ചു പെറ്റിഷൻ വന്നതുകൊണ്ട് ട്രൈബ്യൂണൽ വേണ്ടെന്നു വയ്ക്കുമോ ? അങ്ങനെയാണെങ്കിൽ ട്രൈബ്യൂണലും വേണ്ടെന്നു വയ്ക്കണം. അതാണ് ഒന്നാമത്തെ കാര്യം. രണ്ടാമത്തെ വിചിത്രമായ കാര്യം ജില്ലാ ജഡ്ജിയെ മാറ്റി ഡിസ്ട്രിക്ട് കളക്ടറെ എടുക്കുന്നതിനുള്ള കാരണമാണ് Speedy disposal ആണ് ഇതിന് പറഞ്ഞിരിക്കുന്ന കാരണം. അത് സാമാന്യ ബുദ്ധിക്ക് നിരക്കാത്ത കാരണമാണ്. ജില്ലാ ജഡ്ജിയുടെ ജോലി എന്താണ് ? ഈ ഗവൺമെന്റ് എവിടെ ജീവിക്കുന്നു ? ഗവൺമെന്റ് എന്നു പറയുന്നത് രാജ്യത്തെ ഭൗതിക പരിതഃസ്ഥിതിയുമായി ബന്ധമില്ലാത്ത സ്ഥാപനമാണോ ? ജില്ലാ കളക്ടറുടെ ജോലി എന്താണെന്ന് ഗവൺമെന്റിനു അറിഞ്ഞുകൂടെ ? ജില്ലാ കളക്ടർക്ക് സൂര്യനു താഴെയുള്ള എല്ലാ ജോലികളുമുണ്ട്. എന്തു കാര്യം വന്നാലും ചുമതലപ്പെട്ട ആൾ ജില്ലാ കളക്ടറാണ്. ആ ജില്ലാ കളക്ടറുടെ ജോലിഭാരം വർദ്ധിപ്പിക്കാനല്ലേ ഇത് സഹായിക്കൂ. ജില്ലാ ജഡ്ജിയുടെ ജോലി കേസുകൾ കേൾക്കൽ മാത്രമാണോ ? ജില്ലാ ജഡ്ജിക്ക് ജുഡീഷ്യൽ ഡിസിഷൻ എടുക്കുക എന്ന ഒറ്റ ജോലി മാത്രമേയുള്ളൂ. ജില്ലാ ജഡ്ജിക്ക്, ജില്ലാ ജഡ്ജിയുടെ ജോലികളൊന്നുമില്ല. സൂര്യനു താഴെയുള്ള എല്ലാ ജോലികളും ജില്ലാ കളക്ടർക്കുണ്ട്. ആ ജില്ലാ കളക്ടറെത്തന്നെ ഇതു രണ്ടും ഏല്പിച്ചാൽ Speedy Disposal ആകും എന്നുള്ള വാദഗതി, വാസ്തവത്തിൽ നല്ലതല്ല. ഇത് എഴുതിക്കൊണ്ടുവന്നിരിക്കുന്ന ആളുകൾക്ക് പറ്റിയ സ്ഥലം എന്റെ അഭിപ്രായത്തിൽ പേരൂർക്കട ആശുപത്രിയാണ്. അവിടത്തെ ചികിൽസയാണ് ഇവർക്ക് ആവശ്യം. ഈ നിയമത്തിലെ വകുപ്പുകൾ എഴുതിവച്ചിരിക്കുന്ന ആളുകളുടെയെല്ലാം സാമാന്യ ബുദ്ധി നഷ്ടപ്പെട്ടിരിക്കുകയാണ്. ഇവരെ ഊളമ്പാറയ്ക്കയയ്ക്കണം. ഇവർക്ക് ഷോക്ക് ട്രീറ്റ്മെന്റ് കൊടുക്കണം. ഇവിടത്തെ ലാ ഡിപ്പാർട്ടുമെന്റിനു ഒരു ഷോക്ക് ട്രീറ്റ്മെന്റ് ആവശ്യമാണ്. തല്ക്കാലം ലാ ഡിപ്പാർട്ടുമെന്റിലെ ചുമതലപ്പെട്ട ആളുകളെ ഒരു ഷോക്ക് ട്രീറ്റ്മെന്റിനു വേണ്ടി ഊളമ്പാറ ആശുപത്രിയിൽ അയയ്ക്കണം. അത്രയ്ക്ക് വിവരദോഷ

LIBRARY ARCHIVES Kerala Legislative Assembly

മാണ്. ഇതിനകത്ത് എഴുതി വച്ചിരിക്കുന്നത്. ഈ നിയമത്തിൽ വന്നിരിക്കുന്ന വേറൊരു അപകടം പിടിച്ച കാര്യം, ജില്ലാ ജഡ്ജിക്ക് അല്ലെങ്കിൽ ജില്ലാ കളക്ടർക്ക്, അപ്പീൽ കേൾക്കാനുള്ള അധികാരം നല്കിയതാണ്. Under Section 18 (3) On receipt of an appeal under sub-section (i), the District Collector may, after holding such enquiry as he deems fit and after giving the parties concerned a reasonable opportunity of being heard, confirm, modify or set aside the order.....

സർ, അപ്പോൾ ഒരാളെ ശിക്ഷിച്ചു, ഫൈൻ അടിച്ചു. ഉദാഹരണത്തിന് 1000 രൂപ ഫൈൻ അടിച്ചു എന്നു വയ്ക്കുക. ജില്ലാ കളക്ടർക്ക് അപ്പീൽ വരുമ്പോൾ ജില്ലാ കളക്ടർ ആ 1000 രൂപ ഒന്നുകിൽ set aside ചെയ്യുക, set aside ചെയ്താൽ 1000 രൂപ തിരികെ കൊടുക്കണമെന്ന് ഇതിനകത്ത് വ്യവസ്ഥയുണ്ട്. അയാളെ വെറുതെ വിടും. അതല്ല ജില്ലാ കളക്ടർക്ക് തോന്നുകയാണ് ഈ 1000 രൂപ കൂടിപ്പോയി ഒരു 500 രൂപ മതി പിഴയെന്ന് പറഞ്ഞാൽ ബാക്കി കൊടുക്കാനും അതിൽ വ്യവസ്ഥയുണ്ട്. ഒരുപക്ഷേ ജില്ലാ കളക്ടർ വിചാരിച്ചിരിക്കുകയാണ് ഈ 1000 രൂപ എന്നുള്ള നിരക്ക് കുറവാണ്, അതൊന്ന് കൂട്ടി കൂട്ടി 1500 രൂപയാക്കണമെന്ന്. ഈ ആംട്ടർ എന്നു പറഞ്ഞാൽ അതും ഉൾപ്പെടുമല്ലോ. അങ്ങനെ ജില്ലാ കളക്ടറുടെ മുന്നിൽ 1,500 രൂപ ചെന്നെന്നിരിക്കട്ടെ. അത് ഇടാക്കാൻ ഈ നിയമത്തിൽ വ്യവസ്ഥയില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് അവരെ ഈളമ്പാരയിലേക്ക് അയയ്ക്കണമെന്ന്. കാരണം കൂടുതലായാൽ ഈടാക്കാൻ വ്യവസ്ഥയില്ല. കുറഞ്ഞുപോയാൽ അയ്യായിരം രൂപ തിരിച്ചു കൊടുക്കാൻ വ്യവസ്ഥയുണ്ട്. ഒന്നുമില്ലെങ്കിൽ വെറും അപ്പീൽ അനുവദിച്ചാൽ മുഴുവൻ സംഖ്യയും കൊടുക്കാം. അതൊക്കെ ഇതിനകത്ത് എഴുതിയിട്ടുണ്ട്. എന്നാൽ കൂട്ടിയാലോ No provision ഇതാണ് സാമാന്യബുദ്ധിക്ക് നിരക്കാത്തത്. ഇവരെ എന്തു ചെയ്യണം ? പാവപ്പെട്ട നമ്മുടെ മന്ത്രിയെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി നിരപരാധിയാണ്. അദ്ദേഹം അത് വായിക്കുന്നതേയുള്ളു. പക്ഷേ ഇത് എഴുതിവച്ച ലാ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചാണ് എനിക്ക് ആക്ഷേപമുള്ളത്. അതുകൊണ്ട് ദയവുചെയ്ത് അങ്ങുകൂടി ഒരു സഹായം ചെയ്യണം. ലാ ഡിപ്പാർട്ടുമെൻറിലെ ഇങ്ങനെയുള്ള ബില്ലുകളെല്ലാം ദയവുചെയ്ത് നോത്തേ നമ്മുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി ഒന്നു പരിശോധിച്ച് അതിന്റെ കുറ്റങ്ങൾ പരിഹരിച്ച് അവതരിപ്പിക്കുന്നതായിരിക്കും സമയലാഭത്തിന് പറ്റിയത്. അതുകൊണ്ട് ഈ മൂന്നു കാരണങ്ങളാൽ ഈ ബില്ല് പൊതുജനാഭിപ്രായത്തിനയയ്ക്കണമെന്നുള്ള എന്റെ പ്രമേയം ഞാൻ ശക്തിയായി അവതരിപ്പിക്കുന്നു.

ശ്രീ. ആർ. എസ്. ഉണ്ണി : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചപ്പോൾ ഈ ഡ്രാഫ്റ്റ് ചെയ്യുന്ന ബില്ലുകളൊക്കെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി പരിശോധിക്കണമെന്നു പറഞ്ഞു. സർ, നിയമപ്രകാരം സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി റൂളുകൾ മാത്രമേ പരിശോധിക്കാവൂ. നിയമം പരിശോധിച്ചുകൂടാ.

ശ്രീ. എം. എം. ഹസ്സൻ : സർ, ഇങ്ങനെ വിവരക്കേട് പറയുന്ന ആളുകളെ എങ്ങോട്ട് അയയ്ക്കണമെന്ന് അങ്ങ് തീരുമാനിച്ചാൽ മതി.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, I have a point of order. ഇതിനെ സംബന്ധിച്ച് സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി ലോക് സഭാ സ്പീക്കറുമായി ഈ വിഷയത്തെ സംബന്ധിച്ച് ഒരു ചർച്ച നടന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമാൻ മാണി അടക്കമുള്ള ആളുകളും അതിൽ ഉണ്ടായിരുന്നു. എന്നിട്ട് ലോക് സഭാ പാർലമെന്റ് സെക്രട്ടറി നമുക്ക് പ്രസക്തമായ റൂളുകളും കാണിച്ചു തന്നു. അത് നമ്മുടെ റൂളിലുമുണ്ട്. സബോർഡിനേറ്റ് ലജിസ്ലേഷനും ബില്ലുകളും പരിശോധിക്കാൻ പൂർണ്ണമായി അവകാശമുണ്ട്, അത് ഈ നിയമത്തിൽ അനിഷേദ്ധ്യമാണ്, പാർലമെന്റിൽ ഈ നിയമം നിലവിലുണ്ട്, ഇവിടേയും ഇത് നടപ്പിലാക്കാം. അതുകൊണ്ട് ശ്രീ. ഹസ്സനെയാണ് അയയ്ക്കേണ്ടത്.

മി. സ്പീക്കർ : ഏതായാലും ഇവിടെനിന്ന് ആരേയും അങ്ങോട്ട് അയയ്ക്കേണ്ട കാരണമുണ്ടെന്നു തോന്നുന്നില്ല.

Shri Kodiyeri Balakrishnan : Sir, I move that the Kerala Marine fishing Regulation (Second Amendment) Bill, 1986 be circulated for eliciting public opinion till 30-12-1986.

സർ, ഈ മൽസ്യബന്ധന നിയന്ത്രണ നിയമം ലംഘിക്കുന്നവർക്കെതിരായി ഫലപ്രദമായ നടപടികളും സ്വീകരിക്കാൻ ഇതുവരെ സാധിച്ചിട്ടില്ലെന്നുള്ളതിന്റെ ഒരു കുറവ് സത്യമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ബില്ല്. ഇവിടെ ട്രൈബ്യൂണലുകളിൽ കേസ് വരുന്നില്ലെന്നും, അതുകൊണ്ടാണ് ഇങ്ങനെ ജില്ലാ കളക്ടർക്ക് അധികാരം കൊടുക്കേണ്ടതായി വന്നതെന്നും ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. ആഴക്കടലിൽ പോയി മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വലിയ ഒരു ഭീഷണിയാണ് യന്ത്രവൽകൃത ബോട്ടുകളുടെ കടന്നുകയറ്റം. അതിനെ തടയാൻ വേണ്ടിയാണ് ഇങ്ങനെ ഒരു നിയമം തന്നെ ഉണ്ടാക്കാൻ നിർബന്ധിതമായത്. എന്നാൽ ആ നിയമത്തിന് വിധേയമായി കേസുകളും കൈകാര്യം ചെയ്യാനോ അങ്ങനെ നിയന്ത്രണങ്ങളും ലംഘിച്ചുകൊണ്ട് മൽസ്യബന്ധനം നടത്തുന്ന ബോട്ടുകളും പിടിച്ചെടുക്കാനോ ഉള്ള യാതൊരു നടപടിയും ഫിഷറീസ് ഡിപ്പാർട്ടുമെന്റ് സ്വീകരിക്കുന്നില്ല. ഈ ബോട്ടുകളും പിടിച്ചെടുക്കാൻ സാധിക്കണമെങ്കിൽ, കേസ് കൊടുക്കാൻ സാധിക്കണമെങ്കിൽ അതിന് ആവശ്യമായ സംവിധാനം ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ കൈവശം ഉണ്ടാകണം. ഇന്നാണെങ്കിൽ ആഴക്കടലിൽപ്പോയി നിയമം ലംഘിച്ച് മത്സ്യം പിടിക്കുന്ന ബോട്ടുകളും പിടിച്ചെടുക്കാൻ ഉള്ള നടപടിക്രമങ്ങളും ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തില്ല. സ്പീഡ് ബോട്ട് ഇല്ലാതെ എങ്ങനെയാണ് ഇവരെ പിടിക്കാൻ സാധിക്കുന്നത്. യഥാർത്ഥത്തിൽ കേസുകളും കുറഞ്ഞു പോയി എന്നുള്ളത്. കേസ് പിടിക്കാൻ സാധിക്കാത്ത ഒരു സ്ഥിതിയാണ്. ഇവിടെയുള്ളത്. ബോട്ട് ഉടമകളും നിയമം ലംഘിക്കുമ്പോൾ അതിന് മുന്നിൽ കണ്ണടക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇതിന്റെ ഫലമായി പരമ്പരാഗത മൽസ്യത്തൊഴിലാളികളാണ് ഏറ്റവും കൂടുതൽ പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് മൽസ്യക്കുഞ്ഞുങ്ങൾ വിരിയുന്നത്. ഈ ജൂൺ, ജൂലൈ മാസങ്ങളിൽ എങ്കിലും ഈ ആഴക്കടലിലെ മൽസ്യ ബന്ധനം നിരോധിക്കണമെന്ന് വളരെക്കാലമായി ആവശ്യപ്പെട്ടിരുന്നതാണെങ്കിലും ഇതുവരെ ഈ മൂന്ന് മാസങ്ങളിൽപോലും യന്ത്രവൽകൃത ബോട്ട് ഉപയോഗിച്ചുകൊണ്ടുള്ള മത്സ്യബന്ധനം തടയാനുള്ള നടപടികൾ സ്വീകരിക്കാൻ ഇതുവരെയും തയ്യാറായിട്ടില്ല. ഇതിന്റെ ഫലമായി ആഴക്കടലിൽ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഒരു യുദ്ധത്തിന്റെ പ്രതീതിയാണുള്ളത്. പരമ്പരാഗത മത്സ്യത്തൊഴിലാളികളും യന്ത്രവൽകൃത ബോട്ടുകാരും തമ്മിലുള്ള സംഘർഷമേഖലയായി കേരളത്തിലെ കടലോര മേഖല മാറിക്കൊണ്ടിരിക്കുകയാണ്. ഇത് തടയാൻവേണ്ടിയാണ് ഈ നിയമം നമ്മൾ കൊണ്ടുവന്നതെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

അത് ഫലപ്രദമായി കൈകാര്യം ചെയ്യാൻ ഇതുവരെ സാധിച്ചിട്ടില്ലെന്നുള്ള താണ് വാസ്തവം. അതുകൊണ്ടാണ് കേസുകളും കുറഞ്ഞുപോയത്. ഇവിടെ ജില്ലാ കളക്ടർക്ക് ഇതിന്റെ അധികാരം നൽകുന്നതുകൊണ്ട് ഈ നിയമം ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുകയില്ല. സർ, റിട്ടയേർഡ് ജഡ്ജിമാരും ഇന്ന് ജുഡീഷ്യൽ സർവ്വീസിലുള്ളവരുമെല്ലാം മോശക്കാരാണെന്നും കേസ് കൈകാര്യം ചെയ്യാൻ പറ്റാത്തവരാണെന്നുമുള്ള അഭിപ്രായം എനിക്കില്ല, ജില്ലാ കളക്ടർക്ക് ഇപ്പോഴത്തെ ഇങ്ങനെയുള്ള ജോലികൂടി ഏൽപ്പിച്ചുകൊടുത്താൽ എന്തായിരിക്കും സ്ഥിതി ? ഇപ്പോഴത്തന്നെ ഒരു കളക്ടർക്ക് ധാരാളം ജോലികളുണ്ട്. അതുകൊണ്ട് അദ്ദേഹത്തിന് ഈ അധികാരംകൂടി ഏൽപ്പിക്കേണ്ടതില്ല. ഇത് ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കണമെങ്കിൽ മുമ്പത്തെ സംവിധാനംതന്നെ തുടരുന്നതായിരിക്കും നല്ലത്. അങ്ങനെയുള്ള ഒരു പ്രശ്നമെന്ന നിലയ്ക്ക് ഇത് പരിശോധനയ്ക്ക് വിധേയമാക്കണം. അപ്പുറത്തുനിന്നു സംസാരിച്ചപ്പോൾ മുൻ ജഡ്ജിമാരും മറ്റും മോശക്കാരാണെന്നതരത്തിലുള്ള പരാമർശങ്ങൾ ഉണ്ടായി. ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങനെ ഉണ്ടായിരിക്കാം. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ കേസ് കൈകാര്യം ചെയ്യാൻവേണ്ടി കുമാരി ജാനകിയമ്മയെ ഏൽപ്പിച്ചപ്പോഴുണ്ടായ അനുഭവം വച്ചുകൊണ്ടായിരിക്കാം ടി. എസ്. ജോൺ അങ്ങനെ പറഞ്ഞിട്ടുണ്ടായിരിക്കുക. സർ, അത് എല്ലാവർക്കും ബാധകമായിട്ടുള്ളതല്ല. ഈ നിയമം ഫലപ്രദമായി കൈകാര്യം ചെയ്യാൻവേണ്ടിയുള്ള സംവിധാനത്തെക്കുറിച്ച് നമ്മൾ ആലോചിക്കണം. അതിന് ഈ നിയമം പര്യാപ്തമല്ല എന്നതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരി : Sir, I move that the Kerala Marine Fishing Regulation (Second Amendment) Bill, 1936 be referred to a Select Committee.

സർ, ഇന്ന് അപ്പലേറ്റ് ബോർഡിനു നിക്ഷിപ്തമായിരിക്കുന്ന അധികാരം ജഡ്ജിമാരും മറ്റു രണ്ടുപേരുമടങ്ങുന്ന ബോർഡിൽ നിന്ന് എടുത്ത് ഡിസ്ട്രിക്ട് കളക്ടർക്ക് സ്പീഡി ഇംപ്ലിമെന്റേഷന് കൊടുക്കുന്നതായിട്ടാണ് കാണുന്നത്. സർ, ഡിസ്ട്രിക്റ്റ് ജഡ്ജി ആരെങ്കിലും പറഞ്ഞാൽ കേൾക്കുമോ എന്നു ചോദിച്ചാൽ ചിലപ്പോൾ കേട്ടെന്നുവരും. ഡിസ്ട്രിക്ട് ജഡ്ജിയുടേയും ഹൈക്കോടതി ജഡ്ജിയുടേയും കാര്യം നമ്മൾ കേട്ടതാണ്. ഡോ. സിദ്ധൻ ലൂക്കോറിവ് പ്രാക്ടീസ് ഉള്ള ഫിസിഷ്യനാണെന്ന് എഴുതിയ ഹൈക്കോടതി ജഡ്ജിമാരുമുണ്ട് നമ്മുടെ നാട്ടിൽ. ഡോ. സിദ്ധൻ ഇലക്ട്രിസിറ്റി ബോർഡിലാണല്ലോ. ലൂക്കോറിവ് ബിസിനസുള്ള ഡോക്ടർ എന്നുവച്ചാൽ പ്രാക്ടീസ് ചെയ്യുന്ന മെഡിക്കൽ പ്രാക്ടീഷണറാക്കി ഡോക്ടറാക്കിയ ജഡ്ജിമാരുമുണ്ട് നമ്മുടെ നാട്ടിൽ. ഡിസ്ട്രിക്ട് കളക്ടർ ഇതിൽ വന്നാൽ ഒരു അനോമലി ഉണ്ട്. സർ, റെഗുലേഷൻ ഓഫ് ഫിഷിങ്ങിന്റെ സെക്ഷൻ 4-ലും അതു കഴിഞ്ഞു വരുന്ന പ്രൊഹിബിഷന്റെ സെക്ഷൻ 5-ലുമുള്ളത് In making an order under sub-section (i) The Government shall have regard to the following matters namely എന്നു പറഞ്ഞു. The need to conserve fish and to regulate fishing on a scientific basis ; The need to maintain Law and Order in the sea ; സർ, Need to maintain law and order in the sea. ഇത് ആരു നോക്കും സർ ? ഒരു ഡിസ്ട്രിക്ടിൽ ആർക്കാണ് ഇതിന്റെ ചുമതല ? ഇന്നത്തെ നിലയിൽ ഡിസ്ട്രിക്ട് കളക്ടർക്കാണ് എന്നാണ് വയ്പ്. ഡിസ്ട്രിക്ട് കളക്ടർക്കാണ് അവിടെ ലാ ആൻഡ് ഓർഡർ മെയ്ന്റയിൻ ചെയ്യാനുള്ള ചുമതല. ആ ലാ ആൻഡ് ഓർഡർ മെയ്ന്റയിൻ ചെയ്യാൻ ചുമതലപ്പെട്ട ഒരു ഉദ്യോഗസ്ഥൻ അതു നടത്തിക്കൊടുത്തോ ഇല്ലയോ എന്നുള്ള ഒരു തർക്കം വന്നാൽ ജഡ്ജി എന്തു പറയും ? ജഡ്ജി അവിടെയിരുന്നുകൊണ്ട് ഈ സെക്ഷൻ 4 കാണും.

LIBRARY ARCHIVES Kerala Legislative Assembly

Power to regulate, restrict and prohibit certain matters അതാണ്. അതിൽ പറഞ്ഞിരിക്കുന്നത് area specify ചെയ്യാനും ലൈസൻസ് കൊടുക്കാനും ഇന്നതുപോലെ ഇന്ന സ്ഥലത്തുകൂടി പോകാനുള്ള അനുവാദവും അത് ലംഘിച്ചിട്ടുണ്ടോയെന്നു നോക്കാനുള്ള ചുമതലയുമെല്ലാം ഡിസ്ട്രിക്ട് കളക്ടർക്കു കൊടുത്താൽ അത് അബദ്ധമാണ്. എന്താണെന്നുവച്ചാൽ ഒരു ജോലി ചെയ്യാൻ ചുമതലപ്പെട്ട ഒരു ഉദ്യോഗസ്ഥനെത്തന്നെ ആ ജോലി ശരിയായിട്ടു നോക്കിയിട്ടുണ്ടോ ഇല്ലയോ എന്നു മറ്റു വശത്തുനിന്നു തർക്കം വരുമ്പോൾ അതിനു ചുമതലപ്പെട്ട് ജഡ്ജ്മെന്റ് എഴുതാൻ അഡ്ജുഡിക്കേറ്റിംഗ് ഓഫീസറെ അല്ലെങ്കിൽ ബോർഡിനെ ആ വിധത്തിലാക്കുന്നത് ശരിയായിരിക്കുകയില്ല. അതു തെറ്റാണ്. ആ വിധത്തിൽ വന്നാൽ ഇത് എവിടെപ്പോയാലും ക്യാൻസൽ ചെയ്തു പോകത്തക്ക സ്ഥിതിയിലാവും. അതുകൊണ്ട് ഡിസ്ട്രിക്ട് കളക്ടർ എന്നുള്ളത് മാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ഭേദഗതി സെലക്ട് കമ്മിറ്റിക്ക് അയച്ച് ഒന്നു കൂടി പരിശോധിക്കണം, മറ്റു ബില്ലുകൾകൂടി നോക്കിയിട്ട് ഇതിന്റെ ഭേദഗതി മാറ്റണം. ഈ നിയമത്തിനു വിരുദ്ധമായിട്ടാണ് നിങ്ങൾ ഭേദഗതി കൊണ്ടു വന്നിരിക്കുന്നത്. അതുകൊണ്ട് , മറ്റുവിധത്തിൽ ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്. ഈ നിയമത്തിൽ ഈ വകുപ്പുകളൊക്കെക്കൂടി ഒന്നു നോക്കി കാതലായി ഡിസ്ട്രിക്ട് കളക്ടർ എന്നു പറഞ്ഞിരിക്കുന്നതു മാറ്റി വേറെ ഒരു ഓഫീസറെ നിയമിക്കത്തക്കവിധത്തിലുള്ള നടപടികളുണ്ടാകണം.

മത്സ്യബന്ധന വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : സർ, ബഹുമാനപ്പെട്ട മെമ്പർമാർ പ്രകടിപ്പിച്ച വിലയേറിയ നിർദ്ദേശങ്ങൾക്ക് ആദ്യമായി നന്ദി രേഖപ്പെടുത്തുന്നു. പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് കടലിലെ മൽസ്യബന്ധനത്തിൽ ക്രമീകരണങ്ങളുണ്ടാക്കാനും അവയുടെ ലംഘനംമൂലം സമാധാനലംഘനം ഒഴിവാക്കാനും മറ്റുമാണ് മറൈൻ ഫിഷിങ്ങ് റഗുലേഷൻ ആക്ട് നിലവിൽ വന്നത്. ഈ നിയമം വളരെ കർശനമായിത്തന്നെ നടപ്പിലാക്കുകയാണ് ഗവൺമെന്റിന്റെ നയം. എന്നാൽ ഇതുമൂലം യന്ത്രവൽകൃത മൽസ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കേണ്ടതുണ്ട്. പിഴ ഈടാക്കേണ്ടി വരുന്ന കേസുകളിൽ ഗവൺമെന്റിലേക്ക് അടച്ചുതീർക്കാനുള്ള സംഖ്യ കിട്ടാനുള്ള കാലതാമസം ഒഴിവാക്കേണ്ടതായും വന്നു. ഈ സാഹചര്യത്തിലാണ് പുതിയ സംവിധാനമുണ്ടാക്കണമെന്നു തീരുമാനിച്ചത്, ഈ ഭേദഗതികൂടി സബ്ജക്ട് കമ്മിറ്റിക്ക് വിശദമായി പരിശോധിക്കാനുള്ള അവകാശമുണ്ട്. ഈ പ്രമേയം പാസ്ക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. എസ്. ആർ. തങ്കരാജ് അവതരിപ്പിച്ച പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച 11-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

1986-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (2-ാം ഭേദഗതി) ബിൽ രണ്ടാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബിൽ സബ്ജക്ട് കമ്മിറ്റിയിലേക്ക് അയച്ചു.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 നവംബർ 6-ാം തീയതി ബുധനാഴ്ച രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ 1.35-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly